ഏപ്രിൽ 2017

# ഐക്യദീപം

Since 1976 വില ₹ 10



# BODHANA FOOD PRODUCTS






നാവിൽ കൊതിയൂറുന്ന
രുചികരമായ
അച്ചാറുകൾ,
ഉപ്പേരികൾ,
മുറുക്കുകൾ മുതലായവ
ശുദ്ധമായ വെളിച്ചെണ്ണയിൽ
ഉത്തരവാദിത്വത്തോടുകൂടെ
തയ്യാറാക്കിയത്.

fssai
Food Safety and Standards Authority of India

അംഗീകാരമുള്ള
ഉല്പന്നങ്ങൾ
Reg. No.21317151000026

**Gramadeepam Ayalkoottam Special**

# ഐക്യദീപം

ഏപ്രിൽ 2017

പുസ്തകം 48 ലക്കം 4



രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ
കൂറിലോസ് മെത്രാപ്പോലീത്താ

സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ്
മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ


ചീഫ് എഡിറ്റർ
റവ. ഡോ. ഏബ്രഹാം ഇരുമ്പിനിക്കൽ

പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ
കോർ എപ്പിസ്ക്കോപ്പാ

മാർക്കറ്റിംഗ് മാനേജർ
രഞ്ജു ഇരവിപേരൂർ

ഓഫീസ് സ്റ്റാഫ്
എബിൻ തോമസ്


## ഉള്ളടക്കം





07


**ഈസ്റ്റർ നമ്മോട് പറയുന്നത്...**
റവ. ഡോ. ജോസ് മരിയദാസ് ഒ.ഐ.സി




**ഉയിർപ്പ്: യേശുവിന്റെ വിജയം നമ്മുടെ വിജയം**
റവ. ഡോ. ആന്റണി ചെത്തിപ്പുഴ
11



**ദൈവാന്വേഷണത്താൽ മുറിവേറ്റ കല**
റവ. ഡോ. ഏബ്രഹാം ഇരിമ്പിനിക്കൽ
15





**മരണത്തിൽനിന്ന് മരണമില്ലായ്മയിലേക്ക്**
19
റവ. ഫാ. എമ്മാനുവേൽ പാറേക്കാട്ട്

**ശരീരത്തിന്റെ ഉയിർപ്പ് മനുഷ്യസ്വാതന്ത്ര്യത്തിന്റെ സാധ്യതകൾ**
റവ. ഡോ. ജോസഫ് വാളംപറമ്പിൽ
22

25



**വേദനയുടെ ദൈവശാസ്ത്രം**
പ്രൊഫ. കവിയൂർ ശിവപ്രസാദ്



**നിഷ്കാസിതന്റെ ഈസ്റ്റർ**
സന്ദീപ് സലീം
29



ഫോട്ടോസ്
ഫാ. വർഗ്ഗീസ് ചാമക്കാലാ
രഞ്ജു ഇരവിപേരൂർ

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas: $40.00 or ₹ 2750

Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB

Printing at:
Dona Offset, Kottayam

Designed by :
Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com


All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Complex , Kacheripady, Tiruvalla-1. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com



# എഡിറ്റോറിയൽ
# editorial




**ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ

"I pray for that brother of ours who shot me, and whom I have sincerely pardoned. United with Christ, Priest and Victim, I offer my suffering for the Church and for the world. To you, Mary, I repeat: Totus tuus ego sum (I am entirely yours)"


- John Paul II

**1981,** മെയ് 13-ാം തീയതി ഫാത്തിമ മാതാവിന്റെ തിരുനാൾ ദിവസം സെന്റ് പീറ്റേഴ്സിൽ വച്ച് അലി അഗ്കയിൽ (Mehmet Ali Agea) നിന്നും വെടിയേറ്റ് ആശുപത്രിയിലായതിനു ശേഷം ജോൺ പോൾ രണ്ടാമൻ സംസാരിച്ചു തുടങ്ങിയത് മുകളിൽ രേഖപ്പെടുത്തിയ വാക്കുകളാണ്. സഹനത്തിന്റെ രക്ഷാകരമൂല്യം ജീവിതം കൊണ്ട് അനുഭവിച്ചറിഞ്ഞ വിശുദ്ധൻ. 'Salvifici Doloris' (1981 Feb 11, Salvific Suffering) എന്ന ജോൺ പോൾ രണ്ടാമന്റെ അപ്പസ്തോലിക ലേഖനം സഹനത്തിന്റെ രക്ഷാകര മൂല്യം അതിസുന്ദരമായി വിശദീകരിക്കുന്നു. ഈ ലക്കം ഐക്യദീപം ഈസ്റ്റർ പതിപ്പായി പുറത്തിറങ്ങുമ്പോൾ സഹനത്തിന്റെ മൂല്യം വിവിധ മേഖലകളിലൂടെ നോക്കി കാണുകയാണ്. മനുഷ്യസഹനങ്ങൾക്കെല്ലാം വലിയ അർത്ഥവും മൂല്യവും ഉദ്ദേശ്യവുമുണ്ട്. രോഗികളും പീഡിതരുമായ മനുഷ്യരോടുള്ള പക്ഷം പ്രഖ്യാപിക്കാൻ ഫെബ്രുവരി 11 'World Day of the Sick' ആയി പ്രഖ്യാപിച്ചതു ജോൺ പോൾ രണ്ടാമനാണ്. ജീവിതസഹനങ്ങളെ അർത്ഥപൂർണ്ണമായ ആഘോഷമാക്കിയ, അവയുടെ ദൈവശാസ്ത്ര ദർശനം എഴുത്തിലും ജീവിതത്തിലും പ്രകാശിതമാക്കിയ വ്യക്തി എന്നതാണ് ജോൺ പോൾ രണ്ടാമനെ ഇവിടെ പ്രസക്തനാക്കുന്നത്. അദ്ദേഹത്തിന്റെ 'Memory and Identity' എന്ന കൃതിയിൽ നിന്നുള്ള ഉദ്ധരണിയോടെ ഈ കുറിപ്പ് അവസാനിപ്പിക്കുന്നു. All human suffering, all pain, all infirmity contains within itself a promise of salvation, a promise of joy: "I am now rejoicing in my sufferings for your sake," writes Saint Paul (col. 1/24). Christ has redeemed the world: "By his wounds we are healed" (Is. 53:5).

എല്ലാ പ്രിയ വായനക്കാർക്കും ഉയിർപ്പ് തിരുനാളിന്റെ അനുഗ്രഹീതമായ ആശംസകൾ.

## ഇടയശബ്ദം

മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്



# വീണ്ടുവിചാരത്തിന്റെ ഉയിർപ്പ്

ക്രിസ്തുരഹസ്യത്തിന്റെ പരമപ്രധാനമായ കേന്ദ്രമാണ് നമ്മുടെ കർത്താവിന്റെ കുരിശു മരണവും ഉത്ഥാനവും. ദൈവപുത്രൻ മാനവകുലത്തിന്റെ പാപത്തിനുവേണ്ടി സ്വയം ബലിയായി അർപ്പിക്കുകയും മനുഷ്യന്റെ പാപങ്ങൾ പരിഹരിച്ചുകൊണ്ട് അവനെ പുതിയ ജീവനിലേയ്ക്കു പ്രവേശിപ്പിക്കുകയും ചെയ്തു. ദൈവപുത്രനായ യേശുക്രിസ്തുവിന്റെ ഈ മഹാത്യാഗത്തെ അംഗീകരിച്ച് പിതാവായ ദൈവം യേശുവിനെ ഉയിർപ്പിച്ചു. മരണത്തിന്റെ അധികാരം എന്നന്നേക്കുമായി ഇല്ലായ്മചെയ്തു. ഈ മഹാരഹസ്യങ്ങളിലേയ്ക്കാണ് വലിയ നോമ്പ് എത്തിനില്ക്കുന്നത്. ഇതിന്റെ നാനാർത്ഥങ്ങൾ തേടിയുള്ള ഒരു വിചിന്തനവും യാത്രയുമാണ് ഈ ലക്കം ഐക്യദീപം അനുവാചകർക്കു സമ്മാനിക്കുന്നത്.

ത്യാഗം, സഹനം, പരാജയം, വിട്ടുകൊടുക്കൽ തുടങ്ങിയ കാര്യങ്ങൾ ഇന്നു മനുഷ്യനുൾക്കൊള്ളാവുന്നതിലും അപ്പുറമാണ്. എല്ലായിടത്തും ഒന്നാമത്; എല്ലാത്തിലും വിജയം; എല്ലാത്തിലും സന്തോഷം; എല്ലാവരിൽ നിന്നും പ്രശംസ; എവിടെയും പൂമെത്ത; അല്ലലോ അലച്ചിലോ ഇല്ലാതെ സമൃദ്ധിയുടെ തികവിലെ ജീവിതം; വലിയ വീട്; വലിയ വാഹനങ്ങൾ; കൊതിയൂറുന്ന ഭക്ഷണങ്ങൾ; ലഹരി നുരയുന്ന പാനീയങ്ങൾ; ഉന്മാദം പകരുന്ന ബന്ധങ്ങൾ.... ഇവയൊക്കെയാണ് ഇന്ന് മനുഷ്യൻ കാംക്ഷിക്കുന്നതെന്ന് വലിയ ഹോംവർക്കില്ലാതെ പറയാൻ പറ്റും. ഇതിനുവേണ്ടിയാണ് മനുഷ്യൻ ഇന്ന് പരക്കം പായുന്നത്. അവൻ അറിയാതെ ഇന്ന് ഒരു സ്വപ്ന ലോകത്തി



ലേയ്ക്ക് വീണിരിക്കുകയാണ്. സമൂഹമാദ്ധ്യമങ്ങൾ, വിശിഷ്യ സീരിയലുകൾ ഈ കാര്യത്തിൽ ഗൗരവമായ പാതകമാണ് ചെയ്യുന്നത്. സാഹിത്യവിമർശകനായിരുന്ന പ്രൊഫ. എം. കൃഷ്ണൻ നായർ ഇതിനെ വിഡ്ഢിപ്പെട്ടി എന്നാണ് വിളിച്ചിരുന്നത്. നമ്മുടെ കുടുംബങ്ങളിലുള്ള ഇതിന്റെ സ്ഥാനം ഇന്ന് വെള്ളത്തെക്കാളും ശുദ്ധവായുവിനെക്കാളും ഭക്ഷണത്തെക്കാളും ഉപരിയാണ്. അമേരിക്കയിലെ സംവിധായകനായ , Woody Allen ന്റെ പ്രസ്താവന ശ്രദ്ധേയമാണ്: “In California, they do not throw their Garbage away; they make it into Television shows”. ഇന്ന് അറപ്പും വെറുപ്പും ഉണ്ടാക്കുന്നവയല്ലേ നമ്മുടെ സ്വീകരണമുറികളിലേയ്ക്കും സ്വകാര്യ മുറികളിലേയ്ക്കും കടന്നുവരുക? ഇന്നു പത്രമെടുത്താൽ നാം കാണുന്ന പ്രധാന വാർത്ത പീഡനമാണ്. മുൻപിൻ നോക്കാതെ ഇന്ന് ചെറുപ്പക്കാർ ഇഷ്ടമുള്ളതു ചെയ്യുകയാണ്. തികച്ചും മൃഗതുല്യമായ അവസ്ഥയിലേക്ക് മനുഷ്യൻ ഇന്ന് വീണുപോയിരിക്കുന്നു. ചെളിയിൽ ആണ്ടുപോയ കാല് ഊരി എടുക്കാൻ ശ്രമിക്കുമ്പോൾ മറ്റേ കാൽകൂടി അതിൽ പൂണ്ടുപോകുന്ന അവസ്ഥ! കേരളത്തിന് എന്തു സംഭവിച്ചു എന്ന് പരക്കെ ചോദ്യം ഉയരുന്നു. കുട്ടികൾക്കു “ ശിക്ഷണം” നൽകാൻ അധികാരികളും മാതാപിതാക്കളും വൈമനസ്യം കാണിക്കുന്നു.

ഡിസിപ്ലിനറി ആക്ഷൻ എടുത്താൽ അതിനെ വക്രീകരിച്ച് പീഡനശ്രമമാക്കുന്നു. സഹപാഠിയെ ഒരു കുട്ടി ഏതുതരത്തിലെങ്കിലും ഉപദ്രവിക്കുകയോ ശല്യം ചെയ്യുകയോ ഏതെങ്കിലും നശീകരണ പ്രവൃത്തികൾ ചെയ്യുകയോ ചെയ്താൽ മറ്റുള്ളവർ സഹിക്കുക എന്നതാണ് ഇന്നിന്റെ പ്രവണത. അവനെ തിരുത്തുന്നതിനോ ശിക്ഷണം നൽകുന്നതിനോ സാദ്ധ്യതകൾ മങ്ങുന്നു. ഇങ്ങനെയുള്ളവർ തുടർന്ന് കയറൂരിവിടപ്പെട്ട കാളക്കൂറ്റന്മാരെപ്പോലെ പിൽക്കാലത്ത്, കുട്ടികളെയും സ്ത്രീകളെയും എന്തിനേറെ വൃദ്ധകളെപ്പോലും അപമാനിക്കുന്നവരും പീഡിപ്പിക്കുന്നവരുമായാൽ അത്ഭുതപ്പെടേണ്ടതില്ല.


സുഭാഷിതങ്ങൾ 13:24 ൽ പറയുന്നു: " മകനെ ശിക്ഷകൂടാതെ വളർത്തുന്നവൻ മകനെ വെറുക്കുന്നു: വടിയെ സ്നേഹിക്കുന്നവൻ മകനെ ദ്വേഷിക്കുന്നു". മൃഗീയമായ ശിക്ഷ നല്കണമെന്നല്ല പറയുന്നത്. മറിച്ച് കുട്ടികൾക്കു ബോദ്ധ്യം നല്കുന്ന തരത്തിലുള്ള ശിക്ഷണശൈലികൾ ഉണ്ടാവണം എന്നാണ്. എന്തിനെയും വിവാദമാക്കുന്ന മാദ്ധ്യമങ്ങൾ ഓരോ സന്ധ്യയിലും ഓരോ കഥകളുമായി നമ്മുടെ സ്വീകരണമുറിയിൽ എത്തുന്നു. ശ്രോതാക്കളെ ലഭിക്കാനുള്ള തത്രപ്പാടിൽ മൂല്യങ്ങൾ ഉപേക്ഷിക്കുകയും ഏത് അധാർമ്മികമായ ശിക്ഷാനടപടിയും സ്വീകരിക്കുന്ന പ്രവണതയും മൂലം നമ്മുടെ സമൂഹത്തിന് ഏൽക്കുന്ന ആഘാതം ദൂരവ്യാപകമാണ്. നമ്മുടെ കുരുന്നുകൾക്കും യുവതലമുറയ്ക്കും മൂല്യബോധം നൽകുവാനുപകരിക്കുന്നവയായിരിക്കണം മാദ്ധ്യമവിചാരങ്ങളും വിചാരണകളും.

ജെറി മാൻഡർ 1978 ൽ " Four Arguments for the Elimination of Television", നിൽ എഴുതി : " യഥാർത്ഥജീവിതാനുഭവങ്ങളിൽനിന്ന് ടെലിവിഷൻ പ്രേക്ഷകരെ അകറ്റുകയും കൃത്രിമജീവിതം സൃഷ്ടിക്കുകയും ചെയ്യുന്നു; ടെലിവിഷൻ പ്രേക്ഷകന്റെ മനസ്സിനെ തളർത്തുകയും മാന്ത്രികവലയത്തിലാക്കുകയും രോഗികളാക്കുകയും ചെയ്യുന്നു. ടെലിവിഷൻ ഒറ്റപ്പെട്ട സംഭവങ്ങളെ സാമാന്യവൽക്കരിച്ച് തെറ്റിദ്ധാരണ സൃഷ്ടിക്കുന്നു. അതോടൊപ്പം നമ്മുടെ ജീവിതം താളംതെറ്റിക്കുന്ന അനേകം പ്രോഗ്രാമുകൾ സൃഷ്ടിക്കുന്നു." പല രീതിയിലുള്ള വസ്ത്രധാരണം, ദാമ്പത്യവിശ്വസ്തതയെ ഹനിക്കുന്ന പല പരിപാടികൾ, അനേകരുടെ സ്വകാര്യതയെയും കുടുംബങ്ങളെയും ഇല്ലായ്മചെയ്തുകൊണ്ടുള്ള വിമർശനങ്ങളും വിലയിരുത്തലുകളും. ഇവകൊണ്ട് എന്തു പ്രയോജനം. പരിണതഫലമായി എത്ര എത്ര ആത്മഹത്യകൾ! നിരാലംബരാക്കപ്പെടുന്ന എത്ര കുടുംബങ്ങൾ! അനാഥരാക്കപ്പെടുന്ന എത്ര കുഞ്ഞുങ്ങൾ! കേൾവിക്കാർക്കും കാഴ്ച്ചക്കാർക്കും വെറുമൊരു കൗതുകം മാത്രം. എന്നാൽ പിടഞ്ഞുവീണുമരിക്കുന്ന എത്രയെത്ര ജീവിതങ്ങൾ! ഈ മണ്ണിനു താങ്ങാവുന്നതിലധികം ഭാരമല്ലേ ഇവ കെട്ടിയേൽപ്പിക്കുന്നത് ? "നിങ്ങളിൽ പാപമില്ലാത്തവർ കല്ലെറിയട്ടെ" എന്ന ഗുരുനിർദ്ദേശം ഇന്നായിരുന്നുവെങ്കിൽ ഞെളിഞ്ഞുനിന്ന് കല്ലെറിയുമായിരുന്നു എന്നു തന്നെ കണക്കാക്കണം. പാപബോധവും ഇത് തെറ്റാണ് എന്ന ചിന്തയും അന്യമാകുമ്പോൾ പിന്നെ മാനദണ്ഡമാകുന്നത് സൗകര്യം മാത്രമാണ്. ഷേക്സ്പിയറിന്റെ 'മാക്ബത്ത്' നമ്മെ ഓർമ്മപ്പെടുത്തുന്നു: എത്ര വിലയേറിയ സുഗന്ധതൈലം പുരട്ടിയാലും രക്തക്കറയുടെ രൂക്ഷമായ ഗന്ധം ഒഴിഞ്ഞുപോകുന്നില്ല എന്ന്. ഇത് മനഃസാക്ഷിയുടെ ഒരിക്കലും വിട്ടുമാറാത്ത രോദനമാണ്.

പ്രിയരേ, ഇത്രയും വിശദമായി ഈ വിഷയത്തെപ്പറ്റി പറഞ്ഞത് പീഡാനുഭവത്തെപ്പറ്റിയും ഉയിർപ്പിനെപ്പറ്റിയും ഓർത്തപ്പോഴാണ്. യേശുനാഥൻ കുറ്റക്കാരനായി വിധിക്കപ്പെട്ടതും ദാരുണമായി പീഡിപ്പിക്കപ്പെട്ടതും അറുംകൊലചെയ്യപ്പെട്ടതും അന്യായമായിട്ടായിരുന്നു. ഭൂരിപക്ഷത്തിന്റെ ആർത്തുവിളി പീലാത്തോസിനെ ഭയപ്പെടുത്തി. സീസറിന്റെ സ്നേഹിതനല്ല എന്ന് തെറ്റിദ്ധരിക്കപ്പെടുമോ എന്ന് അവൻ ഭയന്നു. പിന്നെ അവന് എല്ലാം എളുപ്പമായി. ഈ നീതിമാന്റെ രക്തത്തിൽ പങ്കില്ല എന്നു കൈകഴുകിയാൽ തീരുമോ തന്റെ ഉത്തരവാദിത്വം? വിശ്വാസികൾ എന്ന നിലയിൽ നമുക്ക് വലിയ ഉത്തരവാദിത്വമാണ് ഈ കാലഘട്ടത്തിലുള്ളത്. ദൈവം നമ്മുടെ നാവിനെ പ്രത്യേകം ശ്രദ്ധയോടെയാണ് സൃഷ്ടിച്ചത്. അപകടകാരിയായതുകൊണ്ടുതന്നെ മോണകൊണ്ട് മതിലുകെട്ടി, പല്ലുകൊണ്ട് വേലികെട്ടി, ചുണ്ടുകൊണ്ട് ഈ അവയവത്തിന് താഴിട്ടിരിക്കുന്നു. നാം വിചിന്തനം ചെയ്യുമോ നമ്മുടെ അശ്രദ്ധമായ സംസാരം എത്ര മനുഷ്യരെ ദുഃഖത്തിലാഴ്ത്തി എന്ന് ? എത്ര പേരുടെ സ്വൈര്യം കെടുത്തിയെന്ന് ? എണ്ണിയാൽ തീരാത്ത അപരാധങ്ങൾ എത്ര മനുഷ്യരുടെ മേൽ ചൊരിഞ്ഞു എന്ന്? എണ്ണമറ്റ കുരിശുകൾ അവർക്ക് സമ്മാനിച്ചു എന്ന്?

നമുക്കൊരു തിരിച്ചുനടത്തം വേണം. എന്റെ സഹോദരൻ വേദനിക്കുവാൻ ഞാൻ അനുവദിക്കില്ല എന്ന് തീരുമാനിക്കാം. ഈ ഹാശായുടെ ദിനങ്ങൾ പുതിയ തീരുമാനങ്ങളുടെ ദിവസങ്ങളാകട്ടെ എന്നും മനഃസമാധാനത്തോടെ അന്തിയുറങ്ങാൻ കഴിയുന്നത്ര ഋജുവായി ജീവിക്കുക. ആവശ്യമില്ലാത്ത ഒരു ഭാരവും പൊയ്മുഖവും അണിയാതിരിക്കുക. ദൈവം തന്ന ജീവിതം ആസ്വദിക്കുക. ദൈവത്തെ എല്ലാറ്റിലും മഹത്വപ്പെടുത്തുക.

ഈസ്റ്റർ ആശംസകൾ ഏവർക്കും നേരുന്നു.




# ഈസ്റ്റർ നമ്മോട് പറയുന്നത്...



റവ. ഡോ. ജോസ്
മരിയദാസ് ഒ.ഐ.സി

പ്രതീക്ഷകൾ അസ്തമിക്കുന്നിടം മരണം; സാദ്ധ്യതകൾ ഇല്ലാതാകുന്നിടം കബറിടം; എന്നാൽ ഉയിർപ്പു ഞായറാഴ്ച പ്രതീക്ഷകൾക്കും, സാദ്ധ്യതകൾക്കും പുനഃജീവിതം നല്കിയ ദിവസമായി മാറുന്നു. യേശുവിന്റെ ഉയിർപ്പോടെ മരണത്തിന് പുതിയ അർത്ഥം കൈവരുന്നു. മരണവും, കബറും ഇനിയും പ്രതീക്ഷകളുടെയും, സാദ്ധ്യതകളുടെയും പൂർണ്ണവിരാമമല്ല. മരണത്തിനപ്പുറത്തേക്കും,ശവക്കല്ലറകൾക്കപ്പുറത്തേക്കും ജീവിതരഹസ്യത്തിന്റെ ശുഭപ്രതീക്ഷകളുടെയും, അനന്തസാദ്ധ്യതകളുടെയും നീൾക്കാഴ്ച നല്കി അനുഗ്രഹിക്കുകയാണ് തന്റെ പുനരുത്ഥാനത്തിലൂടെ യേശു ചെയ്യുന്നത്.

"മരണം-അവസാന വാക്ക്", "മനുഷ്യജീവിതം-നശ്വരം" എന്ന സങ്കല്പങ്ങൾ യേശുവിന്റെ പുനരുത്ഥാനത്തിലൂടെ പുതിയ മാനവും, അർത്ഥവും കൈവരിക്കുന്നു. യേശു തന്റെ മരണംകൊണ്ടും, പുനരുത്ഥാനംകൊണ്ടും മരണത്തിനപ്പുറത്തേക്ക് നീളുന്ന യഥാർത്ഥ ജീവിതത്തിലേക്ക് പ്രതീക്ഷയോടും, വിശ്വാസത്തോടും കൂടെ നോക്കുവാൻ നമ്മളെ പഠിപ്പിക്കുന്നു.

എന്നാൽ മനുഷ്യജീവിതത്തിന്റെ ദൈനംദിന വ്യാപാരങ്ങളിൽ ഇതെന്തു മാറ്റമാണ് ഉണ്ടാക്കുക. മനുഷ്യജീവിതത്തിലെ സഹനങ്ങൾ, രോഗങ്ങൾ, കണ്ണുനീർ, അനീതി, ഒറ്റുകൊടുക്കലുകൾ, എല്ലാം പ്രതീക്ഷകളെ ഇന്നും തല്ലിക്കെടുത്തുകയല്ലേ? യേശുവിന്റെ ഉത്ഥാനം എന്തു മാറ്റം വരുത്തുന്നു.

സഹനങ്ങളും, നാം കടന്നുപോകുന്ന ജീവിതത്തിലെ എല്ലാ ദുഃഖങ്ങളും ജിവിതത്തെ സംബന്ധിച്ച അവസാന വാക്കല്ല എന്ന സത്യം വെളിപ്പെടുത്തുകയാണ് യേശു തന്റെ ഉത്ഥാനത്തിലൂടെ ചെയ്യുന്നത്.

മനുഷ്യജീവിതത്തിൽ ഒരുവന് സഹിക്കാവുന്ന എല്ലാ ദുഃഖങ്ങളും യേശു സ്വയം ഏറ്റെടുക്കുന്നു. കൂട്ടുകാരുടെ തള്ളിപ്പറയൽ, ഒറ്റുകൊടുക്കൽ, പ്രതിസന്ധിഘട്ടങ്ങളിലെ ഒറ്റപ്പെടൽ, ഏകാന്തത, നീതിനിഷേധം, അപമാനം, പീഡിപ്പിക്കൽ, സഹനം, എല്ലാറ്റിനും ഒടുവിൽ ശപിക്കപ്പെട്ടവന്റെ അവകാശമായ കുരിശുമരണം (നിയമാവർത്തനം 21:23). ഇതെല്ലാം യേശു അതിന്റെ പാരമ്യതയിൽ അനുഭവിച്ചു; നിരാശയുടെ അടിത്തട്ടുവരെ ചെന്നെത്തി. ആ വേദന ഗദ്സമേനി

യുടെ മണ്ണിനെ രക്ത-സ്വേദകണങ്ങളായി നനച്ചു (ലൂക്ക. 22:44). "നിനക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം പിതാവെ..." (മത്താ. 26:39, ലൂക്ക. 22:42, മർക്കോ. 14:36) എന്നുള്ള നിലവിളിയിൽ അവന്റെ ചങ്കുടയുന്ന വേദന നാം അറിയുന്നു. ആ വേദനയുടെ ആഴങ്ങൾ "എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്തുകൊണ്ട് എന്നെ ഉപേക്ഷിച്ചു" (മത്താ. 27:46) എന്ന യേശുവിന്റെ കുരിശിലെ പിടച്ചിലിൽ നാം കാണുന്നുണ്ട്.

ന്യായവിസ്താരസമയത്ത് ന്യായാധിപനായ പീലാത്തോസ്, മൂന്ന് പ്രാവശ്യം:


"അവനിൽ ഒരു കുറ്റവും ഞാൻ കാണുന്നില്ല" (യോഹ. 18:38)

"നോക്കുക, ഒരു കുറ്റവും ഞാൻ അവനിൽ കാണുന്നില്ല" (യോഹ. 19:4)

"എന്തെന്നാൽ ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല" (യോഹ. 19:6)

എന്ന് മൂന്ന് പ്രാവശ്യം യേശുവിന്റെ നിരപരാധിത്വത്തിന് സാക്ഷ്യം വഹിച്ചശേഷം കൊടുംകുറ്റവാളിയെപ്പോലെ യേശുവിനെ കുരിശുമരണത്തിനായി ഏല്പിച്ചുകൊടുക്കുമ്പോൾ ചരിത്രത്തിലെ തന്നെ ഏറ്റവും വിചിത്രവും, ക്രൂരവുമായ നീതിനിഷേധമാണ് സംഭവിച്ചത്. നീതിപീഠം അനീതിയുടെ പക്ഷത്തേക്ക് ചായുകയും, മതം "ഞങ്ങൾക്കൊരു നിയമം ഉണ്ട്. ആ നിയമം അനുസരിച്ച് അവൻ മരിക്കണം" (യോഹ. 19:7) എന്ന് വിധിച്ചുകൊണ്ടും, സ്വന്തം സ്വത്വത്തെത്തന്നെ മലിനപ്പെടുത്തുകയും ചെയ്തുകൊണ്ടും, പ്രതീക്ഷയുടെ അവസാനത്തെ തിരിനാളവും കെടുത്തിക്കളയുകയും ചെയ്യുന്നു. അങ്ങനെ യേശു ഈ ലോകത്തിലെ ഏറ്റവും വലിയ നീതിനിഷേധം ഏറ്റുവാങ്ങിക്കൊണ്ട്, ലോകത്തിലെ അടിച്ചമർത്തപ്പെട്ടവരുടെയെല്ലാം പ്രതിനിധിയായി പരിണമിക്കുന്നു.

ഒടുവിൽ പ്രതീക്ഷകളെല്ലാം




അസ്തമിക്കുന്ന മരണവും, കബറിടവും ആ സഹനങ്ങൾക്ക് വിരാമം കുറിക്കുന്നു. എന്നാൽ ഈസ്റ്റർ പുലരി അതിനെയെല്ലാം മാറ്റി മറിക്കുന്നു. അതാണ് സു-വിശേഷം-നല്ല വാർത്ത. യേശു മരണത്തെ അതിജീവിക്കുന്നു എന്ന സദ്വാർത്ത. ഈ ലോകത്തിൽ കഠിനയാതന അനുഭവിക്കുന്നവർ, കൊടിയ നീതിനിഷേധം അനുഭവിക്കുന്നവർ, നിരപരാധികളെങ്കിലും ജയിലിൽ അടയ്ക്കപ്പെട്ടവർ, ഒറ്റുകൊടുക്കപ്പെട്ടവർ, എത്ര വേണമെങ്കിലും ഉണ്ട്. അവരൊക്കെ ജീവിതത്തിൽ എല്ലാ സാദ്ധ്യതകളും അസ്തമിച്ചു എന്നു വിശ്വസിക്കുവാൻ നിർബന്ധിതരുമാണ്. എന്നാൽ "അത്ഭുതങ്ങൾ അവസാനിച്ചിട്ടില്ല" എന്ന ശുഭവാക്യം പേറുന്ന ഈസ്റ്റർ പുലരി അവർക്ക് വീണ്ടും പിടിച്ചു നില്ക്കുവാനുള്ള ഊർജ്ജം പകരുന്നു. ഈസ്റ്റർ അനുഭവം ആണ് മനുഷ്യ ചരിത്രത്തിന്റെ നിയോഗത്തെ മാറ്റിമറിച്ച, പുതിയ ആകാശവും, പുതിയ ഭൂമിയും സൃഷ്ടിച്ച ആത്മീയ അനുഭവം.

ഈസ്റ്റർ പുലരിയിലേക്ക് നോക്കുക. യേശുവിനെ സ്നേഹിച്ചവർ അവരുടെ പ്രിയപ്പെട്ട നാഥന്റെ കബറിലേക്ക്, പ്രതീക്ഷകൾ ഒട്ടുമേ ഇല്ലാതിരുന്നിട്ടും, ഓടിച്ചെല്ലുകയാണ്, (മത്തായി 28:1, മർക്കോസ് 16:1-2, ലൂക്ക 24:1, യോഹ 20:1-3). അഴുകിത്തുടങ്ങിയ ശരീരത്തിന്റെ അസുഖകരമായ അനുഭവമോ, കല്ലറവാതില്ക്കലെ വലിയ കല്ലോ ഒന്നും അവരെ പിന്തിരിപ്പിക്കുന്നില്ല. കാരണം എന്ത് എന്ന ചോദ്യത്തിനുത്തരം, "സ്നേഹം" എന്ന ഒറ്റവാക്കിൽ ലളിതമായും, സമഗ്രമായും ഒതുക്കാം. നമുക്ക് ഈസ്റ്റർ പുലരി നല്കുന്ന ആത്മീയ ദൗത്യം ഇതാണ്.

നാമും പലപ്പോഴും ജീവിതത്തിൽ ചില കുഴിച്ചുമൂടലുകൾ നടത്തിയിട്ടുണ്ട്. വലിയ കല്ലുകൾ ഉരുട്ടിവച്ച് പൂർണ്ണവിരാമം ഇട്ടുപോന്ന കല്ലറകൾ; കഴിഞ്ഞ കാലത്തെ ചില സ്നേഹങ്ങളുടെ

കബറിടങ്ങളാണവ. സ്നേഹിച്ചു വളർത്തിയ മാതാപിതാക്കളെ ഓർക്കു... അവരുടെ സ്നേഹത്തെ മറക്കയും, നിഷേധിക്കയും ചെയ്ത് എല്ലാം അവസാനിപ്പിച്ച എത്രയോ പേർ... അവർ അറിയണം ഉത്ഥാനം പ്രതീക്ഷിക്കുന്ന സ്നേഹത്തിന്റെ ഒരു കബറിടമാണ് അവർ പിന്നിൽ വിട്ടുപോകുന്നത് എന്നത്.

ദുരഭിമാനവും, ദേഷ്യവും തിളച്ചു പൊന്തിയപ്പോൾ കൂടപ്പിറപ്പുകളുമായുള്ള ബന്ധം അവസാനിപ്പിച്ചവരുമുണ്ട്; അവരുടെ പിന്നിൽ സാഹോദര്യം കല്ലറയ്ക്കുള്ളിൽ തണുപ്പേറ്റു കിടക്കുന്നു... കഴിഞ്ഞ കാലത്ത് വലിയ നന്മകൾ ചെയ്തു തന്നവർ, സ്നേഹം പ്രതിഫലം ഇച്ഛിക്കാതെ വിളമ്പിത്തന്നവർ, എല്ലാം പിടിച്ചടക്കുവാനുള്ള ദുരമൂത്തപ്പോൾ നന്ദികേടിന്റെ വലിയ കല്ലു ഉരുട്ടി വച്ചിട്ട് നടന്നുപോയവർ എത്രയോ ഉണ്ട്... ആത്മസുഹൃത്തുക്കളെ, ജീവിതത്തിന്റെ തിരക്കുകളിൽ പെട്ട് മുമ്പോട്ട് പോയപ്പോൾ കൈമോശം വന്നു പോയവർ...

ഈ ഈസ്റ്റർ ദിനങ്ങളിൽ നമുക്ക് ആ കബറിടങ്ങളിലേയ്ക്ക് മടങ്ങിപ്പോകേണ്ടതുണ്ട്. സ്വന്തം സുഖം മാത്രം നാം അന്വേഷിച്ചപ്പോൾ നാം നീതിയും, സ്നേഹവും നിഷേധിച്ചവരുടെ സ്നേഹത്തിന്റെ കുഴിമാടങ്ങൾ ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിൽ എത്ര വേണമെങ്കിലും കാണും. ഈ ഈസ്റ്റർ പുലരിയിൽ അവിടങ്ങളിലേക്കൊക്കെ ഒന്ന് ഓടിച്ചെല്ലുവാൻ കഴിഞ്ഞിരുന്നെങ്കിൽ... ആ വലിയ കല്ലുകൾ നാം ഉരുട്ടിമാറ്റണം... ഉയിർത്തെഴുന്നേല്പിക്കണം, മരവിച്ചുപോയ സ്നേഹത്തിന്റെ, സൗഹൃദത്തിന്റെ, ആത്മബന്ധങ്ങളുടെ ആ ജീവിതങ്ങളെ... അവരോടൊപ്പം ഇരുന്ന് നുകരുന്ന ഒരു കപ്പ് ചൂട് ചായയ്ക്കുപോലും സ്വർഗ്ഗരാജ്യത്തിന്റെ വിരുന്നിന്റെയത്രയും മഹത്വമുണ്ടാകും.

ചിലരാകട്ടെ സ്വന്തം ജീവിതത്തോടും, ഭാവിയോടും ഉള്ള സ്നേഹവും, പ്രതീക്ഷകളുമാണ് കുഴിച്ചുമൂടിയിരിക്കുന്നത്. സ്വന്തം സ്നേഹത്തെ ഈ കല്ലറകൾക്കുള്ളിൽ നിന്നും ഉയിർപ്പിക്കാൻ നമുക്കാവണം. എന്തുകൊണ്ടാണ് ഉയിർപ്പ് ഒരു കെട്ടുകഥയല്ല എന്ന് പറയുന്നത്? കാരണം "സ്നേഹം ഒരിക്കലും മരിക്കുന്നില്ല. അത് നിത്യം ജീവിക്കുന്നു. സ്നേഹത്തിന് മരിക്കാനാവില്ലല്ലോ."

ഉയിർപ്പുദിവസം രാവിലെ മഗ്ദലേന മറിയവും, യാക്കോബിന്റെ അമ്മയായ മറിയവും, സലോമിയും, പത്രോസും, യോഹന്നാനും, മറ്റ് ശിഷ്യന്മാരും എല്ലാം കല്ലറയിങ്കലേക്ക് നെട്ടോട്ടമാണ്. എന്നാൽ അവരോടൊപ്പമോ, അവരുടെ മുമ്പിൽ ത്തന്നെയോ ഓടി എത്തേണ്ട ഒരാളുണ്ട്. എന്നാൽ ആ വ്യക്തി ഇപ്പോൾ തന്റെ അസാന്നിദ്ധ്യം കൊണ്ടാണ് ശ്രദ്ധിക്കപ്പെടുന്നത്. യേശുവിന്റെ അമ്മയായ മറിയം. മകന്റെ ഉത്ഥാനവാർത്ത കേട്ട് ആദ്യം കല്ലറയിങ്കലേക്ക് ഓടേണ്ടിയിരുന്നത് മറിയം ആയിരുന്നില്ലേ? അവൾ ഈസ്റ്റർ പുലരിയിൽ എവിടെയാണ്? മകന്റെ ജീവിതത്തിലെ നിർണ്ണായക ഘട്ടങ്ങളിലെല്ലാം അനുഗ്രഹീത സാന്നിദ്ധ്യമായിരുന്നവൾ എവിടെ? യേശുവിന്റെ ജനനത്തിൽ, ഈജിപ്തിലേയ്ക്കുള്ള പലായനത്തിൽ, ദേവാലയത്തിൽ കാഴ്ചവയ്ക്കുമ്പോൾ, കാനായിൽ ആദ്യ അത്ഭുതം നടന്നപ്പോൾ, കാൽവരിയിലേയ്ക്കുള്ള വഴിയിൽ, കുരിശിൻ ചുവട്ടിൽ, പിന്നീട് ശിഷ്യസമൂഹ മദ്ധ്യത്തിൽ, പ. ആത്മാവിന്റെ ആഗമനവേളയിൽ... എല്ലാം അവളുണ്ടായിരുന്നു. എന്നിട്ടും ഈസ്റ്റർ പുലരിയിൽ ആ അമ്മ എന്തേ ഓടി എത്താഞ്ഞു...

കാരണം ലളിതമാണ്. ഒരമ്മയ്ക്കും മക്കൾ മരിക്കുന്നില്ലല്ലോ. അതുകൊണ്ട് യേശുവിന്റെ അമ്മയ്ക്കും മകനെത്തേടി എങ്ങോട്ടും ഓടേണ്ടതില്ല. അമ്മമാരുടെ ഹൃദയത്തിൽ മക്കൾ എന്നും ജീവിക്കുന്നു. മക്കളോടുള്ള സ്നേഹം മരിക്കാത്ത ഈസ്റ്റർ ദിനങ്ങളാണ് അമ്മമാരുടെ സ്നേഹം ചുരത്തുന്ന നെഞ്ചു നിറയെ... ഒരമ്മയ്ക്കും മക്കളെ സ്നേഹിക്കാനല്ലാതെ വെറുക്കാനാവുമോ... സ്നേഹം മരിച്ചു പോകുന്നിടങ്ങളിൽ, സ്നേഹം നിഷേധിക്കയും, മറന്നു പോവുകയും ചെയ്യുന്നിടങ്ങളിൽ പിന്നെയുള്ളത് കല്ലറകളാണ്... മരണത്തിന്റെ തണുപ്പുറങ്ങുന്ന ശവക്കല്ലറകൾ... ഈ ഈസ്റ്റർ സുദിനം നമ്മെ ആഹ്വാനം ചെയ്യുന്നത് ആ കല്ലറകളിലേക്ക് മടങ്ങുവാനാണ്...

ചിലപ്പോൾ ആ കല്ലറക്കുള്ളിൽ മയങ്ങുന്നത് നാം ഒരിക്കൽ ജീവനോടെ കുഴിച്ചുമൂടിയ ചില നൊമ്പരങ്ങളാവാം... നാം ഭയപ്പെടുന്ന, ചില സ്വകാര്യ നൊമ്പരങ്ങൾ... നമ്മുടെ ജീവിതവും, വിശ്വാസങ്ങളും പിച്ചിച്ചീന്തപ്പെട്ട അനുഭവങ്ങൾ... എത്ര ശ്രമിച്ചിട്ടും - ക്ഷമിക്കുവാനാകാതെ അവ നെഞ്ചിനുള്ളിൽ കിടന്ന് വീർപ്പ് മുട്ടുന്നു... കുരിശിൽ കിടന്ന് തന്റെ പീഡകർക്ക് വേണ്ടി പിതാവിനോട് ക്ഷമയിരന്ന് പ്രാർത്ഥിച്ച ഉത്ഥിതന്റെ പേരിൽ നമുക്ക് ക്ഷമിക്കാം... ആ കല്ലറകളിൽ നിന്ന് ക്ഷമയുടെ പനിനീർത്തുള്ളി സ്വീകരിച്ച് നമ്മുടെ നൊമ്പരങ്ങൾ... സന്തോഷശലഭങ്ങളായി ഉയർന്ന് പാറട്ടെ...

ഈസ്റ്റർ ദിനം നമ്മെ ആഹ്വാനം ചെയ്യുന്നത് ഈ ഉത്ഥാനത്തിലേക്കാണ്... സ്നേഹത്തിന്റെ, ക്ഷമയുടെ, പ്രതീക്ഷയുടെ പുനർ ജീവിതത്തിലേക്ക്... നഷ്ടസ്നേഹങ്ങൾക്ക് ഒരു ഉയിർപ്പ് നല്കാൻ ഒരിക്കൽകൂടി ഒരു ഈസ്റ്റർ നമ്മെ ക്ഷണിക്കുന്നു... നാം തന്നെ പണ്ടെങ്ങോ പ്രതിഷ്ഠിച്ച നിരാശയുടെ കല്ലുകൾ ഉരുട്ടിമാറ്റുവാൻ... സ്നേഹത്തിന്റെ ചൂട് പകരുവാൻ... സ്നേഹം മരിച്ചുറങ്ങുന്ന കല്ലറകളിൽ പ്രതീക്ഷയുടെ, സ്നേഹത്തിന്റെ, ചില്ലകൾക്ക് വസന്തം നല്കുവാൻ നമ്മെ ക്ഷണിക്കുന്ന ഉത്ഥിതന്റെ നാമത്തിൽ എല്ലാവർക്കും ആശംസിക്കുന്നു "ഹാപ്പി ഈസ്റ്റർ."

# പുനരുത്ഥാനപ്രത്യാശ

**സ്വരാജ് പോൾ**

നിത്യനായ പിതാവിന്റെ ജഡാവതാരം.
അവൻ ആരായിരുന്നു?
കരുണാമയനായ പിതാവിന്റെ
മനുഷ്യസ്നേഹത്തിന്റെ മൂർത്തിമദ് ഭാവം.
നിത്യകന്യകയുടെ ഹൃദയത്തുടിപ്പ്
മറിയയുടെ റബ്ബൂനി
ആശയറ്റവന്റെ ഹൃദയാഭിലാഷം
ശിഷ്യവൃന്ദത്തിന്റെ നടുവിലെ കേന്ദ്രബിന്ദു
എത്ര എത്ര ഭാവങ്ങൾ
വാക്കുകൾക്കും അക്ഷരങ്ങൾക്കും മലിനമാക്കാൻ കഴിയാത്ത
വിശുദ്ധിയുടെ നിത്യയൗവ്വനം
ഉയരങ്ങളിൽനിന്നും താണിറങ്ങിവന്ന ഈ
മനുഷ്യപുത്രനാണ്
എല്ലാവിധ പാപസ്വഭാവങ്ങളും വെറുക്കപ്പെടേണ്ടവയും
ആട്ടിയോടിക്കപ്പെടേണ്ടവയും
ആണെന്ന് നമ്മോട് അരുൾ ചെയ്തത്.
എന്തിന്?
ക്രിസ്തുവിൻ കഷ്ടങ്ങളിൽ പങ്കാളിയാകുവാൻ
യേശുവിൻ മരണത്തോട് ഏകീഭവിക്കുവാൻ
ക്രിസ്തുവിൻ ഉയിർപ്പിൻ ശക്തി നാം ധരിക്കുവാൻ
ഈ സ്നേഹസ്വരൂപൻ എൻ ആത്മസ്നേഹിതൻ
ഒരിക്കലും ഒരിക്കലും യേശു കൈവിടുകയില്ല നമ്മെ,
ഭയപ്പെടാതെ ക്രിസ്തു കൂടെ ഉള്ളതാൽ
തീയിൽക്കൂടെ നടന്നാൽ നാം വെന്തുപോകുമോ?
പെരുവെള്ളത്തിന് നമ്മെ മുക്കാൻ കഴിയുമോ?
ഉയിർപ്പിൻ ജീവനാൽ നിത്യജീവൻ നല്കും
യേശുവിൻ കൂടെ നാം നിത്യവാസം ചെയ്യും
എൻ പ്രിയൻ പാർപ്പിടം മനോഹരഹർമ്യം
മുത്തുകളാൽ നിർമ്മിതമാം പന്ത്രണ്ടുഗോപുരം
കണ്ട് ആനന്ദിച്ചീടാം, നിത്യമായ് വാണീടാം
എൻ ആത്മാവ് വാഞ്ഛിക്കുന്നേ
ഞാൻ എന്ന് അങ്ങ് ചെന്നുചേരുമോ?
വിശുദ്ധരിൻ ശോഭനമാം അവകാശമാം ശാലേം
വാഞ്ഛിക്കാം, പ്രാപിക്കാം, പ്രിയരെ




# ഉയിർപ്പ്
## യേശുവിന്റെ വിജയം നമ്മുടെ വിജയം



റവ. ഡോ. ആന്റണി ചെത്തിപ്പുഴ

**2017** ഏപ്രിൽ 16. ലോക രക്ഷകനായ യേശുക്രിസ്തുവിന്റെ ഉയിർപ്പു തിരുന്നാൾ ലോകം മുഴുവൻ ആഘോഷിക്കുന്ന സുന്ദരസുദിനം. ഇംഗ്ലീഷിൽ 'Easter' എന്ന പദമാണല്ലോ ഉയിർപ്പിനെ സൂചിപ്പിക്കുന്നത്. 'Easter' എന്ന പദത്തിന്റെ ആവിർഭാവം വസന്തത്തിന്റെയും (spring) ഫലപുഷ്ടിയുടെയും (fertility) ദേവതയായിരുന്ന 'Eostre'യുമായി ബന്ധപ്പെട്ടിരിക്കുന്നു. ശീതകാലം മരവിപ്പിന്റെയും മന്ദതയുടെയും കാലമാണെങ്കിൽ വസന്തകാലം ഉണർവിന്റെയും ഉന്മേഷത്തിന്റെയും കാലമാണ്. യേശുവിന്റെ ഉയിർപ്പ് ശീതകാലത്തിൽ നിന്നും വസന്തകാലത്തിലേക്ക് പ്രവേശിക്കുന്ന സമയത്താണ് ആഘോഷിക്കുക. ഇതു വളരെ പ്രതീകാത്മകമാണ്. പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും കടന്നുപോയ യേശു സ്ഥലകാല പരിമിതികളെ അതിജീവിച്ച് മഹത്വപൂർണ്ണനായി ഉത്ഥാനം ചെയ്തു. ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നതെന്തിന് (ലൂക്കാ 24:5) എന്നരുളിചെയ്ത യേശു മനുഷ്യകുലത്തോടു കൂടിയുള്ള തന്റെ സഹവാസം ഉറപ്പാക്കി. ഇതാ ഞാൻ ലോകാവസാനം വരെ നിങ്ങളോടുകൂടെ ഉണ്ടായിരിക്കുമെന്ന വാഗ്ദാനത്തിലൂടെ എല്ലായിടത്തും എല്ലാവർക്കുമായി തന്റെ സ്നേഹസാന്നിദ്ധ്യവും സഹവാസവും നല്കിക്കൊണ്ടിരിക്കുന്നു.

യേശുവിന്റെ ഉത്ഥാനം ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രമാണ്. ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാകുന്നു. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം (1 cor 15:14). യേശു



**ഉത്ഥിതനായ യേശു മനുഷ്യകുലത്തിനു നല്കുന്ന ഒന്നാമത്തെ ഈസ്റ്റർസമ്മാനമാണ് സ്നേഹം. സ്നേഹം തന്നെയായ ദൈവത്തിന്റെ സ്നേഹം തന്റെ പുത്രനായ യേശുക്രിസ്തുവിലൂടെ ലോകത്തിനു മുഴുവൻ ലഭ്യമായത് ഉയിർപ്പിലാണ്. പ്രശ്നസങ്കീർണ്ണമായ ലോകത്തിന് നിഷ്കളങ്കവും, നിഷ്കപടവും നിസ്വാർത്ഥവുമായ സ്നേഹം തന്ന യേശുവിന്റെ സ്നേഹസംസ്കാരം വളർത്താൻ ഇടയാകണം. സ്നേഹമായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം**

വിന്റെ മനുഷ്യാവതാരത്തിന്റെ മഹത്വം യേശുവിന്റെ ഉത്ഥാനത്തിൽ അധിസ്ഥിതമാണ്. മനുഷ്യജീവിതത്തിന് വിലയും, നിലയും, അന്തസ്സും ഔന്നത്യവും ഉണ്ടായത് യേശുവിന്റെ ഉയിർപ്പിലാണ്.

ഉത്ഥിതനായ യേശു മനുഷ്യകുലത്തിനു നല്കുന്ന ഒന്നാമത്തെ ഈസ്റ്റർ സമ്മാനമാണ് സ്നേഹം. സ്നേഹം തന്നെയായ ദൈവത്തിന്റെ സ്നേഹം തന്റെ പുത്രനായ യേശു ക്രിസ്തുവിലൂടെ ലോകത്തിനു മുഴുവൻ ലഭ്യമായത് ഉയിർപ്പിലാണ്. പ്രശ്നസങ്കീർണ്ണമായ ലോകത്തിന് നിഷ്കളങ്കവും, നിഷ്കപടവും നിസ്വാർത്ഥവുമായ സ്നേഹം തന്ന യേശുവിന്റെ സ്നേഹസംസ്കാരം വളർത്താൻ ഇടയാകണം. സ്നേഹമായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം (1 cor 14:1).

ഉത്ഥിതൻ നല്കുന്ന മറ്റൊരു സമ്മാനമാണ് സന്തോഷം. സ്നേഹമുള്ളിടത്തേ സന്തോഷമുള്ളൂ. അന്ത്യോക്യൻ ആരാധനാ ക്രമത്തിലെ ഉയിർപ്പു തിരുനാൾ ശുശ്രൂഷയിൽ വൈദികൻ മൂന്നു പ്രാവശ്യമായി നടത്തുന്ന ഉയിർപ്പു പ്രഖ്യാപനം ശ്രദ്ധേയമാണ്. "സഹോദരരെ ഒരു സന്തോഷവാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. മിശിഹാ തമ്പുരാൻ കബറിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുകയും ശത്രുക്കളെ തന്റെ പിന്നിലേക്ക് അടിച്ചോടിക്കുകയും ചെയ്തിരിക്കുന്നു." തുടർന്നുള്ള പ്രാർത്ഥനാ ഗാനവും ശ്രദ്ധിക്കുക.

"ഉത്ഥാനത്താൽ സന്തോഷം

ഭൂസ്വർഗ്ഗങ്ങൾക്കേകിയോനെ

മോദം നല്കി സഭയെ സ്ലീബായാൽ

കാത്ത് ദേവേശം കൃപചെയ്തീടേണം."

ഇതെല്ലാം ഞാൻ നിങ്ങളോടും പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും അങ്ങനെ എന്റെ സന്തോഷം നിങ്ങളിൽ പൂർത്തിയാകാനുമാണ് (യോഹ 15:11). വി. പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നത് നാം എപ്പോഴും കർത്താവിൽ സന്തോഷിക്കുന്നവരാകണം എന്നാണ്. A gloomy Christian is a contradiction. മ്ലാനമുഖനായ ക്രിസ്ത്യാനിക്ക് ആ പേരു തന്നെ ഒരു വൈരുദ്ധ്യമാണ് എന്ന് ബൈബിൾ പണ്ഡിതമായ William Barclay പറയുന്നു. ഉത്ഥിതനായ കർത്താവിന്റെ സാന്നിദ്ധ്യവും സഹവാസവും കൊണ്ട് നാം എപ്പോഴും സന്തോഷമുള്ളവരായിരിക്കണം.

ഉത്ഥിതനായ കർത്താവ് ലോകത്തിന് സമാധാനം പ്രദാനം ചെയ്തു. ഉത്ഥാനത്തിനു ശേഷം തന്റെ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടപ്പോഴെല്ലാം അവർക്കു സമാധാനം ആശംസിച്ചു. പ്രക്ഷുബ്ധമനസ്സും ആകുലതയും അസ്വസ്ഥതയുമായി കഴിഞ്ഞവരെ സമാധാനപ്പെടുത്തി. അന്നും ഇന്നും പ്രശ്നങ്ങളിലും പ്രതിസന്ധിയിലും അസമാധാനത്തിലും അസന്തുഷ്ടിയിലും തന്നെത്തേടി വരുന്നവർക്ക് അവൻ സാമാധാനം നല്കുന്നു.

അവസാനമായി, നമ്മുടെ കർത്താവിന്റെ ഉയിർപ്പ് പ്രത്യാശയുടെ തിരുന്നാളാണ്. അനുദിന ജീവിതത്തിൽ പ്രത്യാശയും പ്രതീക്ഷയും മനുഷ്യജീവിതത്തെ മുന്നോട്ടു നയിക്കുന്നു. പ്രത്യാശ ഇല്ലാത്തിടത്ത് നിരാശയാണ്. ജീവിതം തന്നെ അർത്ഥശൂന്യമാകുന്നു. ജീവിതത്തിൽ കഷ്ടങ്ങളും നഷ്ടങ്ങളും ഉണ്ടാകുമ്പോൾ, കടബാധ്യത ഉണ്ടാകുമ്പോൾ, കണക്കുകൂട്ടലുകൾ തെറ്റുമ്പോൾ, രോഗം ബാധിക്കുമ്പോൾ മാത്രമല്ല ജീവിതത്തിന്റെ സമസ്ത മേഖലകളിലും പ്രത്യാശ നല്കുന്ന ഉത്ഥിതനായ യേശുവിനെ കൂട്ടുപിടിക്കാൻ കഴിയണം. ജീവിതത്തിന്റെ തിക്താനുഭവങ്ങളിലൂടെ കടന്ന്, പീഡ സഹിച്ച്, കുരിശിൽ മരിച്ച് ഉത്ഥാനം ചെയ്ത യേശുവാണ് പ്രത്യാശ. ഓരോ ദിവസവും ഉയിർപ്പിന്റെയും പ്രത്യാശയുടെയും ദിനമാക്കി മാറ്റി ജീവിതത്തെ ഉയിർപ്പിന്റെ ഉത്സവമാക്കി മാറ്റാൻ ഉത്ഥിതൻ നമ്മെ മാടി വിളിക്കുന്നു. യേശുവിന്റെ വിജയം നമ്മുടെ വിജയമാകുന്നു (His victory is our victory). ■


ജൂനിയർ
മോസസ്
SAMEEKSHA
CATECHISM
Thiruvalla
കുട്ടികളുടെ കൂട്ടുകാരൻ
ഈ സമയം മറ്റൊരിടത്ത്
മോസസ്സ് തന്റെ ആടുകളെ മേയിക്കുകയായിരുന്നു
എന്ത്? പ്രഭാതനക്ഷത്രമല്ലേ അത്?
കുട്ടികൾക്ക് എന്റെ സഹായം വേണമെന്ന് തോന്നുന്നു!
ഇതാ ഞാൻ എത്തിപ്പോയി കൂട്ടുകാരെ...


മോസസ്സ്,
ഞങ്ങൾ എവിടെയൊക്കെ അന്വേഷിച്ചെന്നോ?
എന്തുപറ്റി കൂട്ടുകാരെ?
നാട്ടിൽ സംഭവിക്കുന്നതിനെപ്പറ്റി മോസസ്സിനോടു വിവരിച്ചു
പ്ലാസ്റ്റിക് മനുഷ്യനും, അവന്റെ ദുഷ്ചെയ്തികളും
പ്ലാസ്റ്റിക് കത്തിക്കാൻ പാടുള്ളതല്ല..
അത് മാരക വിഷപ്പുകയായി മാറും..
ഭൂമിയിൽ കുഴിച്ചു മൂടാൻ പാടുള്ളതുമല്ല..
അത് മണ്ണിനെ ശ്വാസം മുട്ടിക്കും!
വരൂ കൂട്ടുകാരെ,
നമുക്ക് വായനാശാലയിലേയ്ക്ക് പോകാം...
പ്ലാസ്റ്റിക്കിനെ എങ്ങനെ നേരിടാമെന്നുള്ള അറിവ് നമുക്ക് അവിടെ ലഭിക്കും!
തുടരും




# ദൈവാന്വേഷണത്താൽ മുറിവേറ്റ കല

**സംവേദനമാണ് കലയുടെ ധർമ്മം. ഒരു കലാകാരന്റെ ആത്മാവിഷ്ക്കാരം പ്രതികരണമർഹിക്കുന്നു. കലാസൃഷ്ടി ആത്മാവിൽ പ്രവർത്തിക്കുന്നു, അതിന്റെ ആത്മിക ഘടനയുടെ രൂപശില്പം സാധ്യമാക്കുന്നു. കലയുടെ അമൂർത്ത തലം വരെയുള്ള വികാസത്തിൽ ചലച്ചിത്രം അതുല്യസ്ഥാനം അലങ്കരിക്കുന്നത് മേൽപ്പറഞ്ഞ രചനാശില്പ നിർമ്മിതിയുടെ അടിസ്ഥാനത്തിലാണ്. വേദനയും സഹനവും ആത്മാവിൽ പതിപ്പിക്കുന്ന മുദ്രയുടെ ആവിഷ്ക്കാരം നിഴലും വെളിച്ചവും നിറവും ശബ്ദവുമായി ഭാവനയും ബുദ്ധിയും നിറഞ്ഞ ലോകത്തിൽ പിറക്കുന്നു.**



**റവ. ഡോ. ഏബ്രഹാം ഇരിമ്പിനിക്കൽ**


യഥാതഥ്യം (Realism) മുതൽ അമൂർത്തീകരണം (abstraction) വരെ കലയുടെ ഛായാരൂപം വിപുലമാണ്. കലാസൃഷ്ടികൾക്ക് മനുഷ്യാത്മാവിന്റെ ഏകാന്ത സങ്കേതങ്ങളിൽ ആഴ്ന്നിറങ്ങാനും ദീപ്തമാക്കാനുമുള്ള സിദ്ധിയുണ്ട്. മറ്റൊരുതലത്തിൽ പറഞ്ഞാൽ, ഇന്ദ്രിയഗോചരമാം വിധം ആത്മീയതയുടെ വാസ്തവികത്വം വെളിപ്പെടുത്താൻ കലയ്ക്കു കഴിയുന്നു. ഇത്തരം വെളിപ്പെടുത്തലിലൂടെ മനുഷ്യൻ അവനെത്തന്നെ മെച്ചപ്പെട്ട രീതിയിൽ തിരിച്ചറിയുന്നു. ഇത് ഒരു സാംസ്കാരിക പ്രവർത്തനം മാത്രമായി പരിമിതപ്പെടുത്താൻ കഴിയില്ല, അതിനപ്പുറം മതപരവും ധാർമ്മികവുമാണ്. നിരന്തരം സംഭവിക്കേണ്ട സർഗ്ഗാത്മകതയുടെ ഈ ആത്മീയ ഭാവത്തെ സഭ തിരിച്ചറിഞ്ഞിട്ടുണ്ട്. തുറന്നിട്ട ജനാലകൾക്കടുത്ത്, വിശാലലോകത്തെ വീക്ഷിക്കുന്നവരായി, ചുറ്റുപാടുകളെയും യാഥാർത്ഥ്യങ്ങളെയും സംഭവങ്ങളെയും അഭിപ്രായങ്ങളെയും താൽപര്യങ്ങളെയും പഠിക്കുന്നവരാകാൻ നിർദ്ദേശിക്കുന്നു. (Communio et progressio). കേവലസത്യത്തെ അന്വേഷിക്കുന്ന മനുഷ്യയാത്രയിൽ, ലോകത്തെ സാത്മീകരിക്കുന്നതിനുള്ള മാർഗ്ഗമാണ് കല


ആന്ദ്രേ തർക്കോവ്സ്കി


എന്നഭിപ്രായപ്പെട്ടത് റഷ്യൻ ചലച്ചിത്രകാരനായ ആന്ദ്രേ തർക്കോവ്സ്കി (Andrei Tarkovsky) ആണ്. അദ്ദേഹത്തിന്റെ വാക്കുകൾ, "അനന്തതയെ വാക്കുകളാൽ വിശദമാക്കാനാവില്ല. എന്നാൽ കലയിലൂടെ മനസ്സിലാക്കാം, ഇന്ദ്രിയഗോചരമാക്കാം. പരമസത്യം പ്രാപ്യമാകുന്നത് വിശ്വാസത്തിലും സർഗ്ഗസൃഷ്ടിയിലുമാണ്."

സംവേദനമാണ് കലയുടെ ധർമ്മം. ഒരു കലാകാരന്റെ ആത്മാവിഷ്ക്കാരം പ്രതികരണമർഹിക്കുന്നു. കലാസൃഷ്ടി ആത്മാവിൽ പ്രവർത്തിക്കുന്നു, അതിന്റെ ആത്മിക ഘടനയുടെ രൂപശില്പം സാധ്യമാക്കുന്നു. കലയുടെ അമൂർത്ത തലം വരെയുള്ള വികാസത്തിൽ ചലച്ചിത്രം അതുല്യസ്ഥാനം അലങ്കരിക്കുന്നത് മേൽപ്പറഞ്ഞ രചനാശില്പ നിർമ്മിതിയുടെ അടിസ്ഥാനത്തിലാണ്. വേദനയും സഹനവും ആത്മാവിൽ പതിപ്പിക്കുന്ന മുദ്രയുടെ ആവിഷ്ക്കാരം നിഴലും വെളിച്ചവും നിറവും ശബ്ദവുമായി ഭാവനയും ബുദ്ധിയും നിറഞ്ഞ ലോകത്തിൽ പിറക്കുന്നു. ആന്ദ്രേ ബാസിന്റെ (Andre Basin) അഭിപ്രായത്തിൽ സിനിമയുടെ കണ്ടെത്തലിനു പിന്നിലെ പ്രേരക പുരാവൃത്തം. 'സമഗ്രമായ തന്മയത്വം' (Integral realism) ആകുന്നു. ലോകത്തെ അതിന്റെതന്നെ ബിംബങ്ങളാൽ പുനർനിർമ്മിക്കുക, കലാകാരന്റെ സ്വാതന്ത്ര്യത്താൽ രൂപത്തിന്റെ ഭാരമകറ്റുക, സമയത്തിന്റെ ഗതിമാറ്റം ഇവ ആത്മാന്വേഷണത്തിനുതകുന്ന ചലച്ചിത്രകലാ സാധ്യതകളാണ്. മറ്റെല്ലാ കലാരൂപങ്ങളെയും ഉൾക്കൊള്ളാനുള്ള ചലച്ചിത്രത്തിന്റെ വ്യാപനസിദ്ധിക്ക് സമാനതകളില്ല. നൈപുണ്യമുള്ള കലാകാരന്മാരുടെ ആവിഷ്ക്കാരങ്ങൾ അലൗകികാനുഭൂതി പകരുന്നു. സ്ഥൂലമെങ്കിലും, തർക്കോവ്സ്കിയുടെ 'Andrei Rublev' പോലെയുള്ള സൃഷ്ടികൾ കലയുടെയും കലാകാരന്റെയും ക്രിസ്തുദർശനം അതിസുന്ദരമായി അവതരിപ്പിക്കുന്നു. മാത്രമല്ല കാഴ്ചക്കാരനിൽ ഉദാത്തമകമായ ദൈവദർശനം സാധ്യമാക്കുകയും ചെയ്യുന്നു.

വിവരണാത്മകം, ഭാവാർത്ഥം, ലക്ഷ്യാർത്ഥം എന്നിവയിലൂടെ കലയെ വിശദമാക്കുന്ന അവസ്ഥകളിലെല്ലാം ദൈവശാസ്ത്രവുമുൾപ്പെടുന്ന നിരന്തരമായ ബൗദ്ധികവ്യാപാരം ആവശ്യമാ





ണ്. ഒരു രൂപത്തിനോ ബിംബത്തിനോ സൂക്ഷ്മമായ അർത്ഥം സ്ഥാപിക്കുന്നത് സജീവമായ ബൗദ്ധിക ഇടപെടലിന്റെ ഫലമായാണ്. റോബർട്ട് ബ്രസ്സോണിനെ (Robert Bresson) പോലെയുള്ള മഹാന്മാരായ ചലച്ചിത്രകാരന്മാരുടെ ഇന്ദ്രിയാതീത


റോബർട്ട് ബ്രസ്സോൺ

കലാരീതികളെ (transcendental style) പിൻതുടരാൻ രസാനുഭവസിദ്ധാന്തങ്ങളിലെ (Aesthetics) അറിവുകൾ മാത്രം മതിയാകില്ല. കലാകാരന്റെ ദൈവശാസ്ത്രബോധ്യങ്ങൾ കലാപഠനത്തിലെ സംവാദകനായി കൂടെ നിൽക്കുന്നു. ദൈവശാസ്ത്രാധിഷ്ഠിത ബിംബങ്ങളും അടയാളങ്ങളും (Icons and Signs) ഉൾപ്പെടുന്ന ബ്രസ്സോണിയൻ ചലച്ചിത്രഭൂമികയെ കുറിക്കാൻ 'locus thelogicus' എന്ന പദത്തിനു കഴിഞ്ഞേക്കും. നമ്മുടെ ഇടയിലെ നിഗൂഢമായ ദൈവസാന്നിദ്ധ്യം, മനുഷ്യാനുഭവങ്ങളിലെ വൈരുദ്ധ്യങ്ങളിലും ദൗർബല്യങ്ങളിലും കാണാൻ കഴിയുന്നു. ദൈവശാസ്ത്രത്തെ പരിപോഷിപ്പിക്കുന്നതും സജീവമായി നിലനിർത്തുന്നതും ഇത്തരം ഇടപെടലുകളിലൂടെയാണ്. നോവൽ, ചിത്രരചന ഇവയിലെ ചില ഉദാഹരണങ്ങൾ ഇവിടെ ചർച്ച ചെയ്യുന്നു. സഹനത്തിന്റെ ദൈവശാസ്ത്രത്തെ രക്ഷയുടെ ആഘോഷമാക്കുന്നതിന് ഈ രചനകൾ സഹായിക്കുന്നു.

**'കല്ലറക്കുള്ളിലെ ക്രിസ്തു' – ഹാൻസ് ഹോൾബൈൻ**


1497 നും 1543 നും ഇടയിൽ ജീവിച്ചിരുന്ന അതുല്യനായ ചിത്രകാരനാണ് ഹാൻസ് ഹോൾബൈൻ (Hans Holbein Jr).




ഇദ്ദേഹത്തിന്റെ അതിപ്രശസ്തമായ ഒരു ചിത്രരചനയാണ് 'Christ in the Tomb'. കുരിശിൽ നിന്നിറക്കിക്കിടത്തിയ ക്രിസ്തുവിന്റെ ശരീരം അലൗകികമായ ആവരണങ്ങളില്ലാതെ ചിത്രീകരിച്ചത് ഹോൾ ബൈന്റെ രചനയുടെ സവിശേഷതയാണ്. അതിഭൗതിക കലാസന്നിവേശങ്ങൾ ഒന്നുമില്ലാത്ത ക്രിസ്തുമുഖം അനന്തസഹനത്തിന്റെ അടയാളമായി മാറുന്നു. നന്മ ചെയ്തു ജീവിച്ച മനുഷ്യപുത്രന്റെ ചിത്രം വരയ്ക്കുന്നിവിടെ.

1867-ൽ ദസ്തോയ്‌വ്സ്കി (Dostoevsky) ഈ ചിത്രം കണ്ടതിനെക്കുറിച്ച് അദ്ദേഹത്തിന്റെ ഭാര്യയുടെ കുറിപ്പുകളിലുണ്ട്. ചിത്തഭ്രമത്തോളമെത്തിയ ആസ്വാദനമൂർച്ഛയാൽ ക്രിസ്തുവിനെ പുനർവായിക്കാൻ അത് കാരണമായി. Nikolai Karamzin ന്റെ 'Letters of a Russian Traveller' ലാണ് ആദ്യം ഈ ചിത്രത്തെക്കുറിച്ച് നോവലിസ്റ്റ് വായിക്കുന്നത്. 'The Idiot' എന്ന നോവലിലെ 'പ്രിൻസ് മിഷ്കിനി' (Prince Mishkin) ലൂടെ വെളിപ്പെടുന്ന 'വിശുദ്ധ വിഡ്ഢി' (Holy Fool) എന്ന സഹനത്തിന്റെ ദൈവദർശനം വിശദമാക്കുന്ന ആത്മീയാനുഭവം പ്രാപ്യമാക്കുന്നത് ഇവിടെയാണ്. റഷ്യൻ സാഹിത്യത്തിലും കലയിലും ദർശനത്തിലും അതുല്യരായ പല പ്രതിഭകളും ക്രിസ്തുവിനെ ഇത്തരത്തിൽ മനസ്സിലാക്കുകയും അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ലോകത്തിന്റെ മഹത്ത്വസങ്കല്പങ്ങളെ അപ്പാടെ നിഷേധിച്ച വിശുദ്ധരുടെ സഞ്ചാരവഴികളാണ് ക്രിസ്തുദർശനത്തിന്റെ അടിസ്ഥാന ബോധം എന്ന് ഇവരുടെ സൃഷ്ടികൾ സാക്ഷ്യപ്പെടുത്തുന്നു.

ദൈവപുത്രന്റെ മുറിവുകൾ സുവിശേഷത്തിൽ തൊട്ടറിഞ്ഞ മഹാനായ ദസ്തോയ്‌വ്സ്കി എഴുതിയതും ജീവിച്ചതും ഉയിർപ്പുകാല വായനകളിൽ പ്രസക്തമാണ്. (പതിനാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വി. സെർജിയുടെ സ്വാധീനം അദ്ദേഹത്തിൽ പ്രകടമാണെന്ന് J. I. Packer രേഖപ്പെടുത്തിയിട്ടുണ്ട്. റഷ്യൻ ഓർത്തഡോക്സ് സഭ സെർജിയൂസിനെ വിശുദ്ധനായി പരിഗണിക്കുന്നു. (Sergius of Radonezh)). അധഃപതിച്ച മനുഷ്യവംശത്തിന്റെ പ്രാഗ്‌രൂപത്തിലെ സ്വഭാവങ്ങളിൽ നിന്നും ദസ്തോയ്‌വ്സ്കി കഥാവസ്തുവും കഥാപാത്രങ്ങളെയും കണ്ടെത്തുന്നു എന്നാണ് പാക്കറുടെ നിരീക്ഷണം.


Sergius of Radonezh

മാനുഷികതയോടും അതിന്റെ സഹനങ്ങളോടുമുള്ള ക്രിസ്തുവിന്റെ ബന്ധം മഹാനായ ഈ എഴുത്തുകാരനെ നിരന്തരം വേട്ടയാടിയിരുന്നു. 'സഹനത്തെ അംഗീകരിക്കുക, രക്ഷിതരാകുക', ഇതാണ് ഇദ്ദേഹത്തിന് ലോകത്തോട് പറയാനുള്ളത്. സുഖം മാത്രം തേടുന്ന ലോകത്തിൽ ഈ ചിന്തയ്ക്ക് പ്രസക്തി കണ്ടെത്താൻ കഴിയുമോ? നീതി ബോധമുണ്ടായിരുന്ന ഇവാനെ (Ivan, 'കാരമസോവ് സഹോദരങ്ങൾ') അലട്ടുന്ന ചോദ്യം 'സഹന'മാണ്. ക്രിസ്തുവിന്റെ ബലിയിലൂടെ ലഭ്യമായ ക്രിയാത്മകസ്വാതന്ത്ര്യത്തിന്റെ മനുഷ്യോപയോഗത്തെക്കുറിച്ച് അദ്ദേഹം ചിന്തിച്ചിരുന്നു.

**'സഹനത്തെ അംഗീകരിക്കുക, രക്ഷിതരാകുക'**

### വിശുദ്ധ പാനപാത്രത്തിന്റെ ഇതിഹാസം

ഒരുപാട് ദൈവശാസ്ത്ര നിരീക്ഷണങ്ങൾക്ക് വിധേയമായ ഇതിഹാസ സമാനമായ സൃഷ്ടിയാണ് ആർതറുമായി (King Arthur) ബന്ധപ്പെട്ട കഥകൾ (Arthurian Legends). Holy Grail, Round Table ഇവ ഇതിലെ രണ്ട് പ്രധാന ഘടകങ്ങളാണ്. വിശുദ്ധ പാനപാത്രം (Holy Grail) സംബന്ധിയായ എഴുത്തുകൾക്ക് സാഹിത്യ ചരിത്രത്തിൽ നിഗൂഢതയിൽ പൊതിഞ്ഞ പ്രശസ്തിയുണ്ട്. അന്ത്യത്താഴത്തിൽ ക്രിസ്തു ഉപയോഗിച്ച പാനപാത്രം അരിമത്യക്കാരൻ ജോസഫ്, ക്രൂശിതനായ ക്രിസ്തുവിന്റെ നെഞ്ചിലെ രക്തത്തുള്ളികൾ ശേഖരിക്കാൻ ഉപയോഗിച്ചു എന്ന് ആദ്യമെഴുതിയത് 'Joseph d' Arimathea' എന്ന



**ആത്മാവിനാൽ മനുഷ്യജന്മ ത്തിനർത്ഥം തേടുന്ന കലാ കാരൻ ദൈവത്തിലേക്ക് വഴി നടക്കുന്നു. അവന്റെ കലാ സൃഷ്ടി അനേകരെ ദൈവാനു ഭവത്തിലെത്തിക്കുന്നു.**

ഗ്രന്ഥത്തിൽ Robert de Boron ആണ്. എന്നാൽ, 1190-ൽ Chretien de Troyes ന്റെ 'Perceval, le Conte du Grail' ൽ പാനപാത്ര ത്തെക്കുറിച്ചുള്ള ആദ്യ പരാമർശ ങ്ങൾ കാണാം. മനുഷ്യനു മുമ്പിൽ പരിശുദ്ധമായ ഒരു വസ്തുവായും ദൈവത്തിന്റെ പ്രതിരൂപമായും ഈ വി. പാന പാത്രം സ്ഥാനം നേടുന്നു. അന ന്തതയുടെ ഈ പ്രതിരൂപം സഹ നത്തിന്റെയും ബലിയുടെയും രക്തം പേറുന്ന ഒന്നാണ്. അതാണ് ഊ പാനപാത്രത്തെ അതിവിശുദ്ധമാക്കുന്നത്. പട യോട്ടങ്ങൾക്കും അന്വേഷണ ങ്ങൾക്കും നിമിത്തമാക്കുന്നതും. ഇതിന്റെ അസാന്നിദ്ധ്യത്തിൽ പടയാളികളുടെ ഐക്യവും മഹ ത്വവും ഇല്ലാതാകുന്നതിനും ഹെൻറി രാജാവ് സാക്ഷിയാകു ന്നു. ക്രിസ്തുവിന്റെ രക്തം ശേഖരിച്ച പാനപാത്രം രാജത്വ ത്തിന്റെ നിലനില്പിനും അന്വേ ഷണങ്ങൾക്കും കാരണമാകു ന്നു. ക്രിസ്തുവിന്റെ രക്തം സഹ നത്തിന്റെ, മുറിവിന്റെ, മരണത്തി ന്റെ, ഭൗതികമായ നിരാസ ത്തിന്റെ ഒക്കെ സമ്മേളനമാണ്. ദൈവാന്വേഷണം ഈ പാന പാത്രം തേടലാവുന്നു. ഇതിന്റെ അർത്ഥം കണ്ടെത്തലാണ് മനു ഷ്യജീവന്റെയും ജീവിതത്തി ന്റെയും സഫലത. Celtic ക്രിസ്തീയതയുടെ അടിസ്ഥാനം ഈ വിശുദ്ധ പാനപാത്രമാണ്. അരിമത്യയിലെ ജോസഫ് പാന പാത്രവുമാണ്. Glastonbury യിൽ എത്തി ബ്രിട്ടണിലെ ആദ്യ ദൈവാലയത്തിനു തുടക്കമി ട്ടെന്നു പറയപ്പെടുന്നു.

ഭൗതികമായ മനുഷ്യാന്വേഷ ണങ്ങളുടെ എല്ലാം യഥാർത്ഥ ലക്ഷ്യസ്ഥാനം അതിഭൗതിക സത്യത്തോടുള്ള ആഗ്രഹമാ ണെന്ന് പാനപാത്രം തേടിയുള്ള യാത്ര പഠിപ്പിക്കുന്നു. എന്നാൽ ഈ യാത്രയിൽ ഭൗതിക സഹന ങ്ങളിലൂടെ മനുഷ്യൻ സഞ്ച രിച്ചേ മതിയാകൂ. വി. പാന പാത്രം നമുക്ക് പ്രസക്തമാകുന്ന പശ്ചാത്തലമിതാണ്. രക്ഷ തേടി ത്തരാനുള്ള ക്രിസ്തുവിന്റെ സഹനത്തിന്റെയും ബലിയു ടെയും പ്രതീകമാണ് വിശുദ്ധ പാനപാത്രത്തിൽ ശേഖരി ക്കപ്പെട്ട രക്തം.

കലാസൃഷ്ടികളിലൂടെയും ഇതിഹാസകഥകളിലൂടെയും കലാകാരന്മാർ നടത്തുന്ന ദൈവാന്വേഷണങ്ങളിൽ സഹന ത്തിന്റെയും മുറിവിന്റെയും പാഠ ങ്ങളുണ്ട്. മനുഷ്യൻ സുഖ ത്തിന്റെ പരിമിതികളിൽ തള യ്ക്കപ്പെടുന്നു, എന്നാൽ മുറിവു കൾ, മരണം, ദുരന്തങ്ങൾ ഇവ ജീവിതാർത്ഥം തേടാൻ അവനെ പ്രേരിപ്പിക്കുന്നു. ആത്മാവിനാൽ മനുഷ്യജന്മത്തിനർത്ഥം തേടുന്ന കലാകാരൻ ദൈവത്തിലേക്ക് വഴി നടക്കുന്നു. അവന്റെ കലാ സൃഷ്ടി അനേകരെ ദൈവാനുഭവ ത്തിലെത്തിക്കുന്നു. ദൈവാന്വേ ഷണത്താൽ ആത്മാവിനു മുറി വേറ്റവനാണ് കലാകാരൻ. മുറി വുകളിലൂടെ കുരിശുമരണ ത്താൽ മനുഷ്യരക്ഷ സാധ്യമാ ക്കിയ ദൈവപുത്രൻ, ജീവന്റെ അർത്ഥം തേടുന്ന കലയുടെ ദൈവമായി നിലനിൽക്കുന്നു. ●



# മരണത്തിൽനിന്ന് മരണമില്ലായ്മയിലേക്ക്



റവ. ഫാ. എമ്മാനുവേൽ പാറേക്കാട്ട്


**1. അപ്രസക്തമായ കല്ലറ**

നേരം പുലരുന്നതിന് മുമ്പ് തന്നെ ഈശോയുടെ കല്ലറയിങ്കലേക്ക് പുറപ്പെട്ട സ്ത്രീകൾ കണ്ട കാഴ്ച അത്ഭുതപ്പെടുത്തുന്നതായിരുന്നു. കല്ല് ഉരുട്ടി മാറ്റപ്പെട്ടിരിക്കുന്നു. മാത്രവുമല്ല ഈശോയുടെ മൃതദേഹം അവിടെ കാണാനുമില്ല. മരിച്ച ഈശോയുടെ സ്ഥാനത്ത് അവർ കാണുന്നത് ജീവനുള്ള മറ്റ് രണ്ടുപേരെ. ഈ സ്ത്രീകൾ ഒരു പക്ഷേ അവിടെ കണ്ട പുരുഷന്മാരിൽ നിന്നും പ്രതീക്ഷിച്ച ഉത്തരമിതായിരുന്നിരിക്കണം: "നിങ്ങൾ ഭയപ്പെടേണ്ട! ഞങ്ങൾ അവന്റെ മൃതശരീരം സുരക്ഷിതമായ ഒരു സ്ഥലത്തേക്ക് മാറ്റിയിരിക്കുകയാണ്. ഉടനെ തിരിച്ച് കൊണ്ടുവരാം." അല്ലെങ്കിൽ "നിങ്ങൾ ഞങ്ങളുടെ കൂടെ വരിക, കൊണ്ടുപോയി കാണിക്കാം." കാരണം, അവർ തങ്ങളുടെ മരിച്ച ഗുരുവിനെയാണ് അന്വേഷിച്ചത്. എന്നാൽ അപ്രതീക്ഷിതമായി കിട്ടിയ മറുപടി അവരെ കൂടുതൽ ഭയവിഹ്വലരാക്കുകയാണ്. "ജീവിച്ചിരിക്കുന്നവനെ മരിച്ചവരുടെയിടയിൽ നിങ്ങൾ അന്വേഷിക്കുന്നതെന്തുകൊണ്ട്? അവൻ ഇവിടെയില്ല. ഉയിർത്തെഴുന്നേറ്റിരിക്കുന്നു" (ലൂക്കാ 24:5-6). ഞങ്ങളുടെ കർത്താവിനെ ആരാണ് എടുത്തുകൊണ്ട് പോയത് എന്ന ചോദ്യത്തിന് ഇവിടെ പ്രസക്തിയില്ല. മരിച്ചവനെയാണ് ആരെങ്കിലും എടുത്തോണ്ട് പോകേണ്ടത്. അവനെ ആരും എടുത്തുകൊണ്ട് പേയതല്ല. അവൻ തന്നെ പോയതാണ്.

ഓർത്തഡോക്സ് സഭ ഈസ്റ്റർ രാത്രിയിൽ ചൊല്ലുന്ന മനോഹരമായ ഒരു പ്രാർത്ഥനയിലെ വാക്യമുണ്ട്. വി. ജോൺ ക്രിസോസ്റ്റോമിന്റെ വാക്കുകളാ

ണവ. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വിശുദ്ധനായ ഈ മെത്രാൻ പറയുകയാണ്: “ക്രിസ്തു കല്ലറയിൽ ഇല്ലേ? അവൻ കല്ലറയിലില്ലെങ്കിൽ ഒരാളുപോലും ഇനി കല്ലറയിൽ കാണില്ല.” യുക്തിഭദ്രമായി ചിന്തിക്കുന്നവർ ചോദിച്ചേക്കാം: “കല്ലറയിൽ ആരും കാണില്ല എന്ന് പറഞ്ഞാൽ എങ്ങനെയാ ശരിയാകുന്നേ?” ഇവിടെ ആളുകൾ ഓരോ ദിവസവും മരിക്കുന്നുണ്ട്. അപ്പോൾ എങ്ങനെയാണ് ഇത് വാസ്തവമാകുന്നത്. ഈ മരിച്ചവരൊക്കെ അപ്പോൾ കല്ലറയിൽ ഇല്ലേ? അങ്ങനെ ചോദ്യങ്ങൾ പലത് നിലനിൽക്കുമ്പോഴും യാഥാർത്ഥ്യം വി. ക്രിസോസ്റ്റോം പറഞ്ഞതിലാണ്. മരണത്തിന് രണ്ട് മുഖമുണ്ട് എന്ന് പറയാറുണ്ട്. ഭീകരമായ ഒന്നും അതിഭീകരമായ മറ്റൊന്നും. ഏതൊക്കെയാണവ? ശരീരത്തിൽ നിന്ന് ആത്മാവ് വേർപെടുന്നത് മാത്രമല്ല മരണം, മറിച്ച് അതിഭീകരമായ മരണം എന്ന് പറയുന്നത് നിത്യനരകാഗ്നിയാണ്. അത് ദൈവത്തിൽ നിന്നുള്ള ആത്മാവിന്റെ വേർപെടലാണ്. ഈശോയ്ക്ക് മുമ്പ് ജീവിച്ച എല്ലാവരും മരണത്തിന്റെ ഈ രണ്ട് മുഖങ്ങളും കാണേണ്ടി വന്നവരാണ്. ശരീരത്തിൽ നിന്നുള്ള ആത്മാവിന്റെ വേർപെടൽ അവരെ സംബന്ധിച്ചിടത്തോളം ദൈവത്തിൽ നിന്നു തന്നെയുള്ള ആത്മാവിന്റെ വേർപെടൽ ആയിരുന്നു. മരിക്കുക എന്നാൽ പാതാളത്തിലേക്ക്, നിത്യമരണത്തിലേയ്ക്ക്, നിത്യമായ വേർപാടിലേക്ക് തള്ളപ്പെടുക എന്നുതന്നെയായിരുന്നു.

അങ്ങനെയെങ്കിൽ എന്താണ് ഉയിർപ്പ്? നിത്യമരണത്തിൽ നിന്ന് നിത്യജീവിതത്തിലേക്കുള്ള ഉയിർപ്പാണത്. നിത്യജീവന്റെ ഉടമ നരകകവാടം വഴി പാതാളങ്ങളിലേക്ക് ഇറങ്ങിച്ചെന്നു. മറ്റു മനുഷ്യരെപ്പോലെ പാതാളങ്ങളിൽ എത്തിയ ഈശോ പക്ഷേ, ജീവദാതാവായ ദൈവപുത്രനായിരുന്നു. അതോടെ നിത്യമരണത്തിന് നിത്യമരണം സംഭവിച്ചുവെന്ന്




വേണം പറയാൻ. ശരീരത്തിൽ നിന്നുള്ള ആത്മാവിന്റെ വേർപെടൽ കേവലം ഒരു നിദ്രപോലെയായി മാറി. മണ്ണിൽ നിന്നും വന്ന ശരീരം വിശ്രമത്തിനായി മണ്ണിലേയ്ക്കും, ആത്മാവ് നിത്യജീവിതത്തിനൊരുങ്ങുന്നതിനായും പോകുന്നു. ഈശോയുടെ ഉത്ഥാനത്തോടെ നിത്യമരണം ആവശ്യക്കാർക്ക് മാത്രമേ ഉള്ളൂ, അത് തെരഞ്ഞെടുക്കുന്നവർക്ക് മാത്രം.

ഇതിനെല്ലാം ക്രിസ്തുവിന് എന്ത് വില കൊടുക്കേണ്ടി വന്നു? അതാണ് ഓശാന ഞായർ, പെസഹാ വ്യാഴം, ദുഃഖവെള്ളി ദിവസങ്ങളിൽ നാം ഓർമ്മിക്കുന്നത്. അതായത്, അവൻ കൊടുത്തവില പീഡാനുഭവവും, ചാട്ടവാറടിയും, മുൾമുടി ധാരണവും കുരിശുമരണവും, ക്ഷതങ്ങളുമാണ്. പക്ഷേ, എനിക്ക് തോന്നുന്നു ആദ്യം ചോദിച്ച ചോദ്യം അൽപ്പം മാറ്റി ചോദിക്കേണ്ടിയിരിക്കുന്നുവെന്ന്. ക്രിസ്തു ഇതിന് എന്തുവിലകൊടുക്കേണ്ടിവന്നു എന്ന ചോദ്യം വർത്തമാനകാലത്തിലാക്കാൻ എന്നെ പ്രേരിപ്പിക്കുന്നത്, പ്രശസ്ത ഫ്രഞ്ച് ചിന്തകനായ ബ്ലെയ്സ് പാസ്ക്കലിന്റെ വളരെ പ്രശസ്തമായ ഒരു വാക്യമാണ്. “അല്ലയോ ക്രിസ്ത്യാനികളേ, ക്രിസ്തു ലോകാവസാനം വരെ കഠിനയാതനയിലാണ്.”

**“ക്രിസ്തു കല്ലറയിൽ ഇല്ലേ? അവൻ കല്ലറയിലില്ലെങ്കിൽ ഒരാളുപോലും ഇനി കല്ലറയിൽ കാണില്ല.”**

**– വി. ജോൺ ക്രിസോസ്റ്റം**

ഈശോയുടെ തിരുമുറിവുകൾ ഈ ഭൂലോകത്ത് ഒരു പാപി അവശേഷിക്കുന്നത് വരെ കുത്തി തുറക്കപ്പെട്ട അവസ്ഥയിലാണ്. ആ മഹാപാപി ഞാനോ നിങ്ങളോ ആകാം. അവന്റെ മുറിവുകൾ നമ്മുടെ പാപങ്ങളാണ്. അവന്റെ മുറിവുകൾ എന്റെ പാപങ്ങൾ ആണ്.



**“അല്ലയോ ക്രിസ്ത്യാനികളേ, ക്രിസ്തു ലോകാവസാനം വരെ കഠിനയാതനയിലാണ്.”**

**ബ്ലെയ്സ് പാസ്ക്കൽ**

1623– 1662

ഈസ്റ്റർ ആഘോഷിക്കാൻ നമ്മൾ എന്താണ് ചെയ്യേണ്ടത്? ഉത്തരം വളരെ ലളിതമാണ്. നിത്യജീവിതം കരസ്ഥമാക്കണോ അതോ നിത്യമരണത്തിന് കീഴടങ്ങണോ എന്ന് നാം ഇന്ന് തന്നെ തീരുമാനിക്കണം. നിത്യജീവനാണ് നാം കാംക്ഷിക്കുന്നതെങ്കിൽ ദൈവത്തിന്റെ സമക്ഷം തിന്മയായിട്ടുള്ളതെല്ലാം നാം പൂർണ്ണമായി ഉപേക്ഷിക്കണം. ഇത് 'ഔട്ട് ഓഫ് ഫാഷൻ' ആയ കാര്യമെന്ന് തോന്നിയേക്കാം. മറച്ച് വയ്ക്കപ്പെട്ട ഒരു പാപം പോലും നമുക്ക് ഉണ്ടാകരുത്. ഞാനോ? ഒരിക്കലുമില്ല... എന്നിങ്ങനെ സത്യാവസ്ഥയിൽ നിന്നുള്ള ഒഴിഞ്ഞുമാറ്റം നാം പാടേ ഉപേക്ഷിക്കണം. ഒറ്റുകാരനായ യൂദാസിന്റെ വാക്കുകളാണ് "ഗുരോ, അത് ഞാനാണോ?" (മത്താ 26:25) എന്നത്. ഞാനോ?... എപ്പോൾ? ഇതുപോലെയുള്ള ന്യായവാദങ്ങൾ പൂർണ്ണമായി നാം ഉപേക്ഷിക്കണം.


മൈക്കിൾ ആഞ്ചലോ
'പീയാത്താ'

ഇപ്രകാരം ഒരു ഈസ്റ്റർ നാം ആഘോഷിക്കുകയാണെങ്കിൽ, മരണത്തെ ഭയമില്ലാതെ നമുക്ക് കാത്തിരിക്കാം. വിശുദ്ധൻ മരണത്തെ കാത്തിരുന്നവരാണ് (വി. കൊച്ചുത്രേസ്യാ, വി. ഫ്രാൻസിസ് അസ്സീസി). തന്നെ വിവാഹം ചെയ്യാൻ വരുന്ന മണവാളനെ മണവാട്ടി കാത്തിരുന്നതുപോലെയാണ് അവർ മരണത്തെ കാത്തിരുന്നത്. ഈശോ ഉയിർത്തെഴുന്നേറ്റുവെന്ന് നാം പ്രഖ്യാപിക്കുകയും പാപം നിറഞ്ഞ ജീവിതം ഉപേക്ഷിക്കാൻ തയ്യാറാകാതെ വരികയും ചെയ്യുമ്പോഴേ മരണത്തെ ഭയത്തോടെ നമുക്ക് കാണാൻ കഴിയൂ. നമ്മൾ ഈ ലോകത്തിൽ സ്ഥിരതാമസക്കാരല്ലാത്തതിനാൽ മണവാട്ടി മണവാളനെ കാത്തിരിക്കുന്നതുപോലെ നാം ഈശോയുടെ രണ്ടാം വരവിനായി കാത്തിരിക്കേണ്ടവരല്ലേ? അതിന് നാം തയ്യാറായില്ലെങ്കിൽ നാം വെറുതെ സമയം പാഴാക്കുകയാണ്. പാഴാക്കിയ സമയത്തെ ഓർത്ത് നമുക്ക് പിന്നീട് പരിതപിക്കാൻ അവസരം ഉണ്ടാകാൻ ഇടയാകാതിരിക്കട്ടെ!

**2. ഈശോ ഇന്നും ജിവിക്കുന്നു**

റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ പ്രവേശിക്കുമ്പോൾ വലതുവശത്ത് ആദ്യം കാണുന്ന കപ്പേളയിൽ മൈക്കിൾ ആഞ്ചലോ മാർബിളിൽ കടഞ്ഞെടുത്ത 'പിയാത്താ' എന്ന വിശ്വപ്രസിദ്ധമായ രൂപം കാണാം. ഫ്ളോറൻസിൽ അദ്ദേഹത്തിന്റെ തന്നെ ദാവീദിന്റെ പ്രസിദ്ധമായ ശിൽപ്പം കാണാം. അദ്ദേഹത്തിന്റെ അഗാധമായ ശിൽപകലാ വൈഭവം ആരെയും അതിശയിപ്പിക്കും. മൈക്കലാഞ്ചലോ ഇന്നും ഇവിടെ ജീവിക്കുകയാണ്! പ്രസിദ്ധ തത്വചിന്തകനായ പ്ലേറ്റോയുടെ 'ഡയലോഗ്സ്' എന്ന ഗ്രന്ഥം എല്ലാ തലമുറകളെയും സ്വാധീനിച്ച ഒന്നാണ്. ആ ഗ്രന്ഥം വായിക്കുന്നവരെ അതുപോലെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നുവെന്നതാണ് അതിന്റെ സവിശേഷത. ആ ഗ്രന്ഥത്തിലൂടെ നൂറ്റാണ്ടുകൾ പിന്നിട്ടിട്ടും അദ്ദേഹം ജീവിക്കുന്നു. ഇവർ ജീവിക്കാൻ കാരണം അവരുടെ പ്രവൃത്തികൾ ഇന്നും ജീവിക്കുന്നുവെന്നതാണ്. അവരുടെ കലാസൃഷ്ടികളിലൂടെ, എഴുത്തുകളിലൂടെ അവരുടെ പ്രതിഭ ഇന്നും ജീവിക്കുന്നു. പക്ഷേ ഈശോ ഇന്നും ജീവിക്കുന്നുവെന്ന് നാം പറയുമ്പോൾ അതിന് വലിയ ഒരു അനന്യതയുണ്ട്, വ്യതിരിക്തത ഉണ്ട്. ഈശോ ഇന്നും ജീവിക്കുന്നുവെന്ന് ശ്ലീഹന്മാർ മനസ്സിലാക്കിയത് ഈശോ ചെയ്ത പ്രവൃത്തിയിലൂടെയോ, സുവിശേഷങ്ങളിലൂടെയോ, അവൻ പഠിപ്പിച്ച കാര്യങ്ങളിലൂടെയോ അല്ല. മറിച്ച്, ഉയിർത്തെഴുന്നേറ്റ ഈശോയെ അവർ തൊട്ടറിഞ്ഞു, അവന്റെ ഒപ്പം ഭക്ഷണം കഴിച്ചും അവനോട് മുഖാമുഖം സംസാരിച്ചും അവർ ആ വലിയ സത്യത്തിന് സാക്ഷികളായി. മഹത്വീകരിക്കപ്പെട്ട ഈശോയുടെ ശരീരം അവർ കണ്ട് തൊട്ടറിഞ്ഞു. അപ്പസ്തോലൻമാർ തങ്ങൾ സഹോദരങ്ങളാണെന്നും, ഈശോ ആദ്യജാതൻ ആണെന്നും തിരിച്ചറിഞ്ഞു. അവൻ മഹത്വീകരിക്കപ്പെട്ടെങ്കിൽ നാമും മഹത്വീകരിക്കപ്പെടേണ്ടിയിരിക്കുന്നു. നാം മാത്രമല്ല, സൃഷ്ടപ്രപഞ്ചം മുഴുവൻ മഹത്വീകരിക്കപ്പെടേണ്ടിയിരിക്കുന്നു.



# ശരീരത്തിന്റെ ഉയിർപ്പ്

## മനുഷ്യസ്വാതന്ത്ര്യത്തിന്റെ സാധ്യതകൾ



**റവ. ഡോ. ജോസഫ്
വാളംപറമ്പിൽ**

മരിച്ചവരുടെ ഉത്ഥാനം 'ക്രൂശിതനായ ക്രിസ്തു' എന്ന പോലെ തന്നെ ഗ്രീക്കുകാർക്ക് വിരോധാഭാസവും പരിഹാസ്യവുമായിരുന്നു (അല്യ. പ്രവ. 17, 32). വി. യോഹന്നാന്റെ സുവിശേഷത്തിൽ വെളിപ്പെടുന്ന ചില ബിംബങ്ങളുടെയും ചിന്താധാരകളുടെയും അഗാധമായ അർത്ഥതലങ്ങളിലാണ് ഉത്ഥാനമെന്ന രഹസ്യത്തിന്റെ ചിറകു വിടരുന്നത്.

ചരിത്രത്തിൽ ഇടപെടുന്ന ദൈവത്തിനും മനുഷ്യാവതാരമെന്ന മഹാരഹസ്യത്തിനും സമൂർത്തമായ രൂപഭാവങ്ങൾ നല്കുന്ന ആഖ്യാനമാണ് വി. യോഹന്നാന്റെ സുവിശേഷത്തിൽ നാം കാണുക: വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു (യോഹ. 1:14). മാംസമാകുന്ന വചനം ജീവന്റെ പൂർണതിലേക്കുള്ള മനുഷ്യന്റെ ദൈവികകക്ഷണമാണ്.

ദൈവത്തിന്റെ ഛായയും സാദൃശ്യവും (ഉല്പ 1:26) എന്നതാണ് സൃഷ്ടി എന്ന കണ്ണാടിയിൽ നോക്കുന്ന മനുഷ്യന് വെളിവാകുന്ന സ്വത്വം. ഉല്പത്തി പുസ്തകത്തിന്റെ കാൻവാസിൽ വിരിയുന്ന സൃഷ്ടിക്ക് സൃഷ്ടാവായ ദൈവം ചായം ചാലിക്കുമ്പോൾ ശൂന്യതയുടെയും അറിവില്ലായ്മയുടെയും രൂപരാഹിത്യത്തിൽ നിന്നും ആകാശവും ഭൂമിയും എന്ന സമഞ്ജയത്തിന്റെ അതിരും തുടർന്നുള്ള ജീവജാലങ്ങളിലൂടെ ജീവന്റെ ചൈതന്യത്തിനു രൂപവും ഭാവവും നല്കപ്പെടുമ്പോൾ, സൃഷ്ടിയുടെ ചങ്കുമായ് മാറുകയാണ് സ്ത്രീയും പുരുഷനും എന്ന ചിത്രങ്ങൾ. ഞാൻ വന്നത് ജീവനുണ്ടാകാനും അതു സമൃദ്ധമായുണ്ടാകാനുമാണ് (യോഹ 1:10) എന്ന യേശുവിന്റെ തിരുമൊഴിയിലൂടെ

യോഹന്നാൻ സൃഷ്ടിയുടെ കാൻവാസിലെ ജീവന്റെ ചിത്രത്തിന് അടിക്കുറിപ്പ് നല്കുകയാണ്.

വചനം മാംസമായി മാറുന്നത് മാംസനിബദ്ധമല്ലാത്ത മനുഷ്യന്റെ ദിശാബോധത്തിലേക്കും, സത്തയിലേക്കും സ്വത്വത്തിലേക്കും ദൈവികജീവോന്മുഖമായ മനുഷ്യന്റെ വിളിയിലേക്കും നമ്മെ ഉണർത്തുന്നതിനും നിത്യജീവന്റെ ഉയിർപ്പ് നമുക്ക് രക്ഷയുടെ അച്ചാരമായി നല്കുന്നതിനും വേണ്ടിയാണ്.

ഗ്രീക്കു തത്വചിന്തയുടെ സ്വാധീനത്താൽ പാശ്ചാത്യ ലോകം വസ്തുക്കളെ പദാർത്ഥവും സ്വരൂപവുമായി (Mo...& F..) കാണുമ്പോൾ മനുഷ്യന്റെ ശരീരവും മനസ്സും എന്ന ദ്വൈതങ്ങളുടെ കൂടിച്ചേരലായ് കാണാനാണ് പരിശ്രമിക്കുന്നത്. വി. ഗ്രന്ഥത്തിൽ വെളിപ്പെടുന്നത് ശരീരവും മനസ്സും 'ആത്മാവ്' എന്ന മൂന്നാമത്തെ ഘടകത്തിൽ സമാസമമായി സമ്മേളിക്കുന്ന ഒരു സമഗ്രദർശനമാണെന്നത് പ്രത്യേകം ശ്രദ്ധേയമാണ്[2]. ശരീരവും മനസ്സും പരസ്പര വിരുദ്ധങ്ങളായ ദ്വൈതങ്ങളായി മാത്രം വിശകലനം ചെയ്യാതെ ശരീരവും മനസ്സും ആത്മാവും കൂടിച്ചേരുന്ന മനുഷ്യന്റെ സ്വത്വത്തിന്റെ, വ്യക്തിത്വത്തിന്റെ സമഗ്രതയ്ക്ക് പ്രാധാന്യം കൊടുക്കാനും നമുക്കു സാധിക്കണം. ശരീരത്തിന്റെ ഉയിർപ്പിലൂടെ വിവക്ഷിക്കുന്നത് പാദാർത്ഥികമായ ശരീരമല്ല, മറിച്ച്, എല്ലാ മനുഷ്യരുടെയും വ്യക്തിത്വമായി ബന്ധപ്പെട്ട ഒരുസമഗ്രതയാണ്. മനുഷ്യന് മഹത്വമാകുന്നത് ശരീരമാണ്[3]. ഈ ശരീരത്തെ രൂപപ്പെടുത്തുന്നതിൽ സഭാതലത്തിലും സ്വരൂപത്തിലും ആത്മാവിനുമുള്ള പങ്ക് നമുക്ക് കുറച്ചു കാണാനാവില്ല. മനുഷ്യന്റെ അസ്തിത്വപരമായ അവസ്ഥകളും പ്രത്യേകതകളും എല്ലാം കണക്കിലെടുത്തുവേണം നാം മനുഷ്യന്റെ ദിശാബോധത്തെയും നിയോഗത്തെയും മനസ്സിലാക്കാൻ. മനുഷ്യന്റെ സ്വാതന്ത്ര്യമാണ് ഈ സമഗ്രതയുടെ സാക്ഷാത്കാരത്തിന്റെ നിർണായക ഘടകം[4].

പദാർത്ഥപരമായ ശരീരത്തിന്റെ അഴുകൽ പ്രപഞ്ച നിയമമാണ്. അതിഭൗതികമായ ചില അത്ഭുതങ്ങൾ ആദ്ധ്യാത്മികോർജ്ജത്തിന്റെ ഫലമായി സംഭവിക്കുന്നതിനു ചരിത്രം സാക്ഷിയാണ്. അഴുകാതെ ഇരിക്കുന്ന ചില വിശുദ്ധന്മാരുടെ ഭൗതികശരീരങ്ങൾ ഇതിനുദാഹരണമാണ്. എന്നാൽ ശരീരത്തിന്റെ ഉയിർപ്പ് വിരൽ ചൂണ്ടുന്നത് മനുഷ്യവ്യക്തിത്വത്തിന്റെ അനന്യതയിലേക്കും. "നിങ്ങളുടെ ശരീരം ദൈവത്തിന്റെ ആലയം ആണെ"ന്ന (1 കോറി 6:13, ഉല്പത്തി 6:16) പൗലോസ് ശ്ലീഹാ പ്രഖ്യാപിക്കുന്നതിന്റെ പിന്നിലുള്ള അർത്ഥതലങ്ങളിലേക്കുമാണ്. പാദാർത്ഥികമായ ശരീരത്തിന്റെ പരിമിതികളെ അതിലംഘിക്കുന്ന, വ്യക്തിയുടെ ആധ്യാത്മികോർജ്ജത്തിന്റെ ദൈവോന്മുഖതയുടെ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യരിലെ നിത്യജീവനിൽ പങ്കുചേരാനുള്ള ആത്മീകാംശത്തിന്റെ അനന്യതയിലേക്കാണ്.

ജീവനിലേക്കാണ് മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നത്. ദൈവീകജീവനിൽ പങ്കുചേരാനുള്ള ക്ഷണമാണ് ദൈവത്തിന്റെ ഛായയും സാദൃശ്യവും എന്നതിന്റെ പ്രധാന വിവക്ഷ. സ്ഥലകാലങ്ങളുടെ പരിമിതിയുള്ള ജീവന്റെ അവസ്ഥയിൽ നിന്നും അവയ്ക്കതീതമായ നിത്യജീവനിലേക്കുള്ള കടന്നുപോകലിന്റെ അച്ചാരമാണ് ഉത്ഥാനം. ഈ കടന്നുപോകലിൽ അഴിഞ്ഞുപോകേണ്ട മരണത്തിന്റെ നിഴലുകളും (മരണം പാപത്തിന്റെ വേതനമാണെന്നു വിവക്ഷ) പദാർത്ഥപരമായ പരിമിതികളുടെ അംഗങ്ങളും സ്വയം ശൂന്യവത്കരണത്തിന്റെ മനോഭാവത്തിലൂടെ അതിജീവിക്കാൻ കഴിയുമ്പോഴാണ് മരണത്തിനപ്പുറമുള്ള ജീവന്റെ വലിയ ലോകം നമുക്ക് അനുഭവമാകുക.

തൻപോരിമയുടെ പാപത്തിലൂടെ ഏദനെന്ന പറുദീസ നഷ്ടമാക്കിയ മനുഷ്യനെ വീണ്ടെടുക്കുന്നതിന് യേശു സ്വീകരിച്ച മാർഗ്ഗം സ്വയം ശൂന്യവത്കരണത്തിന്റേതായിരുന്നു.


സ്വതന്ത്രമായ പൂർണ്ണ സമർപ്പണം അതായിരുന്നു ക്രൂശിതനായ കർത്താവിന്റെ മാർഗ്ഗം. പരിപൂർണ്ണമായ സമർപ്പണമാണ് മരണത്തിൽനിന്നും ഉയിർപ്പിലേക്കുള്ള ദൂരം. വചനം മാംസമായി അവതരിച്ചത്, സ്വാതന്ത്ര്യത്തിന്റെ നന്മപൂർണമായ ഉപയോഗത്തിലൂടെ മാംസത്തെ ദൈവോന്മുഖമാക്കുവാനും, ദൈവിക ജീവിതത്തിൽ നമ്മെ പങ്കുകാരാക്കുവാനുമാണ്. മരണത്തിന്റെ ശക്തിക്കു കീഴ്പെടുത്താൻ ജീവിതത്തിൽ ഒന്നും തന്നെ അവശേഷിപ്പിക്കാതെ പരിപൂർണ്ണമായി ദൈവത്തിനു സ്വയം സമർപ്പിച്ചതുകൊണ്ടാണ് പരി. മറിയം ഉടലോടുകൂടി സ്വർഗത്തിലേക്കു കരേറിയത് എന്നു പരി. മറിയത്തിന്റെ സ്വർഗാരോഹണത്തെക്കുറിച്ച് വിയന്നായിലെ കർദ്ദിനാൾ ഷോൺ ബോൺ പ്രസംഗക്കുറിപ്പിൽ എഴുതിയത് ഇത്തരുണത്തിൽ പ്രസ്താവ്യമാണ്. പരിപൂർണ്ണമായ സമർപ്പണമാണ് സ്വർഗത്തിലേക്കുള്ള ചവിട്ടുപടി. പരസ്പരമുള്ള സമർപ്പണം ജീവനിലേക്കു നയിക്കുന്നെങ്കിൽ മനുഷ്യന്റെ ദൈവസന്നിധിയിലുള്ള പരിപൂർണസമർപ്പണം നിത്യജീവനിലേക്കു നയിക്കുന്നു.

ഉത്ഥാനം മനുഷ്യചിന്തയ്ക്കും ഭാവനയ്ക്കും അതീതമായ ഒന്നാ


കർദ്ദിനാൾ ഷോൺ ബോൺ

ണ്. പൗലോസ് ശ്ലീഹാ 1 കോറിന്തോസ് 15–10 അധ്യായത്തിൽ മരിച്ചവരുടെ ഉയിർപ്പിനെക്കുറിച്ച് പ്രതിപാദിക്കുന്നത് നശ്വരമായ നമ്മുടെ പ്രകൃതി അനശ്വരമായതിനെ ധരിക്കുന്നതിന്റെ ആവശ്യകതയെ മുന്നിൽ കണ്ടുകൊണ്ടാണ്. യേശുക്രിസ്തുവിലുള്ള മരണം ആണ് ക്രൈസ്തവന് ഉത്ഥാനത്തിനുള്ള മാർഗ്ഗം. മരണം പാപത്തിന്റെ ഫലമാണെന്നു വി. ലിവിനു വ്യക്തമാക്കുന്നുണ്ട്. (ഉല്പ. 2:17, 3:3, 3:19, ജ്ഞാനം 1:13, റോമ 5:12, 6:23). മനുഷ്യനെ ദൈവം സൃഷ്ടിച്ചത് ജീവനിൽ പങ്കുചേർക്കാനാണ്. ക്രിസ്തുവിന്റെ കൃപാവരത്തിൽ മരിക്കുന്നവർക്ക് ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലും പങ്കുചേരാൻ സാധിക്കുമെന്ന് പൗലോസ് ശ്ലീഹാ വ്യക്തമാക്കുന്നു (റോമ 6:3–9, 1 തെസ 4:16).

ദൈവത്തിന്റെ ശക്തിയുടെ പ്രകടനമാണ് ഉത്ഥാനം. സ്വന്തമെന്ന രഹസ്യം മനുഷ്യന്റെ ബുദ്ധിക്കും ഗ്രാഹ്യത്തിനും അതീതമാണ്. അതിനാൽ തന്നെ വി. ഗ്രന്ഥം പ്രതീകങ്ങളിലൂടെയാണ് ഇതിനെക്കുറിച്ച് പറയുന്നത്. യോഹന്നാന്റെ സുവിശേഷം 'പ്രകാശ'ത്തിന്റെ വെളിച്ചത്തിൽ ഇതിനേക്കുറിച്ചു പ്രതിപാദിക്കുന്നു. ഇതാണ് ശിക്ഷാവിധി: 'പ്രകാശം ലോകത്തിലേക്കു വന്നിട്ടും മനുഷ്യർ പ്രകാശത്തേക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു. തിന്മ പ്രവർത്തിക്കുന്നവർ പ്രകാശത്തെ വെറുക്കുന്നു. അവന്റെ പ്രവൃത്തിയെ വെളിപ്പെടാതിരിക്കുന്നതിന് അവൻ പ്രകാശത്തിൽ വരുന്നില്ല' (യോഹ 3:19–20). ഉയിർപ്പ് പ്രകാശത്തിലേക്കുള്ള കടന്നുവരവാണ്.




ഈസ്റ്റർ പ്രകാശത്തിന്റെ ഉത്സവമാണ്. ഇരുളിന്റെ ശക്തിയിൽനിന്നും പ്രകാശത്തിലേക്കു ക്ഷണിക്കപ്പെടുന്ന മനുഷ്യൻ, പാപത്തിന്റെയും തിന്മയുടെയും ഇരുളിലേക്കു പതിക്കുമ്പോൾ രക്ഷകനായ യേശു നിത്യസൗന്ദര്യവും നീതിസൂര്യനുമായ യേശു തന്റെ കുരിശു മരണത്തിലൂടെ പാപത്തിന്റെ നിഴലിൽ നിന്നും നമ്മെ വിടുവിക്കുന്നു. മനുഷ്യന്റെ എല്ലാ പാപങ്ങളെയും അന്ധകാരശക്തികളെയും ദൈവത്തിന്റെ പ്രകാശത്തിനു മുന്നിൽ സ്വതന്ത്രമായും പരിപൂർണ്ണമായും അടിയറവു വക്കുന്ന ഒരു മനുഷ്യന്റെ ഭാവമാണ് കുരിശിൽ നാം കാണുന്നത്. സ്വാർത്ഥത എല്ലാ അന്ധകാര ശക്തികളെയും കുരിശുമരണത്തിന്റെ തണലിൽ സാന്ദ്രീകരിച്ച് നവോന്മുഖമായി സ്വയം സമർപ്പിക്കുന്ന മനുഷ്യപുത്രന്റെ മരണമാണ് മരണത്തിൽ നിന്നും എല്ലാ അന്ധകാരശക്തിയിൽ നിന്നും നിത്യപ്രകാശത്തിലേക്കു മനുഷ്യനെ നയിക്കുന്നത്. മനുഷ്യസ്വാതന്ത്ര്യത്തിന്റെ ഫലപ്രദമായ ഉപയോഗം വഴി, ദൈവത്തോടും മനുഷ്യരോടുമുള്ള നീതിപൂർവ്വമായ സമർപ്പണം വഴി ദൈവത്തിന്റെ പ്രകാശത്തിനും മുമ്പിൽ നമ്മെത്തന്നെ ഭരമേല്പിച്ച് ശിക്ഷാവിധിയെ അതിജീവിക്കാനും രക്ഷയുടെ പ്രകാശത്തിലേക്കു നമ്മുടെ ഹൃദയവും മനസ്സും തുറക്കാനുമാണ് ഈസ്റ്റർ നമ്മെ ആഹ്വാനം ചെയ്യുന്നത്.

---

Ref 1 - പ്ലേറ്റോ, Ve Anima, Book 1, Ch. 4. അരിസ്റ്റോട്ടിൽ, Metaphysics VII (Hylemisphism പാശ്ചാത്യചിന്തയിലെ 'Maths - form' എന്ന തത്വത്തിലൂടെ വസ്തുക്കളെ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള അപഗ്രഥനം)


Ref 2 - പാശ്ചാത്യലോകത്തിൽ മനുഷ്യനെ 'Maths - form' എന്നതിന്റെ വെളിച്ചത്തിൽ 'body - soul' എന്ന ദ്വിത്വമായി കാണുമ്പോൾ, വി. ഗ്രന്ഥം മൂന്നാമത്തെ ഘടകമായ ആത്മാവ് (spirit)-ന് പ്രാമുഖ്യം നല്കുന്നു. ....ഘടകത്തിനെതിരെ ക്രൈസ്തവികതയെ അവതരിപ്പിച്ചുകൊണ്ട് വി. റേതിയസ് പ്രസ്താവിക്കുന്നത് ശ്രദ്ധേയമാണ്. ശരീരമോ മനസ്സോ ആത്മാവോ അല്ല ഇവ മൂന്നിന്റെയും ഐക്യമാണ് മനുഷ്യന് രൂപം നൽകുന്നത്. Neither body nor soul nor spirit is man; but their union forms a complete human person. 'ആത്മാവ്' എന്ന ഘടകത്തിന്റെ അഭാവം മൂലം അരിസ്റ്റോട്ടിലിന്റെ തത്വചിന്തയിൽ .... എന്നാൽ വി. ഗ്രന്ഥം നല്കുന്ന തത്വചിന്ത മറ്റൊന്നാണ്. ഈ ചിന്തയാണ് പിന്നീടുള്ള ക്രൈസ്തവദാർശനികരും തോമസ് അക്വിനാസും പിൽക്കാലത്തെ ക്രൈസ്തവ അസ്തിത്വചിന്തകരും പ്രഖ്യാപിച്ചിട്ടുള്ളത്. ഉദാഹരണം: sores Kerkya..., Grept L. Anxiedy, 85)

Ref 3 - തോമസ് അക്വിനാസ് ഗ്രീക്ക് ഭാഷയിലെ 'ഇന്ദ്രിയ'യും ലാറ്റിൻ ഭാഷയിലെ 'ഘടന'യും തമ്മിലുള്ള ബന്ധത്തിന്റെ വെളിച്ചത്തിൽ മനുഷ്യന്റെ ദൈവോന്മുഖതയെയും transesdence നെക്കുറിച്ചും "the priciple of actuality the transesdence the format structural make up of things" പ്രസ്താവിക്കുന്നു. (S. Thomas Acuinas, ..... I, 75,76) പൗലോസ് ശ്ലീഹാ പ്രസ്താവിക്കുന്ന "അമർത്യതയെ ധരിക്കുന്ന മർത്യശരീരം" (1 കോറി 13) കൃപയാൽ നമുക്ക് സംജാതമാകുന്ന പാപത്തിൽ നിന്നും പ്രസ്തുത നമുക്കു സമ്പാദിച്ചുതന്ന നിത്യജീവന്റെ വാഗ്ദാനത്തിന്റെ വെളിച്ചത്തിൽ നാം കാണേണ്ടതാണ്.

Ref 4 - മനുഷ്യന് അവന്റെ വ്യക്തിത്വം സ്വതന്ത്ര്യവുമാണ് ആധുനിക കാലഘട്ടചിന്തയുടെ മുഖ്യാധാര. അസ്തിത്വവാദം തുടങ്ങിയ ചിന്താധാരകൾ വ്യക്തിയുടെ സ്വന്തമായ തീരുമാനങ്ങളാണ് അവന്റെ സാക്ഷാത്കാരത്തിലേക്ക് നയിക്കുന്നത് എന്നു ആവർത്തിച്ചു പറയുന്നു. ഉത്തരവാദിത്വമായ സ്വാതന്ത്ര്യത്തിന്റെ വിനിയോഗമാണ് വ്യക്തിയെ നയിക്കേണ്ടത്. (See E. V. Masera "Unity of Soul through the power the choice" studies in Philosophy Vol 44, N 4, 42)



# വേദനയുടെ ദൈവശാസ്ത്രം



പ്രൊഫ. കവിയൂർ
ശിവപ്രസാദ്

കുരുക്ഷേത്ര യുദ്ധാനന്തരം ഭഗവാൻ കൃഷ്ണൻ പാണ്ഡവ മാതാവ് കുന്തീദേവിയുടെ സമീപം എത്തുന്നു. കടുത്ത ജീവിതാനുഭവങ്ങൾക്കു ശേഷം ധൃതരാഷ്ട്രരോടും ഗാന്ധാരിയോടുമൊപ്പം 'വാനപ്രസ്ഥ'ത്തിന് പോകാനുള്ള തയ്യാറെടപ്പിലായിരുന്നു കുന്തി.

'അച്ഛൻ പെങ്ങളെ... അവിടേയ്ക്കു വേണ്ട വരം ചോദിച്ചുകൊള്ളൂ... ആഗ്രഹിക്കുന്നതെന്തും സാധിക്കും.'

ഭഗവാൻ ശ്രീകൃഷ്ണൻ തന്റെ സഹോദരപുത്രനാണ്. ഈശ്വരചൈതന്യം നിറഞ്ഞ ഭഗവാനാണ് തന്നോട് ഇഷ്ടവരം ചോദിച്ചുകൊള്ളുവാൻ ആവശ്യപ്പെടുന്നത്.

'ഭഗവാനേ... എനിക്കു കൂടുതൽ വേദന നല്കുക...

അങ്ങനെയെങ്കിലെ അങ്ങയുടെ സാന്നിദ്ധ്യം എന്നിലുണ്ടാവൂ...


എപ്പോഴും അങ്ങയെ സ്മരിക്കാനാവൂ...'

മഹാഭാരതത്തിലെ ഹൃദയസ്പൃക്കായ ഒരു ഭാഗമാണ് മേൽ സൂചിപ്പിച്ചത്. ഈശ്വര സാന്നിദ്ധ്യത്തിനായി വേദന ചോദിച്ചു വാങ്ങുന്ന ഒരു പാരമ്പര്യം നൂറ്റാണ്ടുകൾക്ക് മുമ്പേ ലോകമെമ്പാടും ഉണ്ടായിരുന്നതായി മനസ്സിലാക്കാം.

ആത്മബലിയുടെ ധന്യത ഈ പീഡനത്തിന്റെ പിന്നിലെ ദൈവശാസ്ത്രത്തിനുണ്ട്, 'സൗഭാഗ്യ'ങ്ങളുടെ നിരാകരണ

ത്തിലൂടെ ഈശ്വരസാന്നിദ്ധ്യം അറിയുക. ആദികാലത്തുണ്ടായിരുന്ന, ഇത്തരം ത്യാഗസ്വഭാവം 'ഭർത്തൃഹരി'യിലുണ്ടായിരുന്നു. സ്വയം പീഢനത്തിന്റെ ഏറ്റവും വലിയ ഉദാഹരണങ്ങളാണ് ഇപ്പോഴും നിലനില്ക്കുന്ന ഗരുഢൻ തൂക്കവും ആറടി നീളമുള്ള ശൂലം കവിളിലൂടെ കുത്തിയിറക്കി കാവടിയാടുന്നവരും, സ്വയം ഉരുണ്ടുകൊണ്ട് ശയനപ്രദക്ഷിണം നടത്തുന്നവരും എല്ലാം ചെയ്യുന്നത്. കേരളത്തിൽ ഈ പാരമ്പര്യം ഉൾക്കൊണ്ടുകൊണ്ട് 'മലയാറ്റൂർ' മലകയറുന്ന ഭക്തരെ നമുക്ക് കാണാം. മരക്കുരിശും ഏന്തി ദീർഘദൂരം നടന്ന് സ്വയം വേദനയും കഷ്ടപ്പാടും സഹിച്ച് മലയാറ്റൂർ മലകയറ്റം ഒരു ആചാരമാണ്.


പീഢനത്തെ പറയുമ്പോൾ വേദനയിൽ ആഹ്ലാദം കാണുന്നവർ ഉണ്ട്. 'മസ്സോക്കിസ്റ്റുകൾ' എന്ന പേരിൽ അവരെ മനഃശാസ്ത്ര പഠനം വിലയിരുത്തുന്നു. വേദനയിലൂടെ അനുഭവിക്കുന്ന 'നിർവൃതി'യെപ്പറ്റി പലരും വ്യാഖ്യാനിച്ചിട്ടുണ്ട്. പ്രശസ്ത കവയത്രി സുഗതകുമാരിയുടെ 'കാളിയമർദ്ദനം' എന്ന കവിതയിൽ ഫണമുയർത്തി നിൽക്കുന്ന കാളിയന്റെ ശിരസ്സിനു മേലേ നിന്ന് നൃത്തം ചെയ്യുന്ന കൃഷ്ണനെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ഇവിടെ കൃഷ്ണന്റെ നൃത്തത്തിലൂടെ കാളിയന്റെ ശിരസ്സിലുണ്ടാവുന്ന 'ചവിട്ടു'കൾ വേദനയ്ക്കതീതമായ ഒരു ആനന്ദലഹരിയാണ്. അത് കാളിയൻ അനുഭവിക്കുന്നുണ്ട്. നിസ്സഹായതയുടെ അവസ്ഥയിൽ പീഢനങ്ങൾ അനുഭവിച്ചവരും, ആ ദുഃഖത്തെ ദുഃഖമാണെന്നറിഞ്ഞുകൊണ്ട് തരണം ചെയ്ത് ലോകതത്വമായി മാറ്റിയവരുമുണ്ട്. പൂന്താനം നമ്പൂതിരിക്ക് ആറ്റുനോറ്റുണ്ടായ ഒരു ഉണ്ണിയുടെ മരണത്തിൽ (കുഞ്ഞിന്റെ പിറന്നാൾ ദിനത്തിൽ അകത്തെ മുറിയിൽ കിടന്ന കുഞ്ഞിന്റെ മേലെ അറിയാതെ അതിഥികൾ ഉത്തരീയം ഇട്ട് ശ്വാസം മുട്ടി കുഞ്ഞ് മരിച്ചു എന്ന് കഥ) തീവ്രദുഃഖത്തിലായ



*പൂന്താനം*

പൂന്താനം - ഉണ്ണികൃഷ്ണൻ ഉള്ളിൽ മരുവുമ്പോൾ ഉണ്ണികൾ മറ്റുവേണമോ - എന്നു ചോദിച്ച് ഈശ്വര സാക്ഷാത്കാരത്തിൽ സ്വയം ആശ്വസിക്കയാണ്. സമാനമായ ഒരു സന്ദർഭം സാധു കൊച്ചൂഞ്ഞുപദേശിയുടെ ജീവിതത്തിലുണ്ടായതായി പറയുന്നു. സ്വപുത്രന്റെ വേർപാടിൽ മനം നൊന്ത് അദ്ദേഹം വിലപിച്ചു പാടി 'ദുഃഖത്തിന്റെ പാനപാത്രം... കർത്താവെന്റെ കൈയ്യിൽ തന്നാൽ... സന്തോഷത്തോടതു വാങ്ങി, ഹല്ലേലൂയ്യ പാടും...' എന്ന്.

എന്നാൽ സ്വകാര്യാനുഭവത്തിലും അടുത്ത ജന്മത്തിൽ ഉണ്ടാവാൻ പോകുന്ന നേട്ടങ്ങൾക്കുമായി സ്വാർത്ഥതയുടെ പേരിൽ പീഢനങ്ങൾ ഏറ്റുവാങ്ങുന്നവരുടെ കഥയിൽ നിന്നും വ്യത്യസ്ഥമാണ് ഭഗവാൻ ക്രിസ്തുവിന്റെ കഥ. ഭഗവാൻ എന്ന് പറഞ്ഞതിന്റെ കാരണം ഭഗങ്ങൾ ഉള്ളയാളാണ് ഭഗവാൻ. ഐശ്വര്യം, ധർമ്മം, കീർത്തി, സമ്പത്ത് (ഭൗതികമല്ല), വൈരാഗ്യം (ദ്വേഷത്തിന്റെ സ്വഭാവമല്ല), മോക്ഷം - ഇവയാണ് ഭഗങ്ങൾ. യേശുക്രിസ്തുവിൽ ഇവയെല്ലാമുണ്ടായിരുന്നു. ക്രിസ്തു പീഢനങ്ങൾ ഏൽക്കുന്നതും, ദുഃഖങ്ങൾ ഏറ്റുവാങ്ങുന്നതും എല്ലാം മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടിയായിരുന്നു. സ്വകാര്യ സന്തോഷത്തിനു വേണ്ടിയോ, സൗഭാഗ്യങ്ങൾക്കു വേണ്ടിയോ ആയിരുന്നില്ല. മനു



*സാധു കൊച്ചൂഞ്ഞ് ഉപദേശി*


ഷ്യരാശിയുടെ നന്മയ്ക്കു വേണ്ടിയായി സ്വയം സമർപ്പിച്ച ജീവിതമായിരുന്നു. ഭൂമിയിൽ 'തീയ്' കൊണ്ടുവന്ന് മനുഷ്യന് സൗകര്യം ഉണ്ടാക്കിക്കൊടുത്ത പ്രൊമ്യൂത്തീസ് എന്ന യവനപുരാണങ്ങളിലെ നായകന് സമനായി ക്രിസ്തുവിന്റെ പരിത്യാഗശീലത്തെപ്പറ്റി പാശ്ചാത്യ ദൈവശാസ്ത്ര പണ്ഡിതൻ വിലയിരുത്തിയിട്ടുണ്ട്. സോക്രട്ടീസ്സിന് വേണമെങ്കിൽ മരണത്തിൽ നിന്നും രക്ഷപ്പെടാമായിരുന്നു. എന്നാൽ അദ്ദേഹം അതിനു വഴങ്ങിയില്ല. മനുഷ്യ പുത്രനായി ദൈവാവതാരം എടുത്ത ക്രിസ്തുവിനും സ്വയം രക്ഷപ്പെടാമായിരുന്നു. അദ്ദേഹം അതിന് തയ്യാറായില്ല.



മോറീസ്സ് മേറ്റർലിങ്ക്

ബെൽജിയൻ എഴുത്തുകാരനായ മോറീസ് പോളിഡോർ മാരി ബെർനാർഡ് മേറ്റർലിങ്ക് അദ്ദേഹം മോറീസ്സ് മേറ്റർലിങ്ക് (Maurice Maeterlinck) എന്ന പേരിലാണ് അറിയപ്പെടുന്നത്. 1862 ആഗസ്റ്റ് 16-ന് ജനിച്ച അദ്ദേഹം തന്റെ 86-ാം വയസ്സിൽ 1949 മേയ് മാസം 6-ാം തീയതി ദിവംഗതനായി. 1911-ലെ സാഹിത്യത്തിനുള്ള നോബൽ പ്രൈസ് ലഭിക്കുകയുണ്ടായി. ഫ്രെഞ്ചുഭാഷയിലാണ് കൂടുതലും എഴുതിയിരുന്നത്. കവിയും നാടകകൃത്തും ആയിരുന്ന അദ്ദേഹം നാടകകൃത്ത് എന്ന നിലയിലാണ് കൂടുതൽ അറിയപ്പെട്ടിരുന്നത്. ദി ബ്ലൂബേർഡ്, ദി ബ്ലൈൻഡ്, ഇൻട്രൂഡർ, മേരി മഗ്ദലനേ തുടങ്ങി നിരവധി നാടകങ്ങളിലൂടെ ലബ്ധ പ്രതിഷ്ഠിതനായി. 1910-ലാണ് മൂന്ന് അങ്കങ്ങളുള്ള ഈ നാടകം ആദ്യം പ്രസിദ്ധീകരിച്ചത്. മേരി മഗ്ദലനയെ കൂടാതെ ലൂസിയസ്സ് വേഗൂസ്സ്, യേശുക്രിസ്തു (ശബ്ദം മാത്രം), അന്ധത മാറിയ ഒരാൾ, മറ്റു ചില ക്രിസ്തുശിഷ്യന്മാർ തുടങ്ങിയവരാണ് പ്രധാന കഥാപാത്രങ്ങളായിട്ടുള്ളത്.

ഈ നാടകത്തിൽ മഗ്ദലേനയിലെ മറിയ പ്രധാന കഥാപാത്രമായി വരുന്നു. യഹൂദർ വ്യഭിചാര കുറ്റത്തിന് പിടിച്ച് യേശുക്രിസ്തുവിന്റെ സമക്ഷം കൊണ്ടുവന്ന് അവളെ കല്ലെറിഞ്ഞു കൊല്ലുവാൻ ആക്രോശിച്ചു. അവരോട് പാപം ഇല്ലാത്തവർ കല്ലെറിയട്ടെ എന്നു പറഞ്ഞ് രക്ഷിച്ചു. തുടർന്ന് അവൾ ക്രിസ്തുവിനെ അനുഗമിക്കയും ശിഷ്യയാവുകയും ചെയ്തു. ക്രിസ്തുവിന് കുരിശുമരണം വിധിച്ചത് അവളെ വളരെയധികം വേദനിപ്പിച്ചു. ക്രിസ്തുവിനെ ക്രൂശിക്കുവാൻ പീലാത്തോസ്സ് ചുമതലയേല്പിച്ചത് വേഗൂസ്സ് എന്ന പട്ടാള മേധാവിയെ ആണ്. അയാളെ മറിയം അറിയും. അയാളാവട്ടെ മറിയത്തിന്റെ പിന്നാലെ മോഹിച്ചു നടന്നിട്ടുള്ളവനുമാണ്. യേശു നിരപരാധിയാണെന്നും അദ്ദേഹത്തെ രക്ഷിക്കണമെന്നും അവർ അയാളോട് യാചിക്കുന്നു. അയാളാവട്ടെ അർദ്ധസമ്മതം മൂളി ഒരു വ്യവസ്ഥ വെച്ചു. അങ്ങനെ ചെയ്യണമെന്നുണ്ടെങ്കിൽ മറിയം അയാൾക്ക് വശംവദയാവണം. 'നീ എന്റേതാകാമെന്ന് സമ്മതിച്ചാൽ യേശുവിനെ ഞാൻ മോചിപ്പിക്കാം' എന്നു പറയുന്നു. അവൾ ഒന്നാലോചിച്ചു. യേശുവിന്റെ ജീവൻ രക്ഷിക്കാൻ താൻ കൊടുക്കേണ്ടത് സ്വന്തം ആത്മാവിനെയാണ്. അതിന് സ്വന്തം ആത്മാവിൽ കുടികൊള്ളുന്ന കർത്താവിനെ (യേശുവിനെ) കൊല്ലണം. ലോകത്തിന്റെ 'പ്രകാശ'മായ യേശുനാഥനെ താനായി കെടുത്തണം. അവൾ സംയമനത്തോടെ മറുപടി പറഞ്ഞു. ആത്മാവിൽ നിറസാന്നി




ദ്ധ്യമായി നില്ക്കുന്ന ദൈവത്തെ കൊന്നുകൊണ്ട് യേശുവിന്റെ ഭൗതിക ജീവിതം രക്ഷിച്ചിട്ട് കാര്യമില്ല. 'ഒരു കാര്യം വേഗൂസ് നീ ഓർമ്മിക്കണം. നിന്റെ കയ്യിൽ ഏല്പിക്കപ്പെട്ടവൻ ദൈവമാണ്. ഒരു പക്ഷേ നീയതു വിശ്വസിക്കുന്നില്ലായിരിക്കാം. ആ മനുഷ്യനോട് നീ ചെയ്യാൻ പോകുന്നത് അനീതിയാണ്. കുറഞ്ഞപക്ഷം നീതിയെങ്കിലും നിർവ്വഹിക്കൂ. നീ റോമാക്കാരനല്ലേ? എന്നിലേയും നിന്നിലേയും ദൈവത്തെ കൊല്ലാതിരിക്കാൻ ആ മഹാഗുരുവിനെ മോചിപ്പിക്കുക.'

വേഗൂസ്സ് അവളുടെ അഭ്യർത്ഥന മാനിച്ചില്ല. അയാൾ ക്രിസ്തു ശിഷ്യന്മാരുടെ അടുത്ത് ചെന്നു. അതിൽ മിക്കവരും യേശുക്രിസ്തുവിന്റെ അത്ഭുത പ്രവർത്തികളിലൂടെ രോഗം മാറിയവരും കാഴ്ച കിട്ടിയവരുമാണ്. അവരോട് മറിയത്തെ ചൂണ്ടിക്കാണിച്ച് പറഞ്ഞു "ഈ മഗ്ദലനക്കാരിയെ നിങ്ങൾ അറിയില്ലേ ഇവൾ വിചാരിച്ചാൽ ക്രിസ്തുവിനെ മോചിപ്പിക്കാം. അവൾ പറഞ്ഞാൽ ഞാൻ അനുസരിക്കാം. എന്നാൽ അവൾ പറയുന്നില്ല. ഇവളാണ് യഥാർത്ഥത്തിൽ ഈ കുരിശുമരണത്തിന് ഉത്തരവാദി. നാളെ രാവിലെ യേശു ക്രൂശിക്കപ്പെടും." അവർ ഓരോരുത്തരും ക്രിസ്തുവിനെ രക്ഷിക്കുവാൻ കാലുപിടിച്ച് അപേക്ഷിച്ചു. അവരുടെ അഭ്യർത്ഥന അവൾ നിരാകരിച്ചു. ക്ഷുഭിതയായി വേഗൂസ്സിനോട് പുറത്തുപോകാൻ ആജ്ഞാപിക്കുന്നു. ക്രിസ്തു മരിക്കുന്നത് കാൽവരിയിലെ കുരിശിലല്ല മനുഷ്യഹൃദയങ്ങളിലാണെന്ന് സമർത്ഥിക്കുന്നു.

പീഡനം മനസ്സിൽ വലിയ മാറ്റം ഉണ്ടാക്കുന്നു. ശാരീരികാഘാതം ഉണ്ടാകുമ്പോൾ മനസ്സ് നിശ്ചലമാകുന്നു. പിന്നീട് പഴയ മനസ്സല്ല പ്രവർത്തിക്കുന്നത്. തെളിഞ്ഞ ഒരു ബോധാവസ്ഥയാണ്. മറ്റു ചിന്തകൾ ഒന്നും ബാധിക്കില്ല. നീതിയുടെ പക്ഷത്തിനു വേണ്ടി 'ശരി'യ്ക്കു വേണ്ടി പീഡിപ്പിക്കപ്പെടുമ്പോൾ – ഏലി ഏലി ലമാ സബക്താനി – എന്റെ ദൈവമേ, എന്റെ ദൈവമേ, എന്നെ കൈവെടിഞ്ഞതെന്ത് എന്ന് വിലപിക്കുമ്പോഴും ആ വേദനകൾ തളർത്തില്ല. അങ്ങനെയുള്ളയാളെ തോല്പി

ക്കാനാവില്ല. മുറിവുകൾ ശരീരത്തിലേക്ക് വെളിച്ചം കടത്തിവിടുന്ന പാതയാണെന്ന്-ജലാലുദ്ദീൻ റൂമി (1207-1273) എന്ന സൂഫി വര്യൻ പറഞ്ഞത് അർത്ഥവത്താണ്. തിരിച്ചറിവാണ്.

ശുദ്ധോദന രാജധാനിയിൽ സൗഭാഗ്യങ്ങളെല്ലാം ഉപേക്ഷിച്ച് ആൽത്തറകളിൽ അന്തിയുറങ്ങി ഭിക്ഷ കിട്ടുന്നത് ഭക്ഷിച്ച് സ്വയം പീഡിതനായി കഴിഞ്ഞ ബോധജ്ഞാനിയായ ശ്രീബുദ്ധൻ ഒരിക്കൽ തന്റെ പിതൃസന്നിധിയിൽ എത്തിച്ചേർന്നു. കൊട്ടാരത്തിലെത്തിയ അദ്ദേഹത്തെ ഭാര്യ യശോധരയും മകൻ രാഹുലനും സന്തോഷാശ്രുക്കൾ പൊഴിച്ച് സ്വീകരിച്ചു. പരിഭവം പറഞ്ഞു. പിതാവ് മകന്റെ തിരിച്ചുവരവിൽ ആഹ്ലാദിച്ചു. മകനെ ആലിംഗനം ചെയ്തശേഷം അദ്ദേഹം പറഞ്ഞു:

"മകനേ... നീ തിരിച്ചുവന്നത് നന്നായി... അലഞ്ഞു നടന്ന് നീ ഒരുപാട് ദുഃഖിച്ചിരിക്കും. കഷ്ടപ്പാടുകളും ദുരിതങ്ങളും ആവശ്യത്തിലധികം അനുഭവിച്ചു കാണും. ഇപ്പോഴെങ്കിലും തിരിച്ചുവരുവാൻ തോന്നിയല്ലോ? ഒന്നും ഓർത്ത് വിഷമിക്കേണ്ട. ദുഃഖിക്കേണ്ട... നഷ്ടപ്പെട്ടതെല്ലാം പത്തിരട്ടിയായി ഞാൻ തിരിച്ചു നല്കാം... സന്തോഷിക്കൂ..."


"മഹാരാജാവേ... അങ്ങ് ഇപ്പോഴും എന്നെ സിദ്ധാർത്ഥനായിട്ടാണ് കരുതുന്നത്... നഷ്ടപ്പെട്ടതെല്ലാം പതിന്മടങ്ങ് എനിക്ക് തിരിച്ചു നല്കാം എന്ന് അങ്ങ് പറഞ്ഞുവല്ലോ? ഒന്നോർക്കൂ... എനിക്ക് നഷ്ടപ്പെട്ടത്... എന്നിലെ ദുരാഗ്രഹമാണ്... ഞാനെന്ന ഭാവമാണ്... അസൂയയാണ്.... പൈശന്യമാണ്... സ്പർദ്ധയാണ്... വിദ്വേഷമാണ്... തിന്മകളെല്ലാമാണ്... നഷ്ടപ്പെട്ടത്..."

തുടർന്നുള്ള കഥ വ്യാഖ്യാനിച്ച് പൂർത്തീകരിക്കുന്നില്ല. ഭൗതിക സുഖ നിരാകരണത്തിലൂടെ, അതിലൂടെ ഉണ്ടാവുന്ന ദുഃഖത്തിലൂടെ നമുക്ക് നഷ്ടപ്പെടുന്നത് ഭഗവാൻ ബുദ്ധൻ പറഞ്ഞ നമ്മിലെ തിന്മകളും ദുരാഗ്രഹങ്ങളുമാണ്.

●

# Resurrection

**Biji Roji Karappanacherril**



*From the death culture of today's pomp and show*
*A resurrection to the beauty of silence,*
*To the beauty of calmness and serenity*
*All should rise................*
*The choked breath stuck in a snowy blanket;*
*A piece of dream like 'Unheard melodies'*
*An unattained goal -that long awaited dream*
*Retreatinto chilly loneliness..........*
*The formalities of life, its rules and codes*
*Throttles the winged minds*
*Crushing the memories*
*You and me .......*
*Need an open eye in the heart of hearts*
*To listen, to respond, to live*
*To be Just and to be contented*
*But need a resurrection from all those pomp and show.*



# നിഷ്കാസിതന്റെ ഈസ്റ്റർ



സന്ദീപ് സലീം

യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ഓർമ ആഘോഷിക്കുന്ന ദിവസമാണ് ഈസ്റ്റർ എന്നത് എല്ലാവർക്കും അറിയാവുന്നതാണ്. ആനന്ദത്തിന്റെ ഞായർ എന്നും ഈസ്റ്റർ ദിനത്തെ വിശേഷിപ്പിക്കാറുണ്ട്. ക്രിസ്തുവിന്റെ കുരിശുമരണദിനമായ ദുഃഖവെള്ളിക്കു ശേഷം വരുന്ന ദിനമായതിനാലാണ് ഈ വിശേഷണം ഉണ്ടായത്. ഓരോ ഈസ്റ്ററും മാറ്റത്തിന്റെ സന്ദേശവുമായാണ് കടന്നുവരുന്നത്. ക്രിസ്തുവിന്റെ ജീവിതം അനുകരിക്കണമെന്ന് ഓരോ ഈസ്റ്ററിനും വൈദികരും മാതാപിതാക്കളും ഗുരുക്കന്മാരും ഉപദേശിക്കാറുണ്ട്. അതിന് ക്രിസ്തു എങ്ങനെ ജീവിച്ചു എന്ന് തിരിച്ചറിയേണ്ടതുണ്ട്.

### ഒന്നും അവശേഷിപ്പിക്കാതെ ജീവിക്കുക

ലോകജനതയ്ക്ക് ക്രിസ്തു തന്റെ ജീവിതത്തിലൂടെ നൽകിയ പ്രധാന സന്ദേശങ്ങളിലൊന്നാണിത്. ക്രിസ്തു ഈ ലോകത്തിൽ ജീവിച്ചത് ഒരു അവധൂതനായിട്ടാണ്. അതിനുമപ്പുറം ഒരു വഴിയാത്രക്കാരനായിട്ടാണ്. അദ്ദേഹം ഒരു വീടും നിർമ്മിച്ചിട്ടില്ല. അദ്ദേഹം ഭൂസ്വത്ത് സമ്പാദിച്ചില്ല. അദ്ദേഹം വിവാഹത്തിലൂടെയോ അല്ലാതെയോ ഒരു തലമുറയെ സൃഷ്ടിച്ചില്ല. അതുകൊണ്ടുതന്നെ അദ്ദേഹത്തിന് ബന്ധുക്കളുമുണ്ടായിരുന്നില്ല. അദ്ദേഹം ഭൗതികമായി ഈ ലോകത്തിൽ എന്തെങ്കിലും അവശേഷിപ്പിച്ചിട്ടാണോ പോയതെന്നു ചോദിച്ചാൽ ഒന്നും

കാണാൻ സാധ്യതയില്ല. പക്ഷേ, വലിയൊരു ആശയം ലോകത്തിനു നൽകാൻ ക്രിസ്തുവിനായി. ഓരോ തവണയും ക്രിസ്തുവിന്റെ പുനരുദ്ധാനത്തെക്കുറിച്ച് നമ്മൾ ചിന്തിക്കുമ്പോഴും നമ്മൾ ക്രിസ്തുവിന്റെ ആശയങ്ങളെ പുനർനിർമ്മിക്കാനും ബാധ്യസ്ഥരാണ്. അല്ലാത്തപക്ഷം, ഈസ്റ്റർ ദിനം വെറും ആഘോഷത്തിന്റേതു മാത്രമായിപ്പോവും. അങ്ങനെയാവരുത്.

**ക്രിസ്തു ഒറ്റയ്ക്കു ചെയ്തതും, നാം ചെയ്യേണ്ടതും**


ചിലരെങ്കിലും ക്രിസ്തുവിനെ വിപ്ലവകാരിയെന്നു വിശേഷിപ്പിച്ചിട്ടുണ്ട്. നിലവിലിരിക്കുന്ന വ്യവസ്ഥിതിയിലെ കുഴപ്പങ്ങളെക്കുറിച്ച് ലോകത്തോടു വിളിച്ചുപറഞ്ഞ് മാറ്റത്തിനായി മുന്നിട്ടിറങ്ങുന്നവനാണ് വിപ്ലവകാരി. ഈ അർത്ഥത്തിൽ വിപ്ല വകാരിയെന്നു ക്രിസ്തുവിനെ വിളിച്ചാൽ അത് 100 ശതമാനം സത്യമായിരിക്കും. കാരണം, മാറ്റത്തിനായിട്ടാണ് അദ്ദേഹം ശ്രമിച്ചിട്ടുള്ളത്. മാറ്റം വരുത്താൻ അദ്ദേഹത്തിനായിട്ടുണ്ട്. അദ്ദേഹത്തിന്റെ ആശയങ്ങളെ ആ അർത്ഥത്തിൽ പിൻപറ്റുന്നവർ ഇന്നും മാറ്റങ്ങൾ ലോകത്തു വരുത്തുന്നുമുണ്ട്. നിയമങ്ങൾ അനുസരിക്കാൻ എല്ലാവരും ബാധ്യസ്ഥരാണെന്നു ക്രിസ്തു പഠിപ്പിച്ചിരുന്നു. എന്നാൽ, അത് മനുഷ്യർക്കു വേണ്ടിയല്ലാതാവുമ്പോൾ അത് ലംഘിക്കാനും അദ്ദേഹം ധൈര്യപ്പെട്ടിരുന്നു. മത-സാമുദായിക നിയമപ്രകാരം അനുസരിക്കാനും ആചരിക്കാനും നിർബന്ധിക്കപ്പെട്ടിരുന്ന സാബത്ത് നിയമം ലംഘിച്ച് നന്മ ചെയ്തതിലൂടെ, സാമൂഹിക നീതിക്കെതിരേ, മാനവികതയ്ക്കെതിരേ, മനുഷ്യത്വത്തിനെതിരേ കെട്ടി ഉയർത്തപ്പെടുന്നത് എന്തുതന്നെ ആയാലും അത് എങ്ങനെ മറികടക്കണമെന്ന് അദ്ദേഹം ലോകത്തിനു കാണിച്ചു കൊടുത്തു.

**നന്മ ചെയ്യേണ്ടിടത്തു നിന്ന് ഒളിച്ചോടരുത്**

മനുഷ്യർ ഭൂമിയിൽ ജീവിക്കുന്നതിനിടെ ചെയ്യേണ്ട നന്മകളെക്കുറിച്ച് അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം വ്യക്തമാക്കാൻ ക്രിസ്തുവിനു മനുഷ്യാവതാരത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. അതിനുമപ്പുറം നന്മ ചെയ്യേണ്ടയിടങ്ങളിൽ നിന്ന് ഒരിക്കലും ഒളിച്ചോടരുതെന്നും ക്രിസ്തു വചനങ്ങളിലൂടെ പറഞ്ഞു വയ്ക്കുന്നു. നിന്റെ കൂടെ സഞ്ചരിക്കാൻ ആഗ്രഹിക്കുന്ന ഒരാളിൽ നിന്ന് ഒഴിഞ്ഞു മാറരുതെന്ന് അദ്ദേഹം പറയുന്നതിന്റെ പൊരുൾ മറ്റൊന്നല്ല. അയാൾ ആഗ്രഹിക്കുന്നതിനെക്കാൾ ഇരട്ടി ദൂരം അയാൾക്കൊപ്പം സഞ്ചരിക്കണമെന്നും ക്രിസ്തു പഠിപ്പിക്കുന്നു. മറ്റുള്ളവരുടെ ബുദ്ധിമുട്ടുകളിലും ദുരിതങ്ങളിലും താങ്ങാവണമെന്ന് അദ്ദേഹം പഠിപ്പിക്കുന്നുണ്ട്. കടം വാങ്ങാൻ വരുന്നവനിൽ നിന്ന് രക്ഷപ്പെടാൻ നോക്കരുതെന്നും തിരികെ കിട്ടുമെന്ന് പ്രതീക്ഷിക്കാതെ കടം കൊടുക്കണമെന്നും പുതയ്ക്കാൻ പുതപ്പു തേടിയെത്തുന്നവനു മേലുടുപ്പു കൂടി കൊടുക്കണമെന്നും രണ്ടുടുപ്പുള്ളവൻ ഒരെണ്ണം ഇല്ലാത്തവന് കൊടുക്കണമെന്നുമൊക്കെയായി ക്രിസ്തു പറഞ്ഞു വച്ചത് ഭൂമിയിൽ മനുഷ്യവർഗം നിലനിൽക്കുന്നിടത്തോളം കാലം പ്രസക്തമാണ്. ഈ ഈസ്റ്റർ ദിനത്തിൽ ഭൗതികമായ ആഘോഷങ്ങൾക്കപ്പുറം ഇത്തരത്തിലേക്ക് നിലപാടുകളെ മാറ്റാൻ തയ്യാറാകുന്ന പക്ഷം സ്വർഗം ഈ ഭൂമിയിൽ തന്നെ സൃഷ്ടിക്കാം.

**സമാധാനത്തിനായി ക്രിസ്തുവിനെ പിന്തുടരേണ്ടതില്ല**

ക്രിസ്തുവിനെ സമാധാനത്തിന്റെ വക്താവെന്നും അപ്പോസ്തലനെന്നും പലകാലത്തും വിളിച്ചു കേട്ടിട്ടുണ്ട്. പക്ഷേ, ക്രിസ്തുവിനെ പിന്തുടരുന്നവന് സമാധാനം ലഭിക്കാനിടയില്ല. കാരണം ക്രിസ്തു സമാധാനം പുനസ്ഥാപിക്കാൻ വേണ്ടി ദുരിതങ്ങളുടെയും സംഘർഷങ്ങളുടെയും നടുവിലൂടെ അനീതിയുടെയും തിന്മയുടെയും മുള്ളുകളെ ചവിട്ടി



**ഓരോ തവണയും ക്രിസ്തുവിന്റെ പുനരുത്ഥാനത്തെ കുറിച്ച് നമ്മൾ ചിന്തിക്കുമ്പോഴും നമ്മൾ ക്രിസ്തുവിന്റെ ആശയങ്ങളെ പുനർനിർമ്മിക്കാനും ബാധ്യസ്ഥരാണ്. അല്ലാത്തപക്ഷം, ഈസ്റ്റർ ദിനം വെറും ആഘോഷത്തിന്റേതു മാത്രമായിപ്പോവും. അങ്ങനെയാവരുത്.**

മെതിച്ച് നടന്നു പോയവനാണ്. എല്ലാത്തരം ചൂഷണങ്ങളെക്കുറിച്ചും ലോകത്തെ ബോധ്യപ്പെടുത്താനായി അതിനു വിധേയനായ ആളാണ്. അവന്റെ വഴി അശാന്തിയുടേതായിരുന്നു. ആ വഴികളിലൂടെ നടക്കാൻ നിങ്ങൾ തയ്യാറുണ്ടോ എന്ന ചോദ്യമാണ് ഓരോ ഈസ്റ്ററും നമ്മോട് ചോദിച്ചു കൊണ്ടിരിക്കുന്നത്.

**ക്രിസ്തു നിഷ്കാസിതരുടെ വക്താവ്**

ക്രിസ്തുവിന്റെ നിലപാടുകളും ആശയങ്ങളും പിൻപറ്റാൻ തയ്യാറാവുന്ന പക്ഷം വർത്തമാനകാലത്തിന്റെ ആശങ്കകളെ ദുരീകരിക്കാൻ സാധിക്കും. നമ്മൾ ഇന്ന് പാർശ്വവത്കരിക്കപ്പെട്ടവരെക്കുറിച്ച് ചിന്തിക്കുന്നു. ചൂഷിതരെക്കുറിച്ച് സംസാരിക്കുന്നു. നമ്മൾ മറന്നു പോകുന്ന വലിയ സത്യമുണ്ട്. ക്രിസ്തുവായിരുന്നു ഏറ്റവും വലിയ നിഷ്കാസിതൻ. അദ്ദേഹത്തിന്റെ മരണം നല്ല മരണമായിരുന്നില്ല. ജീവിതത്തിൽ അനുഭവിച്ചു തീർത്ത ദുരിതങ്ങൾക്ക് കൈയ്യും കണക്കുമില്ല. സത്യത്തിൽ അദ്ദേഹം മാറ്റത്തിനായി ശ്രമിച്ചത് പിന്നിൽ നിൽക്കുന്ന ജനക്കൂട്ടത്തെ കണ്ടിട്ടല്ല. സാമൂഹിക നീതിക്ക് എതിരേ കെട്ടിഉയർത്തപ്പെട്ടത് മതാധിപത്യമായാലും ഭരണകൂട ഭീകരതയായാലും ക്രിസ്തു നിലപാടിൽ നിന്ന് വ്യതിചലിച്ചില്ല. പോരാട്ടത്തിന് അവധി കൊടുത്തില്ല. ആൾക്കൂട്ടത്തിനു നടുവിൽ നിന്ന് മുഷ്ടിചുരുട്ടി മുദ്രാവാക്യം വിളിച്ചല്ല ക്രിസ്തു വിപ്ലവകാരിയായത്. പക്ഷേ, അതിന് ലോകം അദ്ദേഹത്തിനായി കാത്തുവച്ചത് വലിയ ശിക്ഷയായിരുന്നു. അങ്ങനെ ക്രിസ്തു നിഷ്കാസിതനായി. അടുത്തിരിക്കുന്നവന് തന്നെക്കാൾ നൂറ് രൂപ കൂടുതൽ വരുമാനമുണ്ടായാൽ അസ്വസ്ഥമാകുന്ന മനസ്സുള്ളവർക്ക് അപരനു വേണ്ടി ഞാനിതാ ഇവിടെ നിനക്കായുണ്ട് എന്നു പറഞ്ഞ ക്രിസ്തുവിനെ മനസ്സിലാവില്ല. ആ ബോധ്യത്തെ കുറിച്ചാണ് ഈസ്റ്റർ നമ്മോടു സംസാരിക്കുന്നത്. അടുത്ത വർഷം വരാനിരിക്കുന്ന ഈസ്റ്റർ സംസാരിക്കുന്നതും ഇതിനെക്കുറിച്ചു തന്നെയാണ്. ●

# BELIEVE IT OR NOT



Harsha Elsa Aby

He is the one who knows me.
He is the one who cares me.
He is the one who loves me.
He is the one who protects me.
His thoughts are the real thoughts.
His words are the real words.
If you believes in him,
your thoughts, they 'll become words;
words they become action;
action they become habbits;
your habbits they become your character.

## ആദരാഞ്ജലികൾ



ഫാ. ജോർജ്ജ് മനപ്പുറത്ത്



# ഉത്ഥാനം വിരിഞ്ഞ പ്രഭാതസന്ധ്യ

**ലിബൂസ് ജേക്കബ് ഏബ്രഹാം**
അസി. പ്രൊഫസർ, മലയാള വിഭാഗം
സെന്റ് തോമസ് കോളജ്, കോഴഞ്ചേരി

> ‘അവനവനു വേണ്ടിയല്ലാതെ അപരനു
> ചുടുരക്തമൂറ്റി കുലം വിട്ടു പോയവർ രക്തസാക്ഷി
> മരണത്തിലൂടെ ജനിച്ചവൻ സ്മരണയിൽ
> ഒരു രക്തതാരകം രക്തസാക്ഷി
> അമ്മയ്ക്കു കണ്ണുനീർ മാത്രം കൊടുത്തവൻ
> നന്മയ്ക്കു കണ്ണും കരുത്തും കൊടുത്തവൻ
> പ്രിയമുള്ളതെല്ലാം ഒരുജ്ജ്വലസ്വപ്നത്തി-
> നൂർജ്ജമായൂട്ടിയോൻ രക്തസാക്ഷി’
>
> *(രക്തസാക്ഷി – മുരുകൻ കാട്ടാക്കട)*

അർത്ഥനിർഭരമായ ഈ വരികളുടെ സന്ദേശം ഏറ്റവുമധികം ചേരുന്നൊരു ജീവിതമാണ് യേശുക്രിസ്തുവിന്റേത്. മൂന്നേകാൽ പതിറ്റാണ്ട് മാത്രം നീണ്ട ജീവിതത്തിൽ, നമുക്കറിയാൻ പാകത്തിൽ സുവിശേഷകർ വരച്ചിട്ട ജീവചരിത്രരേഖയിലൊരിടത്തും അയാൾ തനിക്കുവേണ്ടി ജീവിച്ചതായി പറയുന്നില്ല. മനുഷ്യരൂപത്തിൽ താണിറങ്ങി വന്ന ദൈവവചനം ക്ഷോഭത്തിന്റെ കാറ്റായി, കാരുണ്യക്കടലായി ഗലീലയിലെ അതിസാധാരണക്കാർക്കിടയിൽ സജീവമായിരുന്നു. കലഹിക്കുന്നവന്റെ സുവിശേഷങ്ങൾ മതത്തിന്റെ കോട്ടകൊത്തളങ്ങളിൽ സുരക്ഷിതരായിരുന്നവർക്ക് അരോചകവും ആപൽക്കരവുമായി അനുഭവപ്പെട്ടു. കാരണം, അദ്ദേഹം സംസാരിച്ചത് അതിസാധാരണക്കാർക്കും ആലംബരഹിതർക്കും വേണ്ടിയായിരുന്നു. അവരെ കരുതുകയോ സംരക്ഷിക്കുകയോ ചെയ്യാത്ത സാമൂഹ്യവ്യവസ്ഥിതിക്കെതിരെ വാക്കുകളും പ്രവർത്തികളും കൊണ്ട് ക്രിസ്തു പൊരുതിക്കൊണ്ടിരുന്നു. മാത്രമല്ല, ഐഹികമായ ലോകത്തിനു പുറത്ത് എല്ലാ മനുഷ്യർക്കും വേർതിരിവുകളില്ലാതെ കഴിയാനാവുന്ന ഒരു ലോകം സ്ഥാപിക്കുകയാണ് തന്റെ നിയോഗമെന്നും വിളിച്ചു പറഞ്ഞു. ദൈവരാജ്യമെന്നാണ് യേശു ആ സങ്കല്പത്തെ വിശേഷിപ്പിച്ചത്.

യേശുവിന്റെ ജീവിതനിയോഗത്തിന്റെ പ്രതിഫലനമായാണ് അദ്ദേഹത്തിന്റെ ഇഹലോക ജീവിതത്തിന്റെ അവസാനദിനങ്ങൾ വിലയിരുത്തപ്പെടേണ്ടത്. മനുഷ്യാവതാരത്തിന്റെ ഉദ്ദേശ്യപൂർത്തീകരണം സാദ്ധ്യമായ ദിനരാത്രങ്ങൾ; സംഭവങ്ങൾ. ജീവിതം തന്നെ ദൃഷ്ടാന്തങ്ങളായി രൂപാന്തരപ്പെടുന്ന അതികഠിനവും വിലകൽപ്പിക്കാനാവാത്തതുമായ അനുഭവങ്ങൾ.

യരുശലേമിന്റെ തെരുവുകളെ പ്രകമ്പനം കൊള്ളിച്ച ക്രിസ്തായനം, വിനയത്തിന്റെ പാഠങ്ങൾ പഠിപ്പിച്ച കാൽകഴു

കൽ ശുശ്രൂഷ, കുറ്റവാളിയെപ്പോലെ മരക്കുരിശും ചുമന്ന് ഗോൽഗോഥിലേക്കുള്ള വിലാപയാത്ര. മുന്നാണിയിൽ തൂങ്ങി നട്ടുച്ചയ്ക്ക് ഇരുട്ടിനെ പുതച്ചുകൊണ്ടൊരു മരണം; ഒടുവിൽ ഉത്ഥാനത്തിന്റെ പ്രഭാതസന്ധ്യ ഇരുട്ടിനെ വെളിച്ചമാക്കി മാറ്റിയ പരിണാമപ്രക്രിയ. ഇങ്ങനെ വിശേഷിപ്പിക്കാം സംഭവബഹുലമായ ആ ഇരവുപകലുകൾ. അത് പൂർത്തീകരിക്കപ്പെടുന്നത് കാൽവരിയിലാണ്; ഉയിർപ്പിലുമാണ്.

**പെസഹ: വിനയത്തിന്റെ ആദ്യ (അവസാന) പാഠം**

സഹയാത്രികരുമൊന്നിച്ച് അനുഭവിക്കുന്നതിനായൊരുക്കിയ തീൻമുറിയിൽ വച്ചാണ് യേശു തന്റെ തത്വശാസ്ത്രത്തിന്റെ അവസാന അദ്ധ്യായം അവരെ പഠിപ്പിക്കുന്നത്. ഉന്നതരാകാനാഗ്രഹിക്കുന്നവരൊക്കെ വിനയാന്വിതരാവുക എന്നതായിരുന്നു അത്. അത്താഴമുറിയിൽ ഉറുമാൽ അരയിൽച്ചുറ്റി ഗുരുനാഥൻ തങ്ങളുടെ കാൽകഴുകിയപ്പോൾ ശിഷ്യന്മാർ ഒരു നൊടി പരിഭ്രമിച്ചു പോയിരിക്കാം. അവരദ്ദേഹത്തെ തടയാൻ ശ്രമിച്ചിരിക്കാം. പക്ഷേ... മനുഷ്യകുലത്തിനാകെ അനന്തകാലത്തോളം ഓർത്തിരിക്കാനുതകുന്ന പാഠമാണതെന്ന് അവർ അറിഞ്ഞിരുന്നിരിക്കില്ല.

എത്ര മനോഹരമായ പാഠമാണത്! സ്വയം ദാസനാവുക; നേതാവാകാൻ മത്സരിക്കുന്ന അനേകമാളുകൾക്കിടയിൽ ദാസമായി മാറാൻ ആരുമില്ലാത്ത കാലമാണിത്. തന്റെ ജീവിതകാലത്തിനുശേഷം ശിഷ്യർ അനുവർത്തിക്കേണ്ട ജീവിതചര്യ എപ്രകാരമായിരിക്കണമെന്ന മുന്നറിയിപ്പും ആ പ്രവർത്തിക്കു പിന്നിൽ ഉണ്ടായിരുന്നു... മറ്റു മൂന്നു സുവിശേഷകരെക്കാൾ യോഹന്നാൻ ഈ ഭാഗത്തിന് പ്രാധാന്യമേറെ നല്കിയിരിക്കുന്നു. ആദിമസഭയിൽ നിലനിന്നിരുന്ന ചില വ്യക്തിഗതഭാവങ്ങളോടുള്ള പ്രതികരണമായിട്ടാകണം.




താൻപോരിമകളുടെ ഒരു കാലമാണിത്; ആരുമാരെയും അംഗീകരിക്കാത്ത ഒരു കാലം. ആർക്കും വിനയാന്വിതരാകാൻ ഇഷ്ടമില്ലാത്ത നേരം. എല്ലാവരും അവരവർക്കുവേണ്ടി കെട്ടിപ്പടുത്ത ദന്തഗോപുരങ്ങളിൽ സ്വസ്ഥമായിരുന്ന് അധികാരഭാവത്തിൽ കഴിയണമെന്നാഗ്രഹിക്കുന്ന കാലം ക്രിസ്തു ആഹ്വാനം ചെയ്തത് വിനയാന്വിതരാകാനാണ്. താൻ പോരിമകൾ വെടിയാനാണ്. ധാർഷ്ട്യത്തിന്റെ മേലങ്കി ഉരിഞ്ഞു കളഞ്ഞ് താഴ്മയുടെ അരക്കച്ച കെട്ടുന്നതിനാണ്.

**ആത്മതപനത്തിന്റെ രാത്രി**

കാൽവരിയാത്രയ്ക്ക് തുടക്കം കുറിക്കുന്നയിടത്തിന് ബൈബിളിൽ സവിശേഷമായ പ്രാധാന്യമുണ്ട്. കാൽവരി ആദ്യം യേശുവിന്റെ ഹൃദയത്തിൽ വന്നു നിറഞ്ഞത് അവിടെ ആയിരിക്കുമ്പോളാണ്. ഗത്സമനിയാണത്. ക്രിസ്തു കടന്നുപോയ ആത്മതാപനത്തിന്റെ യാമങ്ങളെ തൊട്ടറിഞ്ഞ മണ്ണ്. അവിടേക്കു പോകുമ്പോൾ അദ്ദേഹം തന്റെ ശിഷ്യന്മാരെയും ഒപ്പം കൂട്ടുന്നുണ്ട്. അവരോടാവശ്യപ്പെടുന്നത് ഒന്നുമാത്രമാണ്. തനിക്കൊപ്പം ഉണർന്നിരുന്ന് പ്രാർത്ഥിക്കണമെന്നാണ്. പക്ഷേ... അവർക്കതിന് കഴിയുന്നില്ല. പ്രിയപ്പെട്ട സ്നേഹിതൻ തനിച്ച് പ്രാർത്ഥിക്കുമ്പോൾ, ഉറക്കം അവരെ കീഴ്പ്പെടുത്തുന്നുണ്ട്. ഒന്നിലധികം പ്രാവശ്യം അവർക്കരികിലേക്ക് കടന്നുവന്ന യേശു നിരാശനായി പ്രാർത്ഥനാസ്ഥലിയിലേക്ക് മടങ്ങുന്നത് സുവിശേഷങ്ങൾ കാട്ടിത്തരുന്നുണ്ട്. 'താനിനി നടത്തേണ്ടുന്ന വഴികളുടെ കഠിനഭാരവും ഏൽക്കേണ്ടുന്ന മുറിവുകളുടെ ബാഹുല്യവും അനുഭവിക്കേണ്ട ഒറ്റപ്പെടലിന്റെ തീവ്രതയും അദ്ദേഹത്തെ പരവശനാക്കിയിരിക്കാം. വിളറിയ പൂർണ്ണചന്ദ്രൻ കാവൽനിന്ന ആ രാത്രിയിൽ ഗത്സമനിയിൽ അനുയാത്ര ചെയ്ത സ്നേഹിതരോട് അവനാവശ്യപ്പെട്ടത് അവരുടെ പ്രാർത്ഥന മാത്രമാണ്. പക്ഷേ... അവന്റെ വിയർപ്പിലൂടെ രക്തം ചാലിട്ടൊഴുകുമ്പോൾ ഉണർന്നിരുന്ന് പ്രാർത്ഥന നല്കേണ്ട, ഹൃദയം പങ്കിട്ടവർ ഉറങ്ങിപ്പോയതാവാം. ഒരുപക്ഷേ ക്രിസ്തു നേരിട്ട ഏറ്റവും വലിയ വേവലാതി.' (കാരുണ്യത്തിന്റെ കടൽ, ക്രൂശ് പ്രത്യാശയുടെ ചിറകുകൾ, മാർത്തോമ്മാ സന്നദ്ധ സുവിശേഷസംഘം, മുംബൈ ഭദ്രാസനം, 2015) എന്ന് ഈ ലേഖകൻ എഴുതിയിട്ടുണ്ട്. നിസഹായതയുടെ പാരമ്യത്തിൽ ദൈവദൂതരുടെ ശുശ്രൂഷയേൽക്കും മുമ്പ് ലോകത്തെ ഏറ്റവും മനോഹരമായ പ്രാർത്ഥനയും അദ്ദേഹം നിർവ്വഹിക്കുന്നു (മാർക്കോ 14:36).

ഹൃദയത്തിൽ ചൂഴ്ന്നിറങ്ങിയ ഭയംകൊണ്ട് നിലതെറ്റിപ്പോകുന്ന പത്രോസിനെ ഗത്സമനിയിലാണ് നാം കണ്ടുമുട്ടുന്നത്. അയാൾ വാളൂരി മഹാപുരോഹിതന്റെ സൈനികനു നേർക്ക് ആഞ്ഞുവീശുന്നു. അയാളുടെ കാതറ്റുപോകുന്നത് പരിഭ്രാന്തമായ മനസ്സിന് ലക്ഷ്യം തെറ്റിയതുകൊണ്ടാണെന്ന് വ്യക്തമാണ്. ആ നിമിഷത്തിൽ മനസ്സു തകർന്നു നിൽക്കുന്ന പത്രോസിനേയും മറ്റു ശിഷ്യരേയും യേശു സാന്ത്വനിപ്പിക്കുന്നത് എത്ര ആർജ്ജവത്തോടെയാണ്. വാൾ ഉറയിലിടുക, വാളെടുക്കുന്നവൻ വാളാൽ നശിക്കുമെന്നറിയുക എന്ന് തികഞ്ഞ ശാന്തതയോടെ അവരെ ഉപദേശിക്കുന്നു, പഠിപ്പിക്കുന്നു.

**തിരസ്കാരങ്ങളുടെ യാമങ്ങൾ**

തിരസ്കാരങ്ങളുടെ യാമങ്ങളിലൂടെയാണ് ഗത്സമനിയിൽ നിന്ന് ക്രിസ്തു സഞ്ചരിക്കുന്നത്. അതിലാദ്യത്തെയാൾ യൂദായാണ്. ചുംബനം സ്നേഹപ്രകടനമെന്നപോലെ ഒറ്റുകൊടുക്കലിന്റെയും അടയാളമാകുമെന്ന് ആദ്യം തെളിയിച്ചതയാളാണ്. വാളും വടികളുമേന്തി മഹാപുരോഹിതന്റെ പട്ടാളം കടന്നുവരുമ്പോൾ മടിശീലയിൽ കിലുങ്ങുന്ന മുപ്പതുവെള്ളി നാണയങ്ങൾ മറച്ചുപിടിക്കാൻ അയാൾ കണ്ടെത്തിയ മാർഗ്ഗമതായിരുന്നു. ഗുരുവിന്, പ്രാണസ്നേഹിതന് നല്കുന്ന ഗാഢചുംബനം. ഒറ്റുകാരന്റെ വില. ആ തിരസ്കാരത്തെ ക്രിസ്തു വളരെ വേഗത്തിൽ തിരിച്ചറിയുന്നുണ്ട്. യൂദാസിന്റെ ശരീരഭാഷയിൽ അത്രയേറെ പരിഭ്രമം കലർന്നിരിക്കാം. അതു തിരിച്ചറിയാൻ കൂടെ നടന്നൊരാൾക്ക് ഒരു നിമിഷാർദ്ധംപോലും വേണ്ടതില്ല.

രണ്ടാമത്തെയാൾ പത്രോസാണ്. പാറയെന്ന് ക്രിസ്തു വിശേഷിപ്പിച്ചവൻ; ശിഷ്യ പ്രമുഖൻ, ഞാൻ ഒരിക്കലും നിന്നെ തള്ളിപ്പറയില്ലയെന്ന് ആണയിട്ട് പറഞ്ഞഹങ്കരിച്ചവൻ. പക്ഷേ... തണുപ്പുള്ള രാവിൽ ആഴിയ്ക്കരികിൽ തീ കാഞ്ഞിരിക്കുമ്പോൾ വെറുമൊരു വാല്യക്കാരിയുടെ കേവലമൊരു ചോദ്യത്തിനു മുമ്പിൽ അയാൾ വെണ്ണകണക്കെ യുരുകി വീണു. ക്രിസ്തു പറഞ്ഞ വാക്കുകൾ എത്രമാത്രം ശരിയായി വന്നുവെന്നോർക്കുക. ശിഷ്യർ പരിഭ്രാന്തരായി മാറി. എല്ലാവരും വെറും സാധാരണക്കാരായി. നായകൻ വീഴുമ്പോൾ ചിതറുന്ന പട കണക്കെ, അവരുടെ മനസ്സ് പൊട്ടിച്ചിതറിപ്പോയി. ജീവിതം കയ്യിൽ നിന്ന് ചോർന്നു പോകുന്നുവെന്നു തോന്നിയ നിമിഷത്തിൽ ഉണ്ടായ സ്വാഭാവിക പ്രതികരണം; ഒളിയിടങ്ങൾ തേടിയുള്ള പലായനം.


**പാനം ചെയ്ത കാസാ**

ലോകത്തൊരു മനുഷ്യാവതാരവും ഇത്തരത്തിലുണ്ടായിട്ടില്ല. സ്വയം ബലിയായി മാറുക; അങ്ങനെ രക്ഷകനാവുക. വൈരുദ്ധ്യമെന്ന് തോന്നാമെങ്കിലും എത്ര രസകരമാണത്. പിതാവിന്റെ നിയോഗത്തെ ശിരസ്സാവഹിച്ചുകൊണ്ട് ബലിപീഠത്തിലേക്ക് നടന്നടുക്കുക. ലോകത്തിന്റെ മുഴുവൻ പാപപരിഹാരത്തിനായി ജീവൻ വിട്ടുകൊടുക്കുക. ഈ മഹാത്യാഗമാണ് എക്കാലവും സഭയുടെ ജീവനും ചൈതന്യവും. മഹത്തായ ബലികർമ്മങ്ങളെക്കുറിച്ചുള്ള ഓർമ്മയിലാണ് ഓരോ കുർബാനയും പൂർത്തീകരിക്കപ്പെടുന്നത്. മേശമേൽ മുറിക്കപ്പെടുന്ന അപ്പവും പങ്കുവയ്ക്കപ്പെടുന്ന കാസയും ക്രിസ്തു കടന്നുപോയ തീവ്രാനുഭവങ്ങളുടെ ഓർമ്മപ്പെടുത്തലാകുന്നിടത്താണ് ക്രിസ്തീയത അർത്ഥവത്താകുന്നത്. പക്ഷേ... വർണ്ണപ്പകിട്ടുള്ള ജീവിതക്കാഴ്ചകളിൽ കണ്ണുടക്കി നിന്നുപോകുമ്പോൾ ഈ ബലിയും അതുവഴി സാദ്ധ്യമായ മനുഷ്യവർഗ്ഗത്തിന്റെ നിത്യരക്ഷയും നമ്മുടെ ഓർമ്മയിൽ എത്തേണ്ടതുണ്ട്. കാരണം ക്രൂശ് പഠിപ്പിക്കുന്നത് ഒരവസാനത്തെയല്ല; തുടർച്ചയെയാണ്. പ്രതീക്ഷകളുടെ നാളം പൊലിഞ്ഞുപോയാലും അതിനപ്പുറത്ത് സാദ്ധ്യമാകുന്ന പുനർജീവനത്തിന്റെ കീർത്തനമാണ്. അതുകൊണ്ടാണ് കാൽവരി പുതിയ നിയമത്തിന്റെ കാസയാണെന്ന് പറയാനാവുന്നത്.

**ഉത്ഥാനത്തിന്റെ പുലരി**

എത്ര മുൻകരുതലോടുകൂടിയാണ് ക്രിസ്തുവിന്റെ ദേഹം സംസ്കരിക്കപ്പെട്ടത്. രാജമുദ്ര വച്ച് പടയാളികളാൽ കാവൽ ഏർപ്പെടുത്തപ്പെട്ട ശവകുടീരം. വലിയ കൽപ്പാളികൊണ്ട് മൂടിയ കബറിടം തങ്ങളുടെ ജീവിതത്തിലെ അവസാനത്തെ അദ്ധ്യായമെന്ന് കരുതി, ദുർബലരായിപ്പോയ ശിഷ്യന്മാർ. മനുഷ്യന്റെ പ്രതീക്ഷകൾ അസ്തമിക്കുന്നിടത്തുനിന്ന് ദൈവം അവനിൽ പുതിയ പ്രതീക്ഷകളുടെ മുളകൾ പാകിത്തുടങ്ങുന്നു. കറുത്തുപോയ വെള്ളിയാഴ്ച ആശകൾ കടപുഴകി വീണിരുന്നെങ്കിലും യേശുവിനോടുള്ള അവരുടെ സ്നേഹം വേരറ്റുപോയിരുന്നില്ല. അതിനാലാകണം ഒളിവിടങ്ങളിൽ നിന്ന് അവന്റെ കല്ലറ തേടി ചിലരെങ്കിലും എത്തിയത്... ഒറ്റയടിപ്പാതകളിൽ തനിച്ചു നടക്കുന്നവർക്ക് ആഘോഷമാകുന്നതാണ് ഉത്ഥാനത്തിന്റെ പൊരുൾ... വരണ്ടു പോയിടത്ത് ആദ്യ മഴത്തുള്ളി വീഴുമ്പോളുയരുന്ന ഗന്ധം കണക്കെ അവർ ജീവിതത്തിന്റെ പുതിയ പ്രതീക്ഷകൾ മെനഞ്ഞു തുടങ്ങുന്നു. അതിലാകണം, ഉയിർപ്പ് 'അവനെ തിരികെ ലഭിച്ചിരിക്കുന്നുവെന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ്' എന്ന് പറയാൻ പ്രേരിപ്പിക്കുന്നതും. ●

**ഉപകാര സ്മരണ**



ഒരു വിശ്വാസി

# ABBA CURTAINS

Estd 1999

**INTERIOR FURNISHING&UPHOLSTERY WORKS**

**T.K.ROAD ERAVIPEROOR,THIRUVALLA**

**MOB:9744497064**











**Our services:**

Model Curtain Stitching&Fixing
Sofa & Setty Upholstery works,
Vertical Blinds,Venetian Blinds,
Wooden Blinds &Roller Blinds

**Our sales:**

Curtain Clothes,Furnishing Clothes,
Floor matt,Ready Made Curtains,
Carpet,Table Matt,Door Matt,
Curtain Channel,Steel Almara
Sofa Set,Furniture&Mattress

Dr. Back Orthopedic Mattress | SUNIDRA SLEEP SOLUTIONS | Peps SPRING KOIL | Kurl-on | RUBCO MATTRESS

Supreme FURNITURE | FAMILY PLASTICS | Nilkamal India's Favourite Furniture | DuroTurf DOOR MATS | Oak N' Oak from fine furniture



ഒന്നാം ചരമവാർഷികം
2017 ഏപ്രിൽ 10
റവ. ഫാ. ബഹനാൻ
ചെറുപാലത്തിൽ
സെന്റ് തോമസ് മലങ്കര കത്തോലിക്കാ പള്ളി
വെണ്ണിക്കുളം
സന്തപ്തകുടുംബാംഗങ്ങൾ




15–ാം ചരമവാർഷികവും
അനുസ്മരണവും
ഫാ.മാത്യു ചെമ്പോത്തിനാൽ
മരണം: 15–04–2002
മലങ്കര സഭയിലെ അനുഗ്രഹീത വൈദികൻ. റവ. ഫാ. മാത്യു ചെമ്പോത്തിനാലിന്റെ ഓർമ്മ കുർബ്ബാനയും അനുസ്മരണവും 2017 ഏപ്രിൽ 17 ന് വൈകിട്ട് 4 പി.എം. ന് മാതൃ ഇടവകയായ തേക്കുങ്കൽ സെന്റ്. തോമസ് മലങ്കര കത്തോലിക്ക ദൈവാലയത്തിൽ.
ഭംഗ്യാ ദൈവസുതാ നിന്നെ ശുശ്രൂഷിച്ചൊരു വൈദികരെ
നിന്നാഗമന മഹാ നാളിൽ ഓർക്കു മുഖപ്രഭയേകേണം.
അശ്രു പൂജകളോടെ
മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനം
തേക്കുങ്കൽ യൂണിറ്റ്, റാന്നി മേഖല





Customized Stainless Steel Display Counters
and Stainless Steel Equipment
for Bakery Restaurant and Hotels.
JIJI JACOB
CHIRAYIL INDUSTRIES
CHIRAYIL BUILDINGS, CYCLE MUKH, MANNAR
Phone: 917558901837, 919526904474.
E-mail: jijijacob54@gmail.com.

# അങ്ങേയ്ക്ക് തുല്യനായി ആരുമില്ല

(നവതിയുടെ നിറവിൽ
ബഹു. സൈമൺ പുളയങ്കിൽ അച്ചൻ)





മോൺ. ചെറിയാൻ താഴമൺ

## ആമുഖം

ഇതാ ഒരു അത്ഭുതമനുഷ്യൻ, അത്ഭുതം പ്രവർത്തിക്കുന്നവനല്ല, സ്വയം ഒരു അത്ഭുതമായിരിക്കുന്നവൻ. നമ്മൾക്ക് അവനെ അറിയാം, നമ്മൾ അവനെ കണ്ടിട്ടുണ്ട്. അവൻ നമ്മുടെ കൂട്ടത്തിലുണ്ട്, കൂടെ നടക്കുന്നുണ്ട്. അവൻ നമുക്ക് ഒരു സമസ്യയാണ്. കഷ്ടിച്ച് അഞ്ചടി രണ്ടിഞ്ച് ഉയരം, നാല്പത്തിയഞ്ച് കിലോഗ്രാം ഭാരം, കൃശഗാത്രൻ, ശരീരത്തിൽ അടയാളം അവശേഷിപ്പിക്കുന്ന തരത്തിലുള്ള ഇരുപത്തിനാല് വലിയ ശസ്ത്രക്രിയകൾ, ശരീരത്തിൽ അടയാളങ്ങൾ അവശേഷിക്കാത്ത രക്തധമനി വാർത്തെടുക്കൽ (ആൻജിയോപ്ലാസ്റ്റി) പോലുള്ള ആറ് ശസ്ത്രക്രിയകൾ, അങ്ങനെ ഗൗരവതരമായ മുപ്പത് ശസ്ത്രക്രിയകൾക്ക് വിധേയനായ വ്യക്തി. ചികിത്സയ്ക്കായി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടിരുന്നതു മാത്രം ഒരു വർഷത്തിലധികം. എന്നാൽ ചികിത്സയ്ക്കുശേഷം വിശ്രമിച്ചിട്ടുള്ള ദിവസങ്ങൾ തുലോം തുച്ഛം. തൊണ്ണൂറാം വയസിലും വിശ്രമില്ലാതെ സേവനനിരതനായിരിക്കുന്ന വൈദികൻ.

മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും എതിർപ്പ് തൃണവല്ഗണിച്ചുകൊണ്ട് പുനരൈക്യത്തിലൂടെ പരിശുദ്ധ കത്തോലിക്കാ സഭയിലെത്തിയ വ്യക്തി. പുനരൈക്യപ്പെട്ട ദിവസംതന്നെ വൈദിക പരിശീലനത്തിന് ഇറങ്ങിത്തിരിച്ചവൻ. ഉന്നതപഠനത്തിന് റോമിലേക്ക് അയക്കണമെന്ന് മേജർ സെമിനാരി അധികാരികൾ രൂപതാധ്യക്ഷനോട് ശുപാർശ ചെയ്തിട്ടും തന്നോടൊപ്പം വൈദികപട്ടം സ്വീകരിച്ച സഹപാഠിയെ ഉന്നത പഠനത്തിന് രൂപതാധികാരികൾ റോമിലേക്ക് അയച്ചിട്ടും പരിഭവം ഏതും ഇല്ലാതെ രൂപതയുടെ പ്രേഷിതമേഖലയിലെ ഏറ്റവും ബുദ്ധിമുട്ടേറിയ വയനാടിന്റെയും നീലഗിരിയുടെയും മണ്ണിലേക്ക് ഇറങ്ങിത്തിരിച്ച വൈദികൻ.

സ്വന്തം ക്ലേശങ്ങളും വേദനകളും ഗൗനിക്കാതെ അന്യരുടെ വേദനകൾക്ക് ശമനം വരുത്തുവാൻ സദാസന്നദ്ധനായ ആർദ്രഹൃദയൻ. നൂറുകണക്കിന് കുടുംബങ്ങൾക്ക് ഭവനനിർമാണത്തിനും വിദ്യാഭ്യാസ ആവശ്യങ്ങൾക്കും വിവാഹ ആവശ്യങ്ങൾക്കും രോഗചികിത്സയ്ക്കും സ്വയം തൊഴിൽ കണ്ടെത്തലിനും പണം കണ്ടെത്തി സഹായിച്ച ഉദാരമതി. ആകുലത അശേഷം അലട്ടാത്ത ആൾ. അധികാരികൾ ആവശ്യപ്പെടുന്ന ഏതു ചുമതലയും ഏറ്റെടുത്ത് നിറവേറ്റുന്നതിൽ എപ്പോഴും ഉത്സുകനായ വ്യക്തി. ഏറ്റവും പരിമിതവും ലളിതവുമായ ഭൗതിക ജീവിതസൗകര്യങ്ങളിൽ സമ്പൂർണ സംതൃപ്തി കണ്ടെത്തുന്ന കർമ്മയോഗി. തൊണ്ണൂറാം വയസിലും വിശ്രമമില്ലാതെ സേവനനിരതനായിരിക്കുന്ന വൈദികൻ.

ഒരു മെഡിക്കൽ കോളജിൽ വിദ്യാർഥികളുടെ ഹോസ്റ്റൽ വാർഡനായി പതിനഞ്ച് വർഷമായി വിദ്യാർഥികൾക്കും കോളജ് അധികാരികൾക്കും തൃപ്തികരമായി തുടരുക,

സാധാരണക്കാർക്ക് അസാധ്യം. എന്നാൽ, ഇവയൊക്കെ സുസാധ്യമായ ഒരുവൻ നമ്മോടൊപ്പമുണ്ട്. അത് മറ്റാരുമല്ല, നവതിയുടെ നിറവിലായിരിക്കുന്ന ബഹു. സൈമൺ പുളിയങ്കിൽ അച്ചനാണ്. അദ്ദേഹത്തെക്കുറിച്ച് ആലോചിച്ചപ്പോൾ മനസിലേക്കു വന്ന നാല്പതാം സങ്കീർ- ത്തനത്തിന്റെ അഞ്ചാം വാക്യത്തിലെ ഒരു ഭാഗമാണ് ലേഖനത്തിന്റെ തലവാചകമായി എടുത്തിരിക്കുന്നത്. "... അങ്ങേയ്ക്ക് തുല്യനായി ആരുമില്ല...." (സങ്കീ.40:5).

### കുടുംബപശ്ചാത്തലം


പാലയൂരിൽ വച്ച് ക്രിസ്തുശിഷ്യൻ മാർത്തോമ്മാ ശ്ലീഹായിൽ നിന്ന് ക്രിസ്തുവേദം സ്വീകരിച്ച കാളികാവ് ഇല്ലത്തിൽപെട്ടവർ ചരിത്രപരമായ കാരണങ്ങളാൽ സ്വന്തദേശം വിട്ട് കടുത്തുരുത്തി കുറവിലങ്ങാട് പ്രദേശത്തും പിന്നീട് നിലയ്ക്കലും പള്ളിവാതുക്കൽ എന്ന വീട്ടുപേരിൽ വന്നു താമസിച്ചു. കാലാന്തരത്തിൽ സാമൂഹിക കാരണങ്ങളാൽ നിലയ്ക്കൽ വിട്ടുപേക്ഷിച്ച് പുറപ്പെട്ട അവരിൽ ഒരു കൂട്ടർ കാഞ്ഞിരപ്പള്ളിയിലും മറ്റൊരു കൂട്ടർ കടമ്പനാട്ടും അതേ കുടുംബപ്പേരിൽ വന്നു വസിച്ചു. ഏകദേശം ഏഴ് നൂറ്റാണ്ടുകൾക്ക് മുമ്പ് കടമ്പനാട്ട് പള്ളിവാതുക്കൽ കുടുംബത്തിന്റെ ശാഖയിൽപെട്ട തെക്കേവീട്ടിൽ നിന്ന് സഹോദരങ്ങളായ വർക്കി യും നൈനാനും പുത്തൻകാവിൽ എത്തി 'വലിയവീട്ടിൽ' എന്ന കുടുംബനാമം സ്വീകരിച്ച് താമസിച്ചിരുന്നു. കൂടുതൽ മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ തേടി വർക്കി അവിടെനിന്നും ഇടപ്പള്ളി സ്വരൂപത്തിന്റെ ഭരണാധികാര സീമയിൽപെട്ട കല്ലൂപ്പാറ പ്രദേശത്ത് എത്തി. അവിടെ വേലന്മാരുടെ ചുടുകാട് വർക്കിക്ക് വീടു വയ്ക്കാൻ ഇടപ്പള്ളി തമ്പുരാൻ കല്പിച്ച് നൽകി. പ്രസ്തുത പുരയിടത്തിന്റെ അടുത്ത് വഴിയിൽ നീളം കുറഞ്ഞ ഒരു പാലം (തുണ്ടുപാലം) ഉണ്ടായിരുന്നു. അതു കാരണം വർക്കിയ്ക്ക് മുണ്ടുപാലത്തുങ്കൽ എന്ന് വീട്ടുപേരും വീണു. കല്ലൂപ്പാറ വലിയ പള്ളിയുടെ തുടക്കത്തിനും മുമ്പു ള്ള കാര്യമാണിത്. പ്രസ്തുത മുണ്ടുപാലത്തിങ്കൽ വർക്കിയുടെ പന്ത്രണ്ടാം തലമുറയിൽപെട്ട വർക്കിയാണ് പുളിയങ്കിലേക്ക് മാറി താമസിച്ചത്. പതിനാലാം തലമുറയിൽ തപ്പുകൊട്ട് വിദഗ്ധനായ ഒരു വർക്കി ആശാൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന് പതിനഞ്ചാം തലമുറയിൽ മൂന്ന് പുത്രന്മാർ ഉണ്ടായിരുന്നു. അതിൽ പുളിയങ്കിലായ വള്ളോന്ത്രയിൽ താമസിച്ചരുന്ന വർക്കി അയിരൂർ പുത്തേത്തുനിന്നാണ് വിവാഹം ചെയ്തിരുന്നത്. പ്രസ്തുത പുത്തേത്ത് കുടുംബത്തിൽ നിന്നാണ് പിന്നീടുള്ള തലമുറകളിൽ സൈമൺ (ശീമോൻ) എന്ന പേര് പുളിയങ്കിൽ കുടുംബത്തിൽ എത്തിച്ചേർന്നത്. ഇദ്ദേഹത്തിന്റെ അഞ്ച് ആൺമക്കളിൽ ഇളയവനായ ഐക്കുഴിയിൽ ചെറിയാനാണ് കുന്നന്താനത്ത് വന്നു താമസിച്ചത്. ചെങ്ങന്നൂർ മംഗലം മൂലേതുണ്ടിയിൽ അന്നമ്മയായിരുന്നു അദ്ദേഹത്തിന്റെ സഹധർമിണി. അവർക്ക് അഞ്ച് പുത്രന്മാരും മൂന്ന് പുത്രിമാരും ജനിച്ചു. ഇവരിൽ ഏഴാമനും ആൺമക്കളിൽ ഏറ്റവും ഇളയവനുമാണ് നവതിയിലെത്തിയിരിക്കുന്ന പെരിയ ബഹുമാനപ്പെട്ട സൈമൺ പുളിയങ്കിൽ അച്ചൻ (ഫാ. സൈമൺ പുളിയങ്കീഴ്).



### ജനനം, പഠനം

ജനനം 1927 ഒക്ടോബർ 16-ന്. ജ്ഞാനസ്നാനം 1927 നവംബർ 13-ാം തീയതി പാമല ഓർത്തഡോക്സ് പള്ളിയിൽ, വികാരി മേമഠത്തിൽ ബഹു. വർഗീസ് അച്ചന്റെ കാർമികത്വത്തിൽ. പിതാമഹിയുടെ കുടംബപൈതൃകത്തിൽ നിന്നു ലഭിച്ച സൈമൺ എന്ന് മാമോദീസാ പേര്. കൊച്ചൂഞ്ഞ് എന്ന് ഓമന പേര്. ഭവനത്തിലെ ആത്മീകാന്തരീക്ഷം വിശ്വാസത്തിന്റെയും ഭക്തിയുടെയും സദ്വിത്തുകൾ ബാലനിൽ മുളപ്പിച്ചു. പ്രാഥമിക വിദ്യാഭ്യാസം മുണ്ടിയപ്പള്ളി എൽ.പി സ്കൂളിൽ. കുന്നന്താനം മലമ്പാറയ്ക്കൽ മലയാളം സ്കൂളിൽ നിന്ന് മലയാളം ഏഴാം ക്ലാസ് പാസായി. (കാലാന്തരത്തിൽ ഈ സ്കൂൾ പ്രവർത്തനം നിർത്തി). തുടർന്ന് കുന്നന്താനം യു.പി സ്കൂളിൽ സെക്കൻഡ് ഫോമിൽ ചേർന്ന് പഠനം തുടർന്നു. തിരുവല്ലാ എസ്.സി.എസ് സ്കൂളിൽ 1947-ൽ ഫോർത്ത് ഫോമിൽ ചേർന്നു. 1949-ൽ സിക്സ്ത്ത് ഫോം (SSLC) പാസായി. ടൈപ്പും ഷോർട്ട് ഹാൻഡും പഠനം തുടർന്നു. ബോംബെയിൽ ജോലിക്ക് വിടണം എന്നായിരുന്നു മാതാപാതിക്കളുടെ ആഗ്രഹം.

(തുടരും)



# നിയമത്തെക്കാൾ വലിയ സ്നേഹം

**സി. ഗ്ലാഡിസ് O.S.S**

"പത്രോസ്" ക്രിസ്തുവിന്റെ ശിഷ്യൻ, സഭയുടെ തലവൻ എന്നതിൽ നിന്നും സാധാരണക്കാരിൽ സാധാരണക്കാരനായി പത്രോസ് എന്ന ശിഷ്യനിലേക്ക്... ക്രിസ്തു പാറയെന്ന് വിശേഷിപ്പിച്ചവൻ, ശിഷ്യഗണത്തിൽ തീരെ ഉറപ്പില്ലാത്തവൻ. വെറും മണൽ മാത്രമായിരുന്ന പത്രോസ് എങ്ങനെ പാറയായി. പത്രോസിന്റെ ചില മനോഭാവങ്ങളെ ക്രിസ്തു തല്ലിക്കെടുത്തി ഉറപ്പും കെട്ടുറപ്പുമുള്ള സഭയുടെ പാറയാക്കി (മത്തായി 16:13). പത്രോസിന്റെ വിശ്വാസ പ്രഖ്യാപനം യേശു കേസരിയ ഫിലിപ്പി പ്രദേശത്ത് എത്തിയപ്പോൾ, ശിഷ്യന്മാരോട് ചോദിച്ചു മനുഷ്യപുത്രൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്. ചിലർ സ്നാപക യോഹന്നാൻ. ചിലർ ഏലിയാ. ചിലർ ജെറമിയ, പ്രവാചകന്മാരിൽ ഒരുവൻ എന്നും പറയുന്നു. പത്രോസ് ശരിയായ ഉത്തരം പറഞ്ഞു "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്." കർത്താവ് പുകഴ്ത്തി. യോനായുടെ പുത്രനായ ശിമയോനേ മാംസരക്തങ്ങളല്ല എന്റെ സ്വർഗ്ഗസ്ഥനായ പിതാവാണ് നിനക്കിതു വെളിപ്പെടുത്തിത്തന്നത്. നീ പത്രോസാണ്. ഈ പാറമേൽ ഈ സഭ ഞാൻ സ്ഥാപിക്കും. പിന്നീട് തന്റെ പീഡാനുഭവത്തിന്റെയും ഉത്ഥാനത്തിന്റെയും ഒന്നാം പ്രവചനം നടത്തുമ്പോൾ തനിക്ക് പ്രവചനരക്തിയുണ്ട് എന്ന് അഹങ്കരിച്ച് ശിഷ്യന്മാരിൽ നിന്ന് യേശുവിനെ മാറ്റി നിർത്തി പത്രോസ് തടസ്സം പറഞ്ഞു "നിനക്കിത് സംഭവിക്കാതിരിക്കട്ടെ." ക്രിസ്തു പറഞ്ഞു 'സാത്താനെ എന്റെ മുന്നിൽ നിന്ന് പിന്നിൽ പോവുക.' സ്വർഗീയ വെളിപാടുകൾ പറയുന്ന നിന്റെ അധരത്തിൽ നിന്ന് നാളെ സാത്താന്റെ വചനങ്ങളും പുറപ്പെടാം. അതിനാൽ യഥാർത്ഥ ശിഷ്യനാകണമെങ്കിൽ നിന്നിലെ വരദാനങ്ങളുടെ ഈഗോ മാറണം. പ്രവചനങ്ങളുടെയും ദർശനങ്ങളുടെയും പേരിൽ ആത്മീയതയ്ക്ക് മാർക്കിടുന്നവരാണ് നിങ്ങൾ, കണ്ട പ്രവചനങ്ങളോ ദർശനങ്ങളോ ഒന്നും നിന്റെ സ്വന്തമല്ല. അതുകൊണ്ട് മടങ്ങിപ്പോകൂ സ്വർഗ്ഗസ്ഥപിതാവിന്റെ പക്കലേക്ക്.

മത്തായിയുടെ സുവിശേഷം 18:21–22 വാക്യങ്ങൾ നിയമങ്ങളെയും കൽപ്പനകളെയും അറിയുന്നവനായ പത്രോസ് ക്രിസ്തുവിനോട് ചോദിച്ചു ആരെങ്കിലും തെറ്റ് ചെയ്താൽ ഞാൻ ഏഴു പ്രാവശ്യം ക്ഷമിച്ചാൽ പോരേ. ക്ഷമ എന്നത് സ്നേഹമാണ്. എന്നാൽ ഏഴു പ്രാവശ്യം ക്ഷമിക്കുക എന്നത് നിയമമാണ് സ്നേഹമല്ല.

നിയമജ്ഞർക്കും ഫരിസേയർക്കും നിയമം ഒരഹന്തയായിരുന്നു. അവരുടെ അബദ്ധനിയമസഞ്ചാരങ്ങൾക്ക് കുറുകെ വീണ മരമായിരുന്നു ക്രിസ്തു. ഫരിസേയർക്ക് നിയമം മതിലായിരുന്നു. ക്രിസ്തുവിന് അത് വാതിലും. പാപിനിയായ സ്ത്രീയെ രക്ഷിക്കുന്ന ക്രിസ്തു നിയമത്തിന്റെ മുനയുള്ള അവരുടെ ചോദ്യങ്ങളെ തകർത്തു. ഒരു പക്ഷേ കല്ലെറിഞ്ഞു കൊല്ലാനുള്ള നിയമത്തിന്റെ അനുശാസനത്തിൽ നിന്നും മറിയത്തെ രക്ഷിച്ച യൗസേപ്പിന്റെ കഥ അമ്മ പറഞ്ഞുകൊടുത്തത് കൊണ്ടായിരിക്കാം പാപത്തിന്റെ പിടിയിൽപ്പെട്ട സ്ത്രീയെ കല്ലേറിൽ നിന്നും ക്രിസ്തു രക്ഷിച്ചത്.

നെഞ്ചിലമർന്ന കൈകളും അല്പം കുനിഞ്ഞ ശിരസ്സും മാത്രംകൊണ്ട് ഒരു വലിയ പുണ്യം എനിക്ക് ഉണ്ടെന്ന് നീ അഹങ്കരിക്കരുത്. അരയിൽ കച്ച ചുറ്റി ദാസന്റെ വേഷം സ്വീകരിച്ച് ശിഷ്യരുടെ പാദങ്ങൾ കഴുകിയവന്റെ ശ്രേഷ്ഠത നാം ഉൾക്കൊള്ളണം. ഉച്ചത്തിലുള്ള ശബ്ദങ്ങൾ ധിക്കാരവും, പതിഞ്ഞ സ്വരം താഴ്മയുമല്ല. അവന്റെ ചെരിപ്പിന്റെ വാറഴിക്കാൻ പോലും ഞാൻ യോഗ്യനല്ല എന്ന് പറഞ്ഞ് എളിയവനായ യോഹന്നാൻ. എന്നാൽ ഹേറോദോസ് കണ്ട വലിയ ധിക്കാരിയും ആയിരുന്നു സ്നാപകൻ. വലുപ്പ ചെറുപ്പം മാനിക്കാതെ നീ തെറ്റ് ചെയ്തിരിക്കുന്നു എന്ന് പറയാനുള്ള ആർജ്ജവം കൂടിയാണ് എളിമ. സത്യസന്ധമായ അന്വേഷണങ്ങൾക്ക് ഒടുവിൽ സംഭവിക്കുന്ന സമർപ്പണമാണ് എളിമ. അതുകൊണ്ട് ബൈബിളിൽ നാം കാണുന്നത് മാലാഖയോട് കൃത്യമായി ചോദ്യം ചോദിക്കുന്ന അമ്മയെ. ജീവിതത്തിൽ ഒന്നിനെയും ഭയക്കാത്ത ക്രിസ്തുവിനു ഒരു പുണ്യമേയുള്ളു. എന്നെ അയച്ചവന്റെ ഇഷ്ടം നിറവേറ്റുക. എല്ലാ ദുഷ്പേരുകളിലും അവഗണനകളിലും പ്രതിസന്ധികളിലും നിങ്ങൾ പുലർത്തുന്ന ആനന്ദമാണ് പുണ്യം. നൊമ്പരങ്ങൾക്കിടയിൽ പരിഭവങ്ങൾ ഇല്ലാതെ ഹൃദ്യമായി പുഞ്ചിരിക്കാൻ കഴിയുന്നതിൽ വലിയ പുണ്യമില്ല.



# പ്രബോധനം

തിരുവചനത്തിന്റെ പുനർവായന

**മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...**

## 2017 ഏപ്രിൽ 9 ഞായർ
## ഓശാന ഞായർ (യോഹ. 12:12 – 19)

ഓശാന തിരുനാളിലെ ഏറെ ശ്രദ്ധേയമായ ഒരു കഥാപാത്രത്തെക്കുറിച്ച് വിചിന്തനം ചെയ്യുന്നത് ഉചിതമാണെന്നു തോന്നുന്നു. അത് മറ്റാരുമല്ല, കർത്താവിനെ ചുമന്ന കഴുത! പൂർവ്വ തലമുറകളിൽ ദൈവദൂതന്റെ ദർശനം ലഭിച്ചവൻ, ദൈവപദ്ധതിക്ക് വിരുദ്ധമായി ജീവിക്കുന്നതിനേക്കാൾ നല്ലത് മനുഷ്യന്റെ പീഡനം സഹിക്കുന്നതാണെന്ന് തീരുമാനിച്ചവൻ, മനുഷ്യന്റെ കണ്ണു തുറപ്പിക്കാൻ മനുഷ്യഭാഷയിൽ സംസാരിക്കാൻ ഭാഗ്യം ലഭിച്ചവൻ (സംഖ്യ. 22:21-30) – ബാലാമിന്റെ കഴുത. പക്ഷേ മനുഷ്യദൃഷ്ടിയിൽ കഴുത എന്നും അവജ്ഞാപാത്രമായിരുന്നു. ഓശാനാഘോഷയാത്രയിലെ കഴുതയ്ക്ക് കുരിശിന്റെ വഴിയിലെ കിറേനേക്കാരൻ ശിമയോനുമായി ഏറെ സാമ്യമുണ്ട്. ഇരുവരും ആൾക്കൂട്ടങ്ങളുടെ ആർപ്പുവിളികൾക്കിടയിൽ നിശബ്ദരായി നിന്നവർ, നിർബന്ധപൂർവ്വം ചില നിയോഗങ്ങൾ ചുമലിലേറ്റാൻ വിളിക്കപ്പെട്ടവർ, എതിർപ്പുകൾ കൂടാതെ ചുമന്ന ദൈവികഭാരങ്ങളുടെ ആത്മീയ അടയാളങ്ങൾ സുവിശേഷ പരാമർശങ്ങളിലൂടെ ലഭിച്ചവർ.

ആൾക്കൂട്ടങ്ങളിൽ ഒരുവനായിരിക്കുന്നതിനേക്കാൾ നല്ലത്, കർത്താവിനെ ചുമക്കുന്ന കഴുത ആയിരിക്കുന്നതാണ്. ഇന്ന് 'ഹോസാന' എന്ന് ആർപ്പുവിളിച്ചവർ അതിന്റെ അലകൾ നിലയ്ക്കും മുൻപേ 'ഇവനെ ക്രൂശിക്കുക' എന്ന് ആർപ്പുവിളിക്കും.

ആൾക്കൂട്ടം ജഡികമായ അഭിലാഷങ്ങളിൽ നിമഗ്നരാണ്. അപ്പം വർദ്ധിപ്പിക്കാൻ കഴിയുന്നവനെയും (യോഹ. 6:26), മരിച്ചവനെ ജീവിപ്പിക്കാൻ കഴിയുന്നവനെയുമാണ് (യോഹ. 12:18) അവൻ പിൻചെല്ലാൻ ആഗ്രഹിച്ചത്. എന്നാൽ നശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കാതെ 'നിത്യജീവനു'വേണ്ടിയും അതിനായി നൽകപ്പെടുന്ന താനാകുന്ന 'ജീവന്റെ അപ്പത്തിനുവേണ്ടിയും അദ്ധ്വാനിക്കാൻ ആവശ്യപ്പെട്ടപ്പോൾ ആൾക്കൂട്ടത്തിന് അവനിൽ ഇടർച്ചയുണ്ടായി.

ആൾക്കൂട്ടത്തിന്റെ ആർപ്പുവിളികളിൽ ഭ്രമിച്ചു പോവരുത് എന്ന ഒരു സന്ദേശവും ഈ വേദഭാഗം നമുക്ക് തരുന്നുണ്ട്. നമുക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നില്ലെന്നു കാണുന്നില്ലേ. നോക്കൂ, ലോകം അവന്റെ പിന്നാലെ പോയിക്കഴിഞ്ഞു എന്ന് ഫരിസേയനെക്കൊണ്ട് പറയിപ്പിച്ചവർ തന്നെ അടുത്ത നിമിഷങ്ങളിൽ തന്നെ അവന്റെ മേൽ പരിഹാസം ചൊരിയുവാനും ശിക്ഷാവിധി നടപ്പിലാക്കുവാനും പരിശ്രമിച്ചു. ആൾക്കൂട്ടത്തിന്റെ ആത്മീയതകളിൽ ജീവിക്കുന്നവർക്ക് വരാൻ പോകുന്ന വലിയ അപകടത്തിന്റെ സൂചനയാണിത്. വിശ്വാസപ്രമാണത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു എന്ന് ഏറ്റുപറയുമ്പോൾ അതിൽ സജീവമായ ഒരു 'ഞാൻ' ഉണ്ടെന്ന് ഓരോ വ്യക്തിയും ഉറപ്പുവരുത്തണം.

***ഫാ. തോമസ് പയ്യംപള്ളിൽ***

## 2017 ഏപ്രിൽ 16 ഞായർ
## ക്യംതാകാലം (യോഹ. 20:1 – 10)

ഏഴ് ആഴ്ച നീണ്ട വലിയ നോമ്പും നമ്മുടെ കർത്താവായ യേശുവിന്റെ കഷ്ടാനുഭവങ്ങൾ, മരണം, സംസ്കാരം, ഇവയുടെ അനുസ്മരണാഘോഷങ്ങളും കഴിഞ്ഞ് മൂന്നാം ദിവസത്തെ ഉയിർത്തെഴുന്നേൽപ്പിനെ സഭയുടെ ഏറ്റവും വലിയ പെരുനാളായി നമ്മൾ ഇന്ന് ആഘോഷിക്കുകയാണ്. സഭയുടെ വിശ്വാസത്തിന്റെ അടിസ്ഥാനമായി നിൽക്കുന്നതും യേശുവിന്റെ ഉത്ഥാനമാണ്.

നാലു സുവിശേഷകരും യേശുവിന്റെ ഉത്ഥാനത്തെക്കുറിച്ച് എഴുതിയിട്ടുണ്ടെങ്കിലും എല്ലാം ഒന്നുപോലെയല്ല. അടിസ്ഥാനകാര്യങ്ങളിൽ യോജിപ്പുണ്ടെങ്കിലും അവർ ഏതു സമൂഹത്തെയും പ്രദേശത്തെയും മുന്നിൽ കണ്ടും അവിടെയൊക്കെ നേരിടേണ്ട എതിർപ്പുകളെ പരിഗണിച്ചും ആണ് എഴുതിയിട്ടുള്ളത്. ഇന്നത്തെ സുവിശേഷ വായന വിശുദ്ധ യോഹന്നാന്റെ സുവിശേഷം 20-ാം അദ്ധ്യായത്തിന്റെ പ്രാരംഭ ഭാഗമാണ്. അവിടെ നമ്മൾ കാണുന്നത് മഗ്ദലന മറിയം തനിയെ ഞായറാഴ്ച രാവിലെ കല്ലറയിലേക്ക് ചെല്ലുന്നതും കല്ലറ തുറന്നു കിടക്കുന്നതു കണ്ട് അക്കാര്യം ഉടനെ പത്രോസിനെയും യേശു സ്നേഹിച്ചിരുന്ന മറ്റേ ശിഷ്യനെയും അറിയിക്കാനായി ഓടിപ്പോകുന്നതും ആണ്. ആ വാർത്ത കേട്ടയുടനെ അവരിരുവരും കൂടെ കല്ലറയുടെ അടുത്തേക്ക് ഓടുന്നു. ആദ്യം എത്തുന്നതു മറ്റേ ശിഷ്യനാണെങ്കിലും കല്ലറയിൽ കടന്നു നോക്കാനുള്ള ആദ്യത്തെ അവകാശം പത്രോസിനു കൊടുത്തുകൊണ്ട് പുറത്തു നിന്നു. പത്രോസ് കല്ലറയ്ക്കുള്ളിൽ കയറി യേശുവിന്റെ ശരീരം പൊതിഞ്ഞിരുന്ന കച്ച മടക്കിയും തലയിൽ മൂടിയിരുന്ന തൂവാല ചുരുട്ടിവച്ച മട്ടിലും കണ്ടിട്ടു പുറത്തു കടക്കുന്നു. രണ്ടാമതു കയറിയ, യേശു സ്നേഹിച്ച ശിഷ്യൻ, യോഹന്നാൻ അതേ കാഴ്ചകൾ തന്നെ കണ്ടു.പക്ഷേ അതേപ്പറ്റി തുടർന്നു പറയുന്നത്, 'കണ്ടു വിശ്വസിച്ചു' എന്നാണ്. ഉയിർത്തെഴുന്നേറ്റെന്ന സത്യം ആണ് തുറന്നു കിടന്ന കല്ലറയും ഉപേക്ഷിക്കപ്പെട്ട നിലയിൽ കിടന്ന കച്ചയും തൂവാലയും കണ്ട് വിശ്വസിച്ചത്. ഒരു വാക്യം കൂടി അദ്ദേഹം എഴുതുന്നുണ്ട്: യേശു ജീവിച്ചിരുന്നപ്പോൾ, മരണശേഷം താൻ ഉയിർത്തെഴുന്നേൽക്കേണ്ടിയിരിക്കുന്നു എന്നു പറഞ്ഞിരുന്ന കാര്യം അതുവരെ മന

സ്സിലാക്കിയിരുന്നില്ലെന്ന്. ഉയിർപ്പു പെരുന്നാളിന്റെ ചിന്തയ്ക്ക് വിശുദ്ധ പൗലോസ് കോരിന്ത്യർക്കുള്ള ഒന്നാം ലേഖനത്തിൽ പറയുന്ന കുറെ സത്യങ്ങളും നമുക്ക് ഉപയുക്തമാക്കാം.

ആദ്യമായി അദ്ദേഹം പറയുന്നത് നമ്മുടെ കർത്താവ് നമ്മുടെ പാപങ്ങൾക്കുവേണ്ടി സ്വന്തശരീരത്തിൽ പീഡനമേറ്റു, മരിച്ചു, സംസ്കരിക്കപ്പെട്ടു എന്ന യാഥാർത്ഥ്യം ആണ്. തുടർന്ന് പറയുന്നത്, മൂന്നാം ദിവസം ഉയിർത്തു എന്നും അവിടുന്ന് ആദ്യം തന്റെ ശ്ലീഹന്മാരായ പത്രോസിനും മറ്റു പന്ത്രണ്ടു പേർക്കും, അവരെല്ലാമുൾപ്പെടെ അഞ്ഞൂറിലധികം പേർക്ക് ഒരുമിച്ചും, യാക്കോബിനും മറ്റു ചില ശ്ലീഹന്മാർക്കും പ്രത്യേകമായും പ്രത്യക്ഷപ്പെട്ടു എന്നുമാണ്. അതിനുശേഷം അകാലപ്രജയപ്പോലെ തനിക്കും യേശുവിന്റെ പ്രത്യക്ഷമുണ്ടായി. യേശുവിന്റെ ശ്ലീഹന്മാർക്ക് അവിടുന്ന് പ്രത്യക്ഷനായി സമാധാനം ആശംസിക്കുന്നുണ്ട്. അവരുടെ വിശ്വാസത്തിലൂടെയേ യേശുവിന്റെ സുവിശേഷം ലോകമാസകലം പ്രസംഗിക്കുവാൻ അവരെ ചുമതലപ്പെടുത്താനാകൂ. വിശുദ്ധ പൗലോസ് യേശുവിന്റെ ഉത്ഥാനത്തെ മറ്റു മനുഷ്യരുടെ എല്ലാം ഉയിർപ്പിനു കാരണമായും മാതൃകയായും എടുത്തു പറയുന്നുണ്ട്. യേശു ഉയിർത്തിട്ടില്ലെങ്കിൽ നമ്മളും ഉയർക്കപ്പെടുകയില്ല. യേശു ഉയിർത്തില്ലെങ്കിൽ അങ്ങനെ പ്രസംഗിക്കുന്ന ഞങ്ങൾ യേശുവിനെ പ്രതി കള്ളസാക്ഷികളാകുമെന്ന് പറയുന്നുണ്ട്. അതുപോലെ തന്നെ യേശു ഉയിർത്തിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗവും ഞങ്ങളെ വിശ്വസിക്കുന്ന നിങ്ങളുടെ വിശ്വാസവും വ്യർത്ഥമാണ് എന്നും തീർത്തു പറയുന്നു. അങ്ങനെയെങ്കിൽ ക്രൈസ്തവന്റെ വിശ്വാസവും പ്രത്യാശയും അസ്ഥാനത്താകുമല്ലോ? നമ്മുടെ കർത്താവിന്റെ ഉയിർപ്പു പെരുന്നാളിനെ അർഹിക്കുന്ന വിധം സന്തോഷത്തോടെയും എന്നേക്കും ജീവിക്കാനുള്ള നമ്മുടെ പ്രത്യാശയുടെ ഉറപ്പായും നമുക്കും ആഘോഷിക്കാം.

***ഫാ. തോമസ് പുതിയവീട്ടിൽ***

## 2017 ഏപ്രിൽ 23 ഞായർ
## പുതുഞായറാഴ്ച (യോഹ. 20:19–29)

പാപത്താൽ തെറ്റിപ്പോയവരെ തന്റെ പീഡാനുഭവത്താലും കുരിശിനാലും രക്ഷിച്ച് ദൈവപുത്രനടുത്തേക്ക് ഉയർത്തി ഏവർക്കും സമാധാനം ആശംസിച്ച് കടന്നുവരുന്ന ഞായറാഴ്ചയാണ് പുതുഞായറാഴ്ച. സുവിശേഷ പ്രഘോഷണത്തിനായി ശിഷ്യന്മാരെ ഭരമേല്പിച്ച് അയയ്ക്കുന്ന ഞായറാഴ്ചയാണ് പുതുഞായറാഴ്ച. ക്രിസ്തുശിഷ്യന്മാർ പരിശുദ്ധാത്മാവിന്റെ നിറവ് സ്വീകരിക്കുന്ന ഞായറാഴ്ചയാണ് പുതുഞായറാഴ്ച. പാപങ്ങൾ മോചിക്കുവാനും ബന്ധിക്കുവാനും അധികാരം നല്കപ്പെട്ട ഞായറാഴ്ചയാണ് പുതുഞായറാഴ്ച. യേശു പഴയനിയമത്തിലെ യഹോവയായ ദൈവത്തിന് സാദൃശ്യനെന്ന് ഉറക്കെ പ്രഖ്യാപിക്കപ്പെട്ട ഞായറാഴ്ചയാണ് പുതുഞായറാഴ്ച. ഇപ്രകാരം ഒട്ടനവധി ചിന്തകളാൽ, ദൈവിക അനുഗ്രഹങ്ങളാൽ സമ്പുഷ്ടമാണ് ഇന്നത്തെ സുവിശേഷം.

യഹൂദരെ ഭയന്ന് കതകടച്ചിരിക്കുന്ന ശിഷ്യന്മാരുടെ മദ്ധ്യേ വന്ന് യേശു പറയുന്നു, 'സമാധാനം'. അതിനുശേഷം അവിടുന്ന് തന്റെ തുറക്കപ്പെട്ട പാർശ്വവും കൈകളും കാണിക്കുന്നു. ക്രിസ്ത്യാനിയുടെ സമാധാനം ക്രിസ്തുവിന്റെ തുറക്കപ്പെട്ട പാർശ്വവും കൈകളുമാണെന്ന് യേശു പഠിപ്പിക്കുന്നു. നീ ലോകത്തിൽ ആരുതന്നെയായിക്കൊള്ളട്ടെ, യേശുവുണ്ടെങ്കിൽ നിനക്ക് സമാധാനം ലഭിക്കും എന്ന് യേശു പഠിപ്പിക്കുന്നു. ഇപ്രകാരം പഠിപ്പിച്ചുകൊണ്ട് ശിഷ്യന്മാരെ സുവിശേഷം ദൗത്യം നല്കി അയയ്ക്കുന്നു. പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. അവരുടെ മേൽ നിശ്വസിച്ച് അവർക്ക് പരിശുദ്ധാത്മാവിനെ നല്കുന്നു. നിങ്ങൾ പോയി ഞാൻ പഠിപ്പിച്ചവ ജനങ്ങളെ പഠിപ്പിക്കുവിൻ. പിതാവ് എന്നെ അയച്ചു. അതിന്റെ ലോകത്തിലെ അനുഭവം തുറക്കപ്പെട്ട പാർശ്വവും കൈകളും. അതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. പ്രതിഫലം എന്തുതന്നെയായിക്കൊള്ളട്ടെ, നിങ്ങൾക്ക് സമാധാനം. ക്രിസ്തുശിഷ്യന് വേണ്ടതും എന്നാൽ ഇന്ന് ക്രിസ്തുശിഷ്യനില്ലാത്തതും സമാധാനമല്ലേ. നമുക്ക് ധ്യാനിക്കാം.

ഈ സുവിശേഷ ദൗത്യത്തിനിറങ്ങുന്ന ശിഷ്യന്മാർക്ക് ബോണസ് കണക്കെ ഒരു അനുഗ്രഹം കൂടി നല്കുന്നു. പാപങ്ങൾ ബന്ധിക്കുവാനും മോചിക്കുവാനും. ദൈവദൗത്യം ഇവിടെ മനുഷ്യർക്ക് നല്കപ്പെടുന്നു. ഇതിന്റെ ചുവടുപിടിച്ച് വേണം മുന്നോട്ടു വരുന്ന വാക്യങ്ങൾ അല്ലെങ്കിൽ തോമസിന്റെ സംശയം നാം മനസ്സിലാക്കുവാൻ. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ട ശ്ലീഹന്മാരിൽനിന്നും അല്പം പോലും ശ്ലൈഹികത തനിക്ക് കുറവുണ്ടാകരുതെന്ന നിർബന്ധം ക്രിസ്തുവിനെ ഒരിക്കൽക്കൂടി ലോകത്തിന് പ്രത്യക്ഷപ്പെടുത്തുവാൻ തോമസിനെ നിർബന്ധിക്കുന്നു. മറ്റ് ശിഷ്യന്മാർ കർത്താവിനെ കണ്ടുവെന്ന് പറയുമ്പോൾ കർത്താവിനെ അനുഭവിക്കുവാനുള്ള വാഞ്ഛയാണ് ശ്ലീഹ ഇവിടെ പ്രകടിപ്പി


# ദൈവവിളി ക്യാമ്പ്

**Infant Mary's Minor Seminary**
**Archdiocese of Tiruvalla**


**പൗരോഹിത്യമെന്ന ദൈവദാനം സ്വീകരിച്ച് തിരുവല്ല അതിരൂപതയിൽ ശുശ്രൂഷ ചെയ്യാൻ ആഗ്രഹിക്കുന്ന 10–ാം ക്ലാസ്സോ അതിലുപരിയോ വിദ്യാഭ്യാസ യോഗ്യതയുള്ള കുഞ്ഞനുജന്മാരെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ദൈവവിളി ക്യാമ്പ് മെയ് 3,4,5, തീയതികളിൽ മൈനർ സെമിനാരിയിൽ**

Contact:

Vocation Promoter:
Rev.Fr. David Thottapurakal
Ph: 9526953206
Rector:
Rev. Fr. Joseph Valamparambil
Ph:9061727189

ക്കുന്നത്. "വെറും കാഴ്ചയും തൊട്ടനുഭവവും" തമ്മിൽ ഏറെ അന്തരമുണ്ടെന്ന് നമുക്കറിയാം. മറ്റ് ശിഷ്യന്മാർ ഈ അന്തരത്തിൽ നില്ക്കുമ്പോൾ യേശുവുമായുള്ള ബന്ധത്തിൽ ഈ അന്തരമുണ്ടാകാൻ പാടില്ല എന്ന് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നു. ക്രിസ്തുവിനെ അനുഭവിച്ചറിയുവാൻ നമുക്ക് സാധിക്കണം. ഈ അനുഭവിച്ചറിയലിലാണ് സ്നേഹം വർദ്ധിക്കുന്നത് എന്ന് നമുക്കറിയാം. ഇപ്രകാരം യേശുവിനെ ആധാരമായി സ്നേഹിച്ച അപ്പസ്തോലൻ യേശുവുമായുള്ള തന്റെ നിരന്തര സഹവാസത്തെയാണ് ഇവിടെ പ്രകടമാക്കുന്നത്. ഇപ്രകാരം സ്നേഹം സഹവാസമാണ് എന്ന് യേശുവും സമ്മതിക്കുന്നതുകൊണ്ടാണ് തോമസിനെത്തേടി അവിടുന്ന് എത്തുന്നത്.

വീണ്ടും മറ്റൊരു സത്യം ഇവിടെ തോമസ് ധരിപ്പിക്കുന്നത് യേശുവിനെ കണ്ടു എന്ന് ശിഷ്യന്മാർ പറയുമ്പോൾ തോമസ് പറയുന്നത് യേശുവിനെ കാണണം എന്നല്ല പിന്നെയോ, "അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും ....." ക്രിസ്തു ഏറ്റ പീഡനങ്ങൾ കാണുവാനാണ് ശ്ലീഹാ ആഗ്രഹിക്കുന്നത്. കാരണം ആ പീഡനങ്ങളാണ് ക്രിസ്തു എന്ന് ശ്ലീഹാ തിരിച്ചറിയുന്നു. ഇന്ന് പീഡനങ്ങളിൽ നിന്നും ഓടിയകലുവാൻ നാമൊക്കെ തത്രപ്പെടുമ്പോൾ നാം കടന്നുപോകുന്നത് ക്രിസ്തുവിൽനിന്നുമാണെന്നുള്ള സത്യമാണ്. ആടുകൾക്കുവേണ്ടി ഏറ്റ മുറിവിൽ അജപാലകൻ സന്തോഷിക്കുമ്പോൾ ദൈവരാജ്യം സ്ഥാപിതമാകുന്നു. പാപികളായ നമുക്കുവേണ്ടി ഏറ്റ മുറിവിൽ ക്രിസ്തു സന്തോഷിച്ചപ്പോൾ നാം ദൈവമക്കളായി. ക്രിസ്തുവിനുവേണ്ടി നമ്മളേൽക്കുന്ന പീഡനങ്ങളിൽ നാം സന്തോഷിക്കുമ്പോൾ ദൈവരാജ്യം സ്ഥാപിക്കപ്പെടും. ആ നിയോഗത്തിൽനിന്നും ഓടിയകലുവാൻ നമുക്ക് സാധിക്കുകയില്ല എന്ന് നാം തിരിച്ചറിയണം.




തോമാശ്ലീഹായുടെ വിശ്വാസത്തിന്റെ ആഴം ചെന്ന് നിൽക്കുന്നത് വിശ്വാസപ്രഖ്യാപനത്തിലാണ്. "എന്റെ കർത്താവും എന്റെ ദൈവവുമേ. ഈ പ്രഖ്യാപനം ഇസ്രായേൽ ജനം പരമ്പരാഗതമായി യാഹ്‌വേയെ മാത്രം സംബോധന ചെയ്യുന്ന അഭിവാദനമാണ്. മനുഷ്യാവതാരം ചെയ്ത ഈശോ പഴയ നിയമത്തിലെ യാഹ്‌വേയ്ക്കു തുല്യനായ ദൈവമാണെന്ന സത്യം ശ്ലീഹാ പ്രഖ്യാപിക്കുന്നു. ക്രിസ്തീയ വിശ്വാസത്തിന്റെ ഏറ്റവും ആഴമേറിയ സത്യമാണിത്. ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത് എന്ന ക്രിസ്തുനാഥന്റെ ചോദ്യത്തിന് ഏറ്റവും കൃത്യമായ ഉത്തരം നല്കുന്നത് തോമാശ്ലീഹായാണ്. ഈ തിരിച്ചറിവാണ് നമുക്കും അവനോടൊപ്പം പോയി മരിക്കാം എന്നുവരെ പ്രഖ്യാപിക്കുവാൻ ശ്ലീഹായെ പ്രേരിപ്പിക്കുന്നത്. ഇത് ക്രിസ്തുവുമായുള്ള നിരന്തരസഹവാസത്തിൽ നിന്നും ലഭിക്കുന്നതാണ്.

സ്നേഹിക്കപ്പെട്ടവരെ, ഇപ്രകാരം ക്രിസ്തുവുമായുള്ള നിരന്തര സഹവാസത്തിൽ നിന്നും അവന്റെ സമാധാനം അനുഭവിക്കുവാൻ വിളിക്കപ്പെട്ടവരാണ് നാം. എന്റെ കർത്താവും എന്റെ ദൈവവുമേ എന്ന് ഏറ്റുപറഞ്ഞ് പ്രാർത്ഥിക്കുവാൻ നമ്മുടെ പിതാവായ തോമാശ്ലീഹായുടെ പാത പിന്തുടരുവാൻ നമുക്ക് പരിശ്രമിക്കാം. ദൈവം നമ്മെ ധാരാളമായി അനുഗ്രഹിക്കട്ടെ.

## ഉയിർപ്പിനുശേഷം രണ്ടാം ഞായർ
## (വി. യോഹ. 21:1 – 14)

ക്രിസ്തുശിഷ്യത്വം എന്നും ഒരു വെല്ലുവിളിയാണ്. "ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" (വി. മർക്കോ). സ്വയം പരിത്യജിച്ച്, ജീവിതയാഥാർത്ഥ്യങ്ങളെ ക്രിസ്തുവാകുന്ന പ്രകാശത്തിൽ സ്വീകരിച്ച്, ക്രിസ്തുവിന്റെ സ്നേഹത്തിന്റെ നീളവും വീതിയും ഉയരവും ആഴവും ഗ്രഹിച്ച്, അവിടുത്തെ അനുഗമിക്കുവാൻ ഓരോ ക്രിസ്തുശിഷ്യനും വിളിക്കപ്പെട്ടിരിക്കുന്നു.

മീൻപിടുത്തക്കാരായിരുന്ന സാധാരണ മനുഷ്യരെ കർത്താവ് വിളിച്ച് തന്റെ ശിഷ്യത്വത്തിലുൾച്ചേർക്കുന്നു. 3 വർഷക്കാലം യേശുവിനോടൊപ്പമുണ്ടായിരുന്ന ശിഷ്യന്മാർ യേശുവിന്റെ മരണത്തോടെ, പ്രതിസന്ധിയിലാവുന്നു. തന്റെ പീഡാനുഭവരഹസ്യങ്ങളെപ്പറ്റി യേശു അനേകം മുന്നറിയിപ്പുകൾ നൽകിയിരുന്നെങ്കിലും യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളുവാൻ അവർക്ക് കഴിയുന്നില്ല. മാനുഷികമായ പ്രതീക്ഷകൾ തകർന്നുപോയ പശ്ചാത്തലത്തിൽ ശിഷ്യത്വം ഉപേക്ഷിച്ച്, തങ്ങൾ ഉപേക്ഷിച്ചുപോയ തങ്ങളുടെ പഴയ ജോലികളിലേക്ക് തിരികെ പോകുന്നതായി വചനഭാഗത്തിൽ നാം കാണുന്നു.

ശിഷ്യത്വത്തിൽ നിന്നു മാറിനിന്നുകൊണ്ടുള്ള ഒരു പ്രവർത്തനവും ഫലദായകമല്ല. യോഹന്നാൻ 21:3-ൽ പറയുന്നു, "അവർ പോയി വള്ളത്തിൽ കയറി. എന്നാൽ ആ രാത്രിയിൽ അവർക്ക് ഒന്നും കിട്ടിയില്ല." ശിഷ്യത്വം യേശുവിനോടുകൂടി ആയിരിക്കുന്നതിനുള്ള വിളിയാണ്. "പിന്നെ അവൻ മലമുകളിലേക്ക്

കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു. തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നൽകുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു (വി. മർക്കോ. 3:13-15). താൻ മുന്തിരിച്ചെടിയും തന്റെ ശിഷ്യന്മാർ ശാഖകളുമാണെന്ന് വി. യോഹന്നാൻ 15-ാം അദ്ധ്യായത്തിൽ പഠിപ്പിക്കുന്നുണ്ട്. മുന്തിരിച്ചെടിയിൽ നിൽക്കാതെ ശാഖയ്ക്ക് സ്വയമേവ ഫലം പുറപ്പെടുവിക്കാൻ സാധിക്കാത്തതുപോലെ, എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും സാധിക്കുകയില്ല (വി. യോഹ.15:4)

തന്റെ ശിഷ്യത്വത്തിൽനിന്നു മാറിപോകുന്നവരെ അന്വേഷിച്ചു കൂട്ടിച്ചേർക്കുന്ന യേശുവിനെയും അവിടുത്തെ വചനത്തിന്റെ ശക്തിയെയും നമുക്ക് ഈ വചനഭാഗത്തിലൂടെ അനുഭവിക്കുവാൻ സാധിക്കും.

ഉഷസായപ്പോൾ യേശു കടൽക്കരയിൽ വന്നുനിന്നു. എന്നാൽ അത് യേശുവാണെന്ന് ശിഷ്യന്മാർ അറിഞ്ഞില്ല. യേശു അവരോട് ചോദിച്ചു, "കുഞ്ഞുങ്ങളെ, നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ?" ഇല്ല എന്നവർ ഉത്തരം പറഞ്ഞു.

ഉത്ഥിതനായ ക്രിസ്തു, തന്നെ ഉപേക്ഷിച്ചുപോയ ശിഷ്യന്മാരെ തേടി വരികയാണ്. രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും അവർക്ക് കിട്ടിയില്ല എന്ന കാര്യം മനസ്സിലാക്കിക്കൊണ്ട് യേശു ചോദിക്കുന്നു. "നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ?"തന്റെ മക്കളുടെ ഉള്ളായ്മകളും ഇല്ലായ്മകളും അറിയുന്നവനാണ് ദൈവം. തന്റെ ഇല്ലായ്മയിലേക്ക് കടന്നുവന്ന് തന്റെ ഇല്ലായ്മയെ ഉള്ളായ്മയാക്കിയ യേശുവിന്റെ സ്നേഹത്തിനു മുമ്പിൽ, കരുതലിന്റെ മുമ്പിൽ പത്രോസ് താൻ പാപിയാണ്, തന്നിൽനിന്ന് അകന്നുപോകണമേ എന്ന് അപേക്ഷിക്കുകയാണ്.

അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേ ഹിച്ച (വി. യോഹ. 3:16) പിതാവിന്റെ സ്നേഹമാണ് യേശുവിലൂടെ നാം കാണുന്നത്. തന്റെ പ്രിയപ്പെട്ടവർ തന്നെ ഉപേക്ഷിച്ചു പോയാലും അവരെ ഉപേക്ഷിക്കുവാൻ ദൈവം തയ്യാറല്ല. മനുഷ്യൻ അവിശ്വസ്തത കാണിച്ചാലും ദൈവം എപ്പോഴും വിശ്വസ്തൻ ആണ്. ദൈവം നൽകിയ ശിഷ്യ ത്വം എന്ന ദാനം ഉപേക്ഷിച്ച്, ദൈവവുമായുള്ള കൂട്ടായ്മയിൽ നിന്നു മാറി തനിയെ അദ്ധ്വാനിച്ചതിന്റെ ഫലമായി ഒരു ഫലവും ലഭിക്കാതെ നിരാശരായ ശിഷ്യരുടെ ഇല്ലായ്മയിലേക്കിറങ്ങിവന്ന ഹൃദയാർദ്രസ്നേഹമാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്.


വി. യോഹന്നാൻ 21:6-ൽ പറയുന്നു, "അവൻ പറഞ്ഞു, വള്ളത്തിന്റെ വലത്തുവശത്ത് വലയിടുക. അപ്പോൾ നിങ്ങൾക്ക് കിട്ടും." ഇവിടെ ദൈവവചനത്തിന്റെ ശക്തിയാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. വി. പൗലോസ് ഹെബ്രായ്ക്കെഴുതിയ ലേഖനം 4:12-ൽ പറയുന്നു, "ദൈവത്തിന്റെ വചനം സജീവവും ഊർജസ്വലവുമാണ്. ഇരുതലവാളിനേക്കാൾ മൂർച്ചയേറിയതും ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിൽ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്. വി. യോഹ. 2:5-ൽ പരി. കന്യകമറിയം പറയുന്നു, "അവൻ പറയുന്നതുപോലെ ചെയ്യുവിൻ." വി. യോഹ. 4:49-51-ൽ രാജസേവകന്റെ പുത്രനെ യേശു "നിന്റെ മകൻ ജീവിക്കും" എന്ന വചനത്തിലൂടെ സൗഖ്യപ്പെടുത്തുന്നു. ഈ വചനഭാഗങ്ങളിൽ ദൈവവചനത്തിന്റെ അത്ഭുതകരമായ ശക്തിയാണ് നമുക്ക് കാണുവാൻ കഴിയുന്നത്.

യേശു പറയുന്നതനുസരിച്ച് വലയിറക്കുമ്പോൾ നടന്ന അത്ഭുതകരമായ മീൻപിടുത്തം കണ്ടയുടനെ യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ വിളിച്ചുപറഞ്ഞു. "അത് കർത്താവ് ആണ്". ഇത് ഒരു തിരിച്ചറിവാണ്. യേശുവിന്റെ അത്ഭുതങ്ങൾ കണ്ടതുകൊണ്ടോ അതിന്റെ ഫലം അനുഭവിച്ചതുകൊണ്ടോ ഈ തിരിച്ചറിവുണ്ടാകണമെന്നില്ല. എനിക്ക് ജീവനും ജീവിതവും നൽകിയ ദൈവത്തോട് എനിക്കുള്ള ഹൃദയബന്ധമാണ് ജീവിതത്തിന്റെ നിർണ്ണായക നിമിഷങ്ങളിൽ ജീവിതത്തിൽ സംഭവിക്കുന്ന ദൈവിക ഇടപെടലുകളെ തിരിച്ചറിയുവാൻ എന്നെ പ്രാപ്തനാക്കുന്നത്. യോഹന്നാൻ യേശുവിനോട് പുലർത്തിയ നിഷ്കളങ്കമായ ഹൃദയബന്ധം നമുക്കും ആർജിച്ചെടുക്കുവാൻ സാധിക്കണം.

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**തോപ്പിൽ കളത്തിൽ, നെല്ലാട്**



## യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ലിജോ മിലൻ**

"അത് കർത്താവാണെന്നു കേട്ടപ്പോൾ ശിമയോൻ പത്രോസ്" താൻ നഗ്നനായിരുന്നതുകൊണ്ട് പുറങ്കുപ്പായം എടുത്തുധരിച്ച് കടലിലേക്ക് ചാടി. എന്നാൽ മറ്റു ശിഷ്യന്മാർ മീൻനിറഞ്ഞ വലയും വലിച്ചുകൊണ്ട് വള്ളത്തിൽതന്നെ വന്നു" (വി.യോഹ. 21:78).


അത്ഭുതകരമായ ഈ മീൻപിടുത്തത്തോട് ബന്ധപ്പെടുത്തിയാണ് പത്രോസിന് മനുഷ്യരെ പിടിക്കുന്ന ദൗത്യം ഭരമേല്പിക്കപ്പെടുന്നത്. യേശു ശിമയോനോട് പറഞ്ഞു, "നീ ഇപ്പോൾ മുതൽ മനുഷ്യരെ പിടിക്കുന്നവനാകും" (വി. ലൂക്കാ 5:10). ഉത്ഥിതനായ ക്രിസ്തുവിനെ തിരിച്ചറിഞ്ഞപ്പോൾ പത്രോസ് യേശുവിന്റെ അടുക്കലേക്ക് വരുന്നു. മറ്റു ശിഷ്യന്മാർ മീൻനിറഞ്ഞ വലയും വലിച്ചുകൊണ്ട് വള്ളത്തിൽ കർത്താവിന്റെ അടുത്തേക്ക് വരുന്നു. മീൻ നിറഞ്ഞ വല സഭയുടെ പ്രതീകമാണ്. മീൻനിറഞ്ഞ വല കരയിലേക്ക് വലിച്ചുകയറ്റുന്നത് പത്രോസാണ്. ഉടൻ ശിമയോൻ പത്രോസ് വള്ളത്തിൽ കയറി വലിയ മത്സ്യങ്ങൾ നിറഞ്ഞ വല വലിച്ചു കരയ്ക്കു കയറ്റി. അതിൽ നൂറ്റിയമ്പത്തിമൂന്ന് മത്സ്യങ്ങൾ ഉണ്ടായിരുന്നു. ഇത്രയധികം ഉണ്ടായിരുന്നിട്ടും വല കീറിയില്ല (വി. യോഹ. 21:11). വലയിലുണ്ടായിരുന്ന 153 മത്സ്യങ്ങൾ ലോകത്തുള്ള സകല ജനപദങ്ങളെയും പ്രതിനിധീകരിക്കുന്നു. 'വല കീറിയില്ല' എന്ന പ്രസ്താവന സഭയുടെ ഐക്യത്തെ സൂചിപ്പിക്കുന്നു.

യേശുവിന് മനുഷ്യനോടുള്ള സ്നേഹം വെളിപ്പെടുത്തുന്നതാണ് അവിടുത്തെ രക്ഷാകര രഹസ്യങ്ങൾ. അവിടുത്തെ പീഡാനുഭവ, മരണ, ഉത്ഥാന രഹസ്യങ്ങൾ, രക്ഷാകരസ്നേഹത്തിന്റെ ഏറ്റവും പൂർണമായ വെളിപ്പെടുത്തലാണിത്. "ഞാൻ ഭൂമിയിൽനിന്ന് ഉയിർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്ക് ആകർഷിക്കും" (വി. യോഹ. 12:32) എന്ന യേശുവിന്റെ വചനം ഇവിടെ അന്വർത്ഥമാവുകയാണ്.

യേശു പറഞ്ഞു, "വന്ന് പ്രാതൽ കഴിക്കുവിൻ". ശിഷ്യരിലാരും അവനോട് നീ ആരാണ് എന്ന് ചോദിക്കുവാൻ മുതിർന്നില്ല. അത് കർത്താവാണെന്ന് അവർ അറിഞ്ഞിരുന്നു. യേശു വന്ന് അപ്പമെടുത്ത് അവർക്കു കൊടുത്തു. അതുപോലെ തന്നെ മത്സ്യവും. (വി. യോഹ. 21:12-13). ഈ വചനഭാഗം വി. കുർബാനയുമായി ബന്ധപ്പെട്ടിരിക്കുന്നു. യേശുവിനോടൊപ്പം യേശുവിൽ ആയിത്തീരുകയാണ്. നഷ്ടപ്പെടുത്തിക്കളയുവാനാഗ്രഹിച്ച ശിഷ്യത്വം ഇവിടെ പുനരുദ്ധരിക്കപ്പെടുകയാണ്. സജീവമായി യേശുവിന് സാക്ഷ്യം വഹിക്കുവാനുള്ള ഊർജ്ജം ഈ അനുഭവത്തിലൂടെ ശിഷ്യന്മാർ സ്വന്തമാക്കുകയാണ്.

പിമ്പിലുള്ളവയെ വിസ്മരിച്ച് മുമ്പിലുള്ളതിനെ ലക്ഷ്യമാക്കിയുള്ള ഒരു പുറപ്പാടാണ് ശിഷ്യത്വം. ദൈവത്തോടുകൂടി ദൈവത്തിൽ ആയിത്തീരുന്ന അവസ്ഥ. സുരക്ഷിതത്വത്തിന്റെ ജീവിതത്തിൽനിന്നും യേശുവുമായുള്ള സഖിത്വം നൽകുന്ന പൂർണ്ണസുരക്ഷിതത്വത്തിന്റെ ജീവിതത്തിലേക്ക്, കണക്കുകൂട്ടലുകളുടെ ജീവിതത്തിൽനിന്ന് നിത്യതയുടെ ജീവിതത്തിലേക്ക്, ക്ഷണഭംഗുരങ്ങളുടെ മേഖലയിൽനിന്ന് അനന്തമായ സാദ്ധ്യതകളുള്ള മേഖലകളിലേക്ക് ശിഷ്യത്വത്തിലൂടെ നമുക്ക് സഞ്ചരിക്കാം. സ്വർഗീയ ജറുസലേമിനെ ലക്ഷ്യമാക്കിയുള്ള സഭയുടെ തീർത്ഥാടന യാത്രയിൽ ത്യാഗത്തിലൂടെ, കുരിശിലൂടെ, വിശുദ്ധിയിലൂടെ, സ്നേഹത്തിലൂടെ നമുക്കും പങ്കുചേരാം.

***ഫാ. ജോസഫ് കരിപ്പായിൽ***



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ജീസൻ ജോൺ, തിരുമൂലപുരം**


## മാട്രിമോണിയൽ

M-220

മലങ്കര കത്തോലിക്കാ യുവാവ് (28/170) കേരള ഗ്രാമീൺ ബാങ്ക് മാനേജർ. അനുയോജ്യമായ വിവാഹ ആലോചനകൾ ക്ഷണിക്കുന്നു. ബാങ്ക് ഉദ്യോഗസ്ഥക്ക് മുൻഗണന.

9744521399, 9605020503





**ഉപകാരസ്മരണ**

**ഒരു വിശ്വാസി, കല്ലിശ്ശേരി**


**ഉദ്ദിഷ്ടകാര്യത്തിന് ഉപകാര സ്മരണ**






**ഒരു വിശ്വാസി**

**ഉദ്ദിഷ്ടകാര്യത്തിന് ഉപകാര സ്മരണ**


**ഒരു വിശ്വാസി, കല്ലിശ്ശേരി**




## CATHOLIC MOBILE APPLICATIONS

ഇത് വായിക്കുന്ന താങ്കളുടെ കൈയിൽ ഒരു സ്മാർട്ട് ഫോൺ കാണാൻ സാധ്യതയുണ്ട്. ആയിരക്കണക്കിന് കാത്തോലിക്ക് ആപ്ലിക്കേഷനുകൾ ഇന്ന് ലഭ്യമാണ്. ഇതിൽ പ്രധാനപ്പെട്ട 5 ആപ്ലിക്കേഷനുകളെ പരിചയപ്പടുത്താം. ഇത് നിങ്ങളുടെ വളർച്ചയ്ക്കും വിശ്വാസജീവിതത്തിനും മുതൽക്കൂട്ടാകട്ടെയെന്ന് ആശംസിക്കുന്നു.




മിക്കവാറും എല്ലാ ആൾക്കാർക്കും അറിയാം പോപ്പിന് Twitter Account ഉണ്ട് എന്ന്. എന്നാൽ പോപ്പിന് ഒരു ആപ്ലിക്കേഷൻ ഉണ്ട് എന്ന് നിങ്ങൾ ക്ക് അറിയുമോ? പോപ്പിനെപ്പറ്റി സകല വിവരങ്ങളും ഈ ആപ്ലിക്കേഷനിൽ ഉണ്ട്. ന്യൂസ് വി.എ. ആണ് പോപ്പിന്റെ വിവരങ്ങൾ അപ്പ്ഡേറ്റ് ചെയ്യുന്നത്. പൊന്തിഫിക്കൽ കൗൺസിൽ ഫോർ സോഷ്യൽ കമ്മ്യൂണിക്കേഷനാണ് ഇത് നിയന്ത്രിക്കുന്നത്. നിങ്ങൾ പോപ്പിനെ ഇഷ്ടപ്പെടുന്ന ആളാണെങ്കിൽ ഈ ആപ്ലിക്കേഷനും നിങ്ങൾ ഇഷ്ടപ്പെടും. പേപ്പൽ ഇവെന്റിന്റെ ഫോട്ടോസും വീഡിയോസും, പ്രസംഗങ്ങൾ, വിവിധ പരിപാടികളുടെ അപ്പ്ഡേഷൻ, ലൈവ് വീഡിയോ എന്നിവയും ഇവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വത്തിക്കാനിൽ നടക്കുന്ന പ്രധാനപ്പെട്ട സംഭവങ്ങളുടെ എല്ലാം പ്രവർത്തനങ്ങൾ ഇതിലൂടെ ലഭ്യമാണ്.




നിങ്ങളെ നല്ലൊരു കുമ്പസാരം നടത്താൻ സഹായിക്കുന്നു. നല്ല ആത്മപരിശോധന നടത്താനും അതിലുപരി Confession FAQ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിങ്ങൾക്ക് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനായില്ലെങ്കിൽ, ചോദ്യങ്ങൾ ഇ-മെയിൽ എഴുതി ചോദിക്കാനും സൗകര്യമുണ്ട്. കുമ്പസാരത്തിന് മുൻപായി പാപങ്ങൾ കണ്ടുപിടിക്കാനും പാപങ്ങളുടെ വിശകലനവും ഇതിൽ സ്വന്തമായി നമ്മേ നയിച്ച് നല്ല കുമ്പസാരത്തിന് ഒരുക്കുന്നു. Mea Culpaസൗജന്യമായി IOS ൽ മാത്രമേ ലഭ്യമായൊള്ളു.

ബൈബിൾ ഇന്ന് പലരുടെയും നിത്യജീവിതത്തിന്റെ ഭാഗമായിട്ടുണ്ട്. ബൈബിൾ പാരായണം കൂടുതൽ എളുപ്പത്തിലാക്കാൻ അത് ഇലക്ട്രോണിക്കായി ഇന്ന് അവതരിപ്പിച്ചിരിക്കുകയാണ്. POC എന്ന ആപ്പി




ലൂടെ. ഇതിൽ അനായാസമായി ബൈബിൾ ഭാഗങ്ങൾ എടുക്കാനും വായിക്കാനും നമുക്ക് എളുപ്പമാണ്. പദങ്ങളുടെ അന്വേഷണത്തിലൂടെ വാക്യങ്ങൾ എളുപ്പത്തിൽ കണ്ടുപിടിക്കാനും ഇതിലൂടെ കഴിയുന്നു. മലയാളത്തിലുള്ള ഈ ആപ്പ് ജോലിസ്ഥലത്തിലും നിത്യജീവിതത്തിലും ഏറ്റവും പ്രയോജനമുള്ള ഒന്നാണ്. POC Bible ആയും വായിക്കാൻ പറ്റും.




വായിക്കാൻ ബുദ്ധിമുട്ടുള്ളവർക്ക് ഏറ്റവും ഉപകാരപ്രദമാണ് POC Audio Bible .ബൈബിൾ ഭാഗങ്ങൾ എല്ലാം തന്നെ Audio രൂപത്തിൽ ഇനി ലഭ്യമാണ്. ഈ ആപ്പ് ഇന്റർനെറ്റ് മൊബൈലിൽ ഉണ്ടെങ്കിൽ മാത്രമേ പ്രവർത്തിക്കുകയുള്ളു. KCBC ആണ് ഇത് ഒരുക്കിയിരിക്കുന്നത്.



ലൗദാത്തേ എന്ന ഈ ആപ്ലിക്കേഷനിൽ കാത്തലിക്ക് ലിറ്റർജിയിലെ എല്ലാ പ്രമുഖ പുസ്തകങ്ങളും അടങ്ങിയിരിക്കുന്ന ഒരു സമ്പൂർണ്ണ ആപ്ലിക്കേഷനാണ്. ബൈബിൾ, വത്തിക്കാൻ രേഖകൾ, കുരിശിന്റെ വഴി, ജപമാല, കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം എന്നിവ ഈ ആപ്ലിക്കേഷനിൽ ഉൾപ്പെടുന്നു. കത്തോലിക്കാ വിശ്വാസികൾക്ക് നല്ലൊരു റഫറൻസ് ആപ്ലിക്കേഷനാണ് ലൗദാത്തേ.

## നന്ദി



**ഐക്യദീപം മാസികയിൽ ചീഫ് എഡിറ്ററായി സേവനം അനുഷ്ഠിച്ച റവ. ഫാ. വർഗ്ഗീസ് ചാമക്കാലയ്ക്ക് നന്ദി**

സൈബർവേദം



"If you don't read the newspaper, you're uninformed. If you read the newspaper, you are misinformed."
- Mark Twain

## മംഗളം ഭവതു:

"The media is the most powerful entity on earth. They have the power to make the innocent guilty and to make the guilty innocent, and that's power. Because they control the minds of the masses." (Malcom x)

അതിവേഗത്തിൽ വളരുന്ന മാധ്യമലോകം, വിശാല വിപണി, വാർത്തകൾ, ഹണി ട്രാപ്പ് ഇങ്ങനെ കുറെ വാക്കുകൾ ചേർത്തു വച്ചാൽ അർത്ഥം വ്യക്തമാണ്. യു.എസ് പ്രസിഡൻഷ്യൽ ഇലക്ഷനിൽ, ഇന്ത്യൻ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ, 'മുല്ലപ്പൂ വിപ്ലവ'ത്തിൽ എല്ലായിടത്തും സാമൂഹ്യ മാധ്യമങ്ങളുടെ നിർണ്ണായക സ്വാധീനം ഉറപ്പിച്ചതാണ്. ഒരായിരം നന്മകൾ ഒരുവശത്ത്, ലാഭത്തിന്റെ ചതിക്കുഴികൾ മറുവശത്ത്. ഏറ്റവും സംസ്കാരശൂന്യമായ ഒരു ചാനൽ അവതരണത്തിന് മലയാളികൾ സാക്ഷ്യം വഹിച്ചു കഴിഞ്ഞു.

എത്രയെത്ര സൗജന്യ ട്യൂട്ടോറിയലുകൾ, പാഠങ്ങൾ, കാഴ്ചകൾ ഇവ നല്കുന്ന ഇന്റർനെറ്റ് സൈറ്റുകൾ, ചാനലുകൾ ഇന്ന് ലഭ്യമാണ്. @ potifex നു എത്രകോടി ആരാധകർ, ഓരോ ദിവസവും 4000 പേർ പുതുതായി ഫ്രാൻസിസ് പാപ്പയുടെ Twitter followers ആകുന്നു. ആദ്യ പേപ്പൽ Selfie ഉണ്ടായതും ഫ്രാൻസിസ് പാപ്പയിൽ നിന്ന്. സിറിയൻ പ്രശ്നത്തിലെ പാപ്പയുടെ ഇടപെടൽ ലോകം മുഴുവൻ ഏറ്റെടുത്തതാണ്. എന്താണ് പോസ്റ്റീവ് മാധ്യമ പ്രവർത്തനം? ഈ ചോദ്യം ഇന്നു പ്രസക്തമാക്കുന്നതിന് ഒരു മോഡൽ ചോദിച്ചാൽ ഈ പരമോന്നത ആത്മീയാചാര്യന്റെ പേരു പറയേണ്ടതായി വരും. അത് അദ്ദേഹം മാധ്യമസ്ഥാപനം നടത്തുന്നതുകൊണ്ടല്ല. എല്ലാത്തരം മാധ്യമ രൂപങ്ങളിലും സജീവമായി മൂല്യബോധം നിറയ്ക്കുന്നതിന് അദ്ദേഹത്തിന് കഴിയുന്നു.

പുത്തൻ കാലത്തെ ശീലങ്ങളിൽ പ്രധാനം Like, Share ഇവയാണ്. ആരുടെയൊക്കെയോ നിറം പിടിപ്പിച്ച കഥകൾക്ക് Like, Share നല്കുന്നതാണ് സജീവമായ മാധ്യമ ഇടപെടൽ എന്നു കരുതുന്നു അനേകം പേർ. You are what you share (Charles Leadfeater). കടമെടുത്ത മറ്റൊരു വാക്യം കൂടി "Life is like Facebook. People will like your problems and comment, but no one will solve them because everyone is busy updating theirs."




ശുചിയായ പാചകം.... രുചിയേറും ഭക്ഷണം... മാന്യമായ സൽക്കാരം....
V&B
CATERING
VENNIKULAM
Reny Kizhakkeparambil
Mob: 9447191333, 9562315990
Catering
Great variety. Superior quality.
Ultimate convenience

Date of Publication: 28-3-2017
Price ₹ 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala.
Ph: 0469-2600626. Fax: 0469-2600822

**R.N.I. 35982/80**
**April 2017**


# Darsana Academy
Managed by CMI Fathers
Envisions your future best



## Admission started for

| CA | CMA | CS |
|---|---|---|
| CPT, IPCC, Final | Foundation, Inter, Final | Foundation, Executive, Professional |

- Expert Faculty Team
- Exclusively Exam Oriented Study Program
- With B.Com
- Hostel Facility for boys and girls

COACHING CENTERS IN KOTTAYAM AND KATTAPPANA

Darsana Academy
Sastri Road, Kottayam-686 001
Mob: 9544003335

Darsana Academy
Kattappana P.O., Idukki 685 508
Mob:9544002225

CPT (June 2017)
Last date of Reg: - March 31
CPT crash starts on April 8

CPT (December 2017)
Last date of Reg: - August 30
CPT Regular (6 months) - August 1

IPCC (November 2017)
Crash - 3 moths course
starts in August

IPCC (May 2018)
Regular batch - 9 month course
starts in August

# DARSANA TOURS & TRAVELS
Managed by CMI Fathers

*Enjoy Your Summer Holidays with Darsana...*





HYDERABAD (TRAIN / FLIGHT)
3N/4D

DELHI - AGRA - JAIPUR
5N/6D

SHIMLA - KULU - MANALI
7N/8D

വിമാനയാത്ര | സ്റ്റാർ ഹോട്ടലുകളിൽ താമസം | ഭക്ഷണം | A/C ബസിൽ സൈറ്റ് സീയിംഗ് | മലയാളി ടൂർ എസ്കോർട്ട്

OTHER SERVICES

AIR TICKETS, RAIL TICKETS, BUS TICKETS
HOLIDAY PACKAGES
PASSPORT SERVICES, VISA SERVICES
ATTESTATIONS, TRAVEL INSURANCES
We offers all types of travel arrangements including
A/C or NON A/C BUSES, CARS, TRAVELERS

Darsana Cultural Centre Sastri Road, Kottayam - 686001
Ph: +91 0481 - 2300124
Mob: +91 8304083179
Email: info@darsanatravels.com
www.darsanatravels.com


*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Rev. Dr. Abraham Irimbanikal*